

THE BAHRAIN KERALEEYA SAMAJAM
P.O. Box. 757 | Manama | Kingdom of Baharain | Tel : 17 251 878
Webste : www.bahrainkeraleeyasamajam.com
Reg.No. Y18/n/T.A.J.R. (BKS/GS/KJ/JKM/5/2015 | STBK 417 , Permit No. 2015/

Send money in minutes to your loved ones back home

/BFCBahrain
/BFCBahrain

Care. Trust. Efficiency.
Tel: 17228888 | bfc.com.bh

EzRemit
Money Transfer

BFC

Open yourself @ your doctor

Our Departments

- Internal Medicine
- General Surgery
- E.N.T.
- Dermatology
- Ophthalmology
- Orthopedics
- Gynecology
- Pediatrics
- General Practitioners
- Orthodontics
- Dental
- Ultra sound
- Physiotherapy
- 24 Hours X-Ray
- 24 Hours Laboratory

Services & Health Checkup Packages

- Insurance & Corporate Services
- Pre-Employment Checkup
- Pre-Marital Checkup
- 24 Hours Emergency Clinic
- 24 Hours Emergency Pharmacy
- Master Health Checkup
- Executive Health Checkup
- Diabetic Health Checkup
- Senior Citizen's Health Checkup
- Maternity Health Checkup

24 hours Clinic Service & Pharmacy ♦ Car Parking Available

مركز شفاء الجزيرة الطبي
SHIFA AL JAZEERA MEDICAL CENTRE
The house of total care
مركز للرعاية كاملة

MANAMA | KINGDOM OF BAHRAIN | Tel. 17288000 | Fax: 17280404

info@shifaaljazeera.com | www.shifaaljazeera.com | www.facebook.com/ShifaAlJazeeraBahrain

ഉള്ളടക്കം

12 വയലറ്റിനുള്ള കവിത
കുഴൂർ വിത്സൺ

14 കുടുംബം ലേഖനം
പ്രൊ. എസ്. ശാരദക്കുട്ടി

24 അജ്ഞാതമാകുന്ന ലേഖനം
റോസ്‌ലി ജോയ്

30 യാത്രികന്റെ കവിത
സിന്ധു കെ.വി.

31 വിവാദമാകുന്ന വിജയ ശതമാനം ലേഖനം
രാജൻ ചെറുകാട്

36 സുഗന്ധിയുടെ വായനാ മുറി
ജയകൃഷ്ണൻ. കെ. നായർ

40 ലോക സാഹിത്യ ജാലകം
ഒളിപ്പിച്ചുവച്ച
സുധീശ് രാഘവൻ

44 കവിത
മരിച്ചയാളിനുള്ള
ഫിറോസ്, തിരുവത്ര

സുഭാഷിതങ്ങൾ
ഇല്ലാത്ത തോടിനു പാലം
കെ.കെ. യതീന്ദ്രൻ

48 നെസ്ററാൾജിയ
വിൽസ് ആന്റ് ബൂൺസുകളുടെ
സ്മിത ആദർശ്

48 ലേഖനം
ബാലവേല കൊണ്ട് നഷ്ടപ്പെടുന്ന
അഡ്വ. ജോയ് വെട്ടിയാൻ



ജാലകം
വാർത്താ മാസിക

Editorial Board

Editor
Sreedevi M. Menon

Sub Editors
Muraleedharan Thampan
Binoj Mathew

Board Members
Rajagopal
Preethi Nambiar
Heera Joseph
Minesh Ramanunni
Unnikrishnan Nair
Dharmaraj P.M.

Cordination
Vipin P.M.

Cover Photo
Preethi Nambiar

Photos
B.K.S. Photography Club

Design & Layout Concept
Binu Charutha - Bahrain

Type Setting
Sabubin Habeeb

Creative Support
Firoz Thiruvathra

Printed and published by: V.K. Pavithran
General secretary of Bahrain Keraleeya Samajam
on behalf of the executive committee for the year 2015 - 2016
For private circulation among B.K.S. Members only

Value line
Traders W.L.L

Suite 118 , Building 322 , Road 1910 Manama
Ph 00973 17292028, Fax 00973 17295337
Mail: sales@valuelinetraders.com

ബഹ്റൈൻ കേരളീയ സമാജം
THE BAHRAIN KERALEEYA SAMAJAM

2015–2016 ലേയ്ക്കുള്ള ഭരണ സമിതി അംഗങ്ങൾ

പ്രിയ സമാജം കുടുംബാംഗങ്ങളേ,

ബഹ്റൈൻ കേരളീയ സമാജത്തിന്റെ ഈ പ്രവർത്തന വർഷത്തേയ്ക്കുള്ള ഭരണസമിതിയെ ഐകകണ്ഠേന തിരഞ്ഞെടുത്ത എല്ലാവരോടും നന്ദി അറിയിക്കട്ടേ. ബഹ്റൈനിലെ പ്രവാസി മലയാളികളുടെ ഏറ്റവും വലിയ സാംസ്ക്കാരിക കേന്ദ്രമായ സമാജത്തിന്റെ പ്രവർത്തനങ്ങൾ മികച്ച രീതിയിൽ മുന്നോട്ടു കൊണ്ടു പോകുന്നതിനുള്ള എല്ലാ പരിശ്രമങ്ങളും ഈ ഭരണ സമിതിയുടെ പേരിൽ ഞങ്ങൾ ഉറപ്പു തരുന്നു.

പ്രകൃതി ദുരന്തത്താൽ തകർന്ന നേപ്പാളിനു സാന്ത്വന സ്പർശമാകുന്ന പ്രവർത്തനത്തിനു നേതൃത്വം വഹിക്കാൻ സമാജത്തിനു കഴിഞ്ഞു. ബഹ്റൈൻ റോയൽ ചാരിറ്റി ഓർഗനൈസേഷന്റെ നേതൃത്വത്തിൽ സമാഹരിച്ച ദുരിതാശ്വാസനിധിയിലേക്ക് രണ്ടായിരത്തിത്തൊള്ളായിരം ദിനാറോളം സുമനസുകളുടെ സഹായത്തോടെ സംഭാവന ചെയ്യാൻ സമാജത്തിനു കഴിഞ്ഞു. ബഹ്റൈനിലെ ഔദ്യോഗിക കാലാവധി പൂർത്തിയായതിനെ തുടർന്ന് ബഹ്റൈനിൽ നിന്നും യാത്രയായ ഇന്ത്യൻ അംബാസിഡർ ഡോ. മോഹൻകുമാറിനു ഇന്ത്യൻ സമൂഹത്തിന്റെ നേതൃത്വത്തിൽ ഏർപ്പെടുത്തിയ യാത്രയയപ്പ് ചടങ്ങിനും ചുക്കാൻ പിടിച്ചത് സമാജമായിരുന്നു.

സമാജം നടത്തിയ മെയ്ദിന ആഘോഷം ബഹ്റൈനിലെ ഇന്ത്യൻ സമൂഹത്തിന്റെ സജീവമായ പങ്കാളിത്തം കൊണ്ട് ശ്രദ്ധേയമായി.

കേരളത്തിനു പുറത്തു കുട്ടികളുടെ മലയാളഭാഷ പഠനത്തിനും പ്രചാരണത്തിനുമായി നടക്കുന്ന ഏറ്റവും വലിയ പഠനപ്രവർത്തനമായ സമാജം മലയാളം പാഠശാലയുടെ പുതിയ അധ്യയന വർഷത്തിൽ തൊള്ളായിരത്തിലധികം കുട്ടികളാണ് പഠനം നടത്തുന്നത്. സമാജത്തിലെ മറ്റെല്ലാ ഉപവിഭാഗങ്ങളും നിരവധി പരിപാടികൾ ആസൂത്രണം ചെയ്തുവരുന്നുണ്ട്.

പതിനഞ്ച് വർഷമായി സമാജത്തിന്റെ ജിഹ്വയായി പ്രവർത്തിക്കുന്ന ജാലകത്തിന്റെ പുതിയ ലക്കം വൈവിധ്യമാർന്ന നിരവധി വിഭവങ്ങളുമായാണു എത്തുന്നതു. ഈ മികവ് വരും ലക്കങ്ങളിലും നില നിർത്താൻ ജാലകം ടീമിനു കഴിയുമെന്നുറപ്പുണ്ട്. ജാലകം ടീമിനെ അഭിനന്ദിക്കുന്നതോടൊപ്പം സമാജം ഭരണ സമിതിയുടെ വരും ദിവസങ്ങളിലെ പ്രവർത്തനങ്ങൾക്ക് ഓരോരുത്തരുടേയും പിന്തുണയും സാന്നിധ്യവും അഭ്യർഥിക്കുന്നു.

സ്നേഹാദരങ്ങളോടെ,
വർഗീസ് കാരക്കൽ
പ്രസിഡന്റ

പ്രിയരെ,

പവിഴ ദ്വീപിലെ ലക്ഷക്കണക്കിനു മലയാളികളുടെ എറ്റവും വലിയ സാംസ്കാരിക കേന്ദ്രം എന്ന നിലയിൽ പ്രവാസികളുടെ കലാ സാംസ്കാരിക അഭിരുചികൾ കണ്ടെത്തി പ്രോത്സാഹിപ്പിക്കാൻ സമാജം ഒരുക്കുന്ന അവസരങ്ങൾ നിരവധിയാണ്. കുഞ്ഞു പ്രതിഭകളെ കണ്ടെത്താനുള്ള ബാലകലോത്സവം മുതൽ മുതിർന്നവർക്കായി നടത്തുന്ന കേരളോത്സവം വരെയുള്ള പരിപാടികൾ ഇതിനുദാഹരണമാണ്. സാഹിത്യ, ചലചിത്ര, നാടക, കായിക ക്യാമ്പുകളും മത്സരങ്ങളും വഴി സൃഷ്ടിക്കപ്പെടുന്ന അവസരങ്ങൾ മുതിർന്നവർക്കും കുട്ടികൾക്കും തങ്ങളുടെ കഴിവുകൾ പരിപോഷിപ്പിക്കാനുള്ള വേദികളാണ്. ബഹ്റൈൻ വേനൽ ചൂടിന്റെ കാഠിന്യത്തിലേക്കു നീങ്ങുമ്പോഴും സമാജത്തിലെ ദിനരാത്രങ്ങൾ സജീവമാണ്.

പുതിയ ഭരണസമിതി സ്ഥാനമേറ്റെടുത്തിനു ശേഷം നാം മേയ് ദിനം,നാദബ്രഹ്മം മ്യൂസിക് ക്ലബ് ഉദ്ഘാടനം, കലാവിഭാഗം ഉദ്ഘാടനം എന്നീ പരിപാടികൾ വിപുലമായ രീതിയിൽ നടത്തുകയുണ്ടായി. മലയാളം പാഠശാലയുടെ പ്രവർത്തനം വിപുലപ്പെടുത്തുകയും മലയാളം മിഷൻ പാഠ്യപദ്ധതി അനുസരിച്ചു ക്ലാസുകൾ തുടർന്നു കൊണ്ടു പോകുകയും ചെയ്തുകൊണ്ടിരിക്കുന്നു. തൊള്ളായിരത്തിലധികം വിദ്യാർത്ഥികളാണ് ഇന്നു മാതൃഭാഷാ പഠനത്തിനായി സമാജത്തിൽ എത്തുന്നത് നോർക്ക ഹെൽപ് ഡെസ്ക്, ചാരിറ്റി കമ്മറ്റി എന്നിവയും സജീവമായി പ്രവർത്തിക്കുന്നുണ്ട്. ഓണം, റംസാൻ, സമ്മർ ക്യാമ്പ് , സാഹിത്യോത്സവങ്ങൾ, അന്താരാഷ്ട്ര ടൂർണമെൻറുകൾ അങ്ങനെ നിരവധി പരിപാടികളാണു ഒരുങ്ങുന്നത്'.

സമാജം അംഗങ്ങളുടേയും അഭ്യുദയകാംക്ഷികളുടേയും പിന്തുണയും സഹായ സഹകരണങ്ങളും ഈ പദ്ധതികളെ യാഥാർഥ്യമാക്കുന്നതിൽ ഞങ്ങൾക്കൊപ്പമുണ്ടാവും ഞങ്ങൾക്കുറപ്പുണ്ട്. സമാജത്തിന്റെ പ്രവർത്തങ്ങളിൽ നിങ്ങൾ നൽകുന്ന നിസ്സീമമായ സഹകരണങ്ങൾക്കു നന്ദി രേഖപ്പെടുത്തിക്കൊണ്ട് തുടർന്നും നിങ്ങളുടെ പിന്തുണയും സഹകരണവും കാംക്ഷിച്ചുകൊണ്ട്,

സസ്നേഹം
വി കെ പവിത്രൻ
ജനറൽ സെക്രട്ടറി

പ്രിയ സമാജം അംഗങ്ങളെ, സുഹൃത്തുക്കളെ,

സമാജം സാഹിത്യ വിഭാഗം സെക്രട്ടറിയായി എന്നെ തെരഞ്ഞെടുത്തതിൽ ആദ്യമായി എന്റെ കൃതജ്ഞത രേഖപ്പെടുത്തുന്നു.

സാംസ്കാരിക പ്രവർത്തനമെന്നാൽ സാമൂഹിക ഉച്ചനീചത്വത്തെയും, അധഃമബോധത്തെയും സംസ്കരിച്ച് നിലവിലുള്ളതിനേക്കാൾ മെച്ചപ്പെട്ട ചിന്താധാരയിലേക്കുള്ള മാറ്റത്തിനായുള്ള പ്രവർത്തനമാണ്. അതിന് ഏറ്റവും ആവശ്യമായത് ആശയങ്ങളുടെ സംവേദനമാണ്. അത് ഭാഷയിലൂടെയാണ് സാദ്ധ്യമാവുന്നത്. ആ ഭാഷാ പ്രയോഗത്തിൽ ഏറ്റവും ശ്രേഷ്ഠമായത് മാതൃഭാഷയാണ്. അത് വികാരത്തിന്റെ, സ്നേഹത്തിന്റെ സാന്ത്വനത്തിന്റെ സ്വരമാണ്.

"സംബന്ധമാഭാഷണ പൂർവ്വമാഹു" എന്ന് കാളിദാസൻ രഘുവംശത്തിൽ സൂചിപ്പിച്ചതു പോലെ ബന്ധങ്ങൾ ഉടലെടുക്കുന്നത് ഭാഷയിലൂടെയാണ്. സാഹിത്യവിഭാഗം അതിന്റെ പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടുപോകാൻ ശ്രമിക്കുന്നത് ഇത്തരത്തിലുള്ള ആശയങ്ങൾ മുൻനിർത്തിയായിരിക്കും. സാഹിത്യ വിഭാഗത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന സാഹിത്യ വേദി, ജാലകം വാർത്താപത്രിക, ക്വിസ്സ് ക്ലബ്ബ്, പ്രസംഗവേദി, മലയാളം പാഠശാല എന്നിവയുടെ പ്രവർത്തനം സജീവമാക്കി നിലനിർത്തുന്നതിലൂടെ മാത്രമേ സാംസ്കാരിക രംഗത്തെ സമാജത്തിന്റെ ഇടപെടൽ സാദ്ധ്യമാവൂ.

സാഹിത്യ സംബന്ധിയായ ചർച്ചകൾ, സാഹിത്യോത്സവം എന്നിവയടക്കമുള്ള പരിപാടികൾ കമ്മിറ്റി ആലോചിച്ചിട്ടുണ്ട്. സമാജത്തിന്റെ ജിഹ്വയായ ജാലകം വാർത്താപത്രിക നമ്മുടെ സാംസ്കാരിക പാരമ്പര്യത്തെ പ്രതിഫലിപ്പിക്കുന്ന തരത്തിലുള്ള സമാജം അംഗങ്ങളുടേയും മറ്റുള്ളവരുടേയും രചനകൾ ഉൾപ്പെടുത്തിക്കൊണ്ട് പ്രസിദ്ധീകരിക്കുന്നതിനും അതിന്റെ ഇലക്ട്രോണിക് പതിപ്പ് ഇറക്കുന്നതിനും എഡിറ്റോറിയൽ ബോർഡ് ആലോചിക്കുന്നു.

ക്വിസ്സ് ക്ലബ്ബിന്റെ നേതൃത്വത്തിൽ പ്രശ്നോത്തരികളും കുട്ടികൾക്കായുള്ള വ്യക്തിത്വവികസന പരിപാടികളും നടത്താൻ ഉദ്ദേശിക്കുന്നുണ്ട്. സമൂഹത്തിലെ വിവിധ വിഷയങ്ങൾ മുൻനിർത്തി സംവാദങ്ങൾ വ്യത്യസ്ത സാമ്പത്തിക നയസമീപനമുള്ളവരെ പങ്കെടുപ്പിച്ചുകൊണ്ട് സെമിനാറുകൾ തുടങ്ങി നിരവധി പരിപാടികൾ പ്രസംഗവേദി ആസൂത്രണം ചെയ്തിട്ടുണ്ട്. സമാജത്തിന്റെ അഭിമാനമായ "മലയാളം പാഠശാല" നൂറു കണക്കിന് കുഞ്ഞുങ്ങൾക്ക് മാതൃഭാഷയുടെ രുചി പകർന്നു കൊടുക്കുവാൻ അക്ഷീണം പ്രവർത്തിക്കുന്ന ഒരുകൂട്ടം ആളുകളുടെ നിസ്വാർത്ഥമായ പ്രവർത്തനത്താൽ സമ്പുഷ്ടമാണ് മലയാളം പാഠശാല കമ്മിറ്റിയും അതിലെ അദ്ധ്യാപകരും. ബാലസാഹിത്യ വേദിയടക്കം സജീവമാക്കിക്കൊണ്ട് പാഠശാലയുടെ പ്രവർത്തനം കൂടുതൽ ഊർജ്ജസ്വലമാക്കി മാറ്റുന്നതിന് ആവശ്യമായ തീരുമാനങ്ങളുമായി അവർ മുന്നോട്ട് പോകുന്നു.

പ്രിയമുള്ളവരേ, പൂർവ്വസൂരികളെ മനസാ സ്മരിച്ചു കൊണ്ട് ഈ വർഷത്തെ പ്രവർത്തനം കൂടുതൽ ഊർജ്ജസ്വലമാക്കി മുന്നോട്ട് കൊണ്ട് പോകുന്നതിന് ഏവരുടെയും നിസീമമായ സഹകരണം വിനീതമായി അഭ്യർത്ഥിക്കുന്നു.

അഭിവാദനങ്ങളോടെ
വിപിൻ
സാഹിതവിഭാഗം സെക്രട്ടറി

EDITORIAL

അസതോമ സദ്ഗമയ:
തമസോമ ജ്യോതിർഗമയ:
മൃത്യോർമ അമൃതം ഗമയ:

മനസ്സിലെ അന്ധകാരം നീങ്ങി പ്രകാശം നിറയാൻ വായനയും, പുസ്തകങ്ങളും വഹിക്കുന്ന പങ്ക് സ്മരിച്ചു കൊണ്ട്..

ബഹ്റൈൻ കേരളീയ സമാജത്തിന്റെ മുഖ മാസികയായ ജാലകത്തിന്റെ 2015–16 ഭരണ സമിതിയുടെ കീഴിലുള്ള ആദ്യ പ്രതി പുറത്തിറങ്ങുന്നു. വായന മരിക്കുന്നു എന്ന പല്ലവി എങ്ങു നിന്നും മുഴങ്ങി കേൾക്കാത്തത് കൊണ്ട് ഞങ്ങൾ സധൈര്യം വീണ്ടും പുസ്തകം നിങ്ങൾക്കായി സമർപ്പിക്കുന്നു.

സമാജത്തിന്റെ എക്കാലത്തേയും അഭിമാനമായ ജാലകം മാസികയുടെ എഡിറ്റർ പദവിയിൽ ഇരിക്കാൻ കഴിഞ്ഞതിലുള്ള അകമഴിഞ്ഞ സന്തോഷം ഞാൻ മറച്ചു വെയ്ക്കുന്നില്ല.

കഴമ്പുള്ള വായനക്കുതകുന്ന വിഭവങ്ങൾ ഉൾപ്പെടുത്താൻ ഞങ്ങൾ പരമാവധി ശ്രമിച്ചിട്ടുണ്ട്. കേരളത്തിലും, ലോകത്തിന്റെ വിവിധ ഭാഗങ്ങളിലും താമസമാക്കിയിരിക്കുന്ന മലയാളി സാഹിത്യ പ്രതിഭകളുടെ സൃഷ്ടികൾ ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നു. പലപ്പോഴും, കഴിവുകളേക്കാൾ കൂടുതൽ ശക്തി പകരുന്നത് ഒരുമയാണ്. ചിലന്തി വലകൾ കൂട്ടിക്കെട്ടിയാൽ സിംഹത്തെ വരെ കുടുക്കാം എന്ന ഉദ്ധരണി ഇവിടെ പ്രസക്തമാകുകയാണ്. ജാലകം എഡിറ്റോറിയൽ ബോർഡിലെ ഓരോ അംഗങ്ങളും, പ്രകടിപ്പിച്ച ആത്മവിശ്വാസവും പിന്തുണയും ഈ സംരംഭത്തെ കൂടുതൽ മിഴിവുറ്റതാക്കി എന്ന് പറയാതെ വയ്യ.

കഴിവുകളെ അഭിനന്ദിക്കുവാനും പോറ്റുവാനും, കയ്യടിച്ചു പ്രോത്സാഹിപ്പിക്കുവാനും ഞങ്ങൾ വിവേകപൂർവ്വം ഇടപെടുമെന്ന് ഉറപ്പ് നൽകുന്നു. ഒപ്പം നിങ്ങളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും വിമർശനങ്ങളും അറിയിക്കുമല്ലോ

വായിക്കാതെ ഒരു മൂലയിൽ വലിച്ചെറിയുന്ന ഒരു പുസ്തകമായി ജാലകം മാറില്ല എന്ന് വിശ്വാസത്തോടെ...

ആശംസകളോടെ
ശ്രീദേവി എം. മേനോൻ
എഡിറ്റർ

കുഴൂർ വിത്സൺ
കവി

വയലറ്റിനുള്ള കുതുകുളിൽനിന്ന്

പാലുപിഴിഞ്ഞ
പാവയ്ക്കാ കറി
ഇഷ്ടമുള്ള
ലോകത്തിലെ
2 പേർ
നമ്മളാണു
എന്നറിഞ്ഞതിന്റെ
ആഹ്ലാദത്തിലായിരുന്നു ഇന്നലെ

നിനക്കോർമ്മയുണ്ടോ
ആറാമത്തെ ജന്മത്തിലാണെന്ന്
തോന്നുന്നു
മിസിസിപ്പിയിലെ ഒരു ഗ്രാമത്തിൽ
വീൽച്ചെയറിലിരുന്നു
തോട്ടങ്ങൾ നോക്കി നടത്തുന്ന
ഒരമ്മൂമ്മയുടെ
കൃഷിയിടത്തിൽ
വടക്കേ മൂലയിൽ
പടർന്ന പന്തലിൽ
രണ്ട് പാവയ്ക്കാ കുരുന്നുകളായിരുന്നു
നമ്മൾ
ഒരേ ഞെട്ടിൽ കിടന്നായിരുന്നു
നാം
മണ്ണിലേക്കും
ഒളികണ്ണാൽ
ആകാശത്തേക്കും
നോക്കിയിരുന്നത്

ഒരു ദിവസം
ഇരട്ടവാലൻ പുഴുവിനെ കണ്ട് പേടിച്ച്
നീയെന്റെ തുടയിൽ
അമർത്തിപ്പിടിച്ചതിന്റെ പാട്
ഇപ്പോഴുമുണ്ട്

ആ വേദനയുടെ സുഖമോർത്ത്
എനിക്കിപ്പോൾ കരച്ചിൽ വരുന്നു

മരണവീട്ടിലെ
ആളുകളുടെ മുഖം
പോലെയാണ്
ഞാൻ ഇടക്കിടെ
പെട്ടെന്ന്
വിതുമ്പി പോകും
പെട്ടെന്ന് പൊട്ടി പോകും

ചിലപ്പോൾ അടക്കി പിടിച്ച്
ചിലപ്പോഴൊക്കെ
മരണവീട്ടിലെ
എല്ലാ മുഖങ്ങളുമാണ് ഞാൻ
കണ്ണീരിനു അതുമായി
യാതൊരു
ഇടപാടുകളുമില്ല

ചിലപ്പോൾ
കല്യാണവീട്
ചിരിച്ച് ചിരിച്ച്
കവിളുകൾ കഴക്കും
നിന്നെ പോലെ തന്നെ

എന്റെ പാവയ്ക്കേ,
ഒരു ഞെട്ടിൽ
നാം ഊഞ്ഞാലാടിയിരുന്ന
മിസിസിപ്പിയിലെ
ആ പാവയ്ക്കാ പന്തലിലേക്ക്
നമ്മൾ എന്നാണു പോവുക

നിറഞ്ഞ കുടങ്ങളുമായി
നമ്മെ പൊന്ന് പോലെ
നോക്കിയ
ആ അമ്മൂമ്മയ്ക്ക്
നമ്മളല്ലേ ബലിയിടേണ്ടത്

പ്രൊ. എസ്. ശാരദക്കുട്ടി

കുടുംബം പെൺകഥകളിൽ

ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യദശകത്തിലാണ് മലയാളത്തിൽ സ്ത്രീകൾ കഥയെഴുത്തിൽ സജീവമാകുന്നത്. ശാരദ(1904–1905), ലക്ഷ്മീഭായി(1905–1935) തുടങ്ങിയ വനിതാപ്രസിദ്ധീകരണങ്ങൾ സ്ത്രീകളുടെ എഴുത്തിന് കാര്യമായ പ്രാധാന്യം നൽകി. മാസികകൾ വിപുലമായ കാലത്താണ് ചെറുകഥയുടെ പുറപ്പാട് എന്ന് എം. പി. പോൾ എഴുതിയിട്ടുണ്ട്. പേന എടുക്കുന്നവർക്കെല്ലാം അനായാസേന എഴുതാവുന്ന ഒരു സാഹിത്യരൂപമല്ല ചെറുകഥ. ഏകാഗ്രതയെ ഭഞ്ജിപ്പിക്കുന്ന ഒരു ഘടകവും ചെറുകഥയിൽ സ്വീകാര്യമല്ല. ഏകാഗ്രതയോ ധ്യാനമോ വേണ്ടുവോളം അനുവദിക്കപ്പെട്ടിരുന്നവരല്ല സ്ത്രീകൾ ഒരുകാലത്തും. അതുകൊണ്ടു തന്നെ എണ്ണത്തിൽ കഥയെഴുത്തുകാരികൾ പുരുഷന്മാരോളം വരില്ല. എന്നിരുന്നാലും മനുഷ്യസ്വഭാവത്തിന്റെ ഊടറിഞ്ഞ അനുഗൃഹീതരായ കുറച്ച് കഥാകാരികൾ നമുക്ക് ഉണ്ട്.കഥയെഴുത്തിന് ബലവത്തായതും കാര്യക്ഷമവുമായ ഒരു ആന്തരിക പ്രചോദനം ഉണ്ടായിരിക്കേണ്ടതാണ്. ആദരണീയമായ ആ പ്രചോദനത്തിൽ നിന്ന് എഴുതപ്പെട്ട കഥകൾ കാലം കരുതി വെക്കും. ചരിത്രം ചവറുകൾ സൂക്ഷിക്കാറില്ല.

എന്തെല്ലാം പരിമിതികൾ ഉള്ളപ്പോഴും മികച്ച എഴുത്തുകാരികൾ സ്വന്തം സാമൂഹികാവസ്ഥകളെ കുറിച്ച് തിരിച്ചറിവുകൾ ഉള്ളവരായിരുന്നു. 19–ാം നൂറ്റാണ്ടിന്റെ ആദ്യപകുതിയോടെ ഇൻഡ്യയിൽ നവോത്ഥാനം പ്രചരിച്ചു തുടങ്ങി. ഈ ഉണർവ്വ് ആദ്യം കണ്ടു തുടങ്ങിയത് ബംഗാളിലായിരുന്നു. 'ആദ്യം നിങ്ങൾ സ്ത്രീകളെ വിദ്യ അഭ്യസിപ്പിക്കുക. എന്നിട്ട് അവരെ അവരുടെ പാട്ടിനു വിടുക. തങ്ങൾക്ക് എന്തു പരിഷ്കാരങ്ങൾ വേണമെന്ന് അപ്പോൾ അവർ തന്നെ പറഞ്ഞു കൊള്ളു'മെന്ന് സ്വാമി വിവേകാനന്ദൻ പറഞ്ഞതായി ജി കുമാര പിള്ള എഴുതിയിട്ടുണ്ട്. ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തിലാണ് കേരളനവോത്ഥാനം ശക്തി പ്രാപിക്കുന്നത്. സ്ത്രീകളുടെ പ്രശ്നങ്ങൾ പുരുഷന്റെയും പ്രശ്നമാണെന്ന്, കലയുടെയും സമുദായത്തിന്റെയും പ്രശ്ന മാണെന്ന്, മാനവികതയുടെ പ്രശ്ന മാണെന്ന് സമൂഹം തിരിച്ചറിഞ്ഞ കാലമാണത്. ഒരു ചെറുകഥ എന്തുദ്ദ്യേശത്തോടെയാണ് എഴുതപ്പെട്ടതെന്ന അന്വേഷണം നിരൂപണത്തെ സംബന്ധിച്ച് പ്രധാന മാണ്. പുരുഷാധീശമൂല്യങ്ങളോടുള്ള എതിർപ്പ് ആദ്യകാല കഥകൾ മുതൽ തന്നെ സ്ത്രീകൾ പ്രകടിപ്പിച്ചു തുടങ്ങിയിരുന്നു. എം. സരസ്വതീ ഭായിയുടെ 'തലച്ചോറില്ലാത്ത സ്ത്രീകൾ'(1911) ലക്ഷ്മിക്കുട്ടി വാരസ്യാരുടെ 'ഇനി എന്താ ചെയ്ക'(1911) എന്നീ രണ്ടു കഥകളും കുടുംബബന്ധങ്ങളിലെ ഘടനാപരമായ മാറ്റത്തെ കുറിച്ചുള്ള സ്ത്രീയുടെ അവബോധം വെളിപ്പെടുത്തുന്നുണ്ട്.

ഒറ്റജീവിതത്തിൽ തന്നെ ഇരട്ടവേഷം അണിയേണ്ടി വരുന്നതിന്റെ അസ്വസ്ഥതകളാണ് ലോകമെമ്പാടുമുള്ള എഴുത്തുകാരികൾ നേരിടുന്ന ആദ്യപരാധീനത. എല്ലാത്തിനെയും തകിടം മറിക്കുന്ന സർഗ്ഗാത്മകത ഒരു വശത്ത്, ഒന്നും തകിടം മറിയാതെ നോക്കേണ്ട ഗാർഹിക ഉത്തരവാദിത്വം മറുവശത്ത്. ഇത് എക്കാലത്തെയും എഴുത്തുകാരിയുടെ അനുഭവമാണ്. ഒരേസമയം നല്ല കവിയും നല്ല ഭാര്യയും നല്ല അമ്മയും നല്ല കാമുകിയും ആയിരിക്കുക എന്നത് എളുപ്പമല്ല. സർഗ്ഗാത്മകതയുടെ ഉന്മാദമുള്ള ഒരു സ്ത്രീയെ സംബന്ധിച്ച് മാതൃത്വം തിളക്കമുള്ള ഒരു പീഡാനുഭവമാണെന്ന് ലോകപ്രശസ്ത കവയിത്രിയായ അന്നാ ആഖ്മതോവ പറഞ്ഞിട്ടുണ്ട്. താൻ അതിനു പറ്റിയ ആളല്ലെന്നും അവർ പറഞ്ഞു. മാനസികവും രാഷ്ട്രീയവുമായ സമ്മർദ്ദങ്ങൾക്കിടയിൽ ഒരിക്കൽ അവർക്ക് തന്റെ രചനകൾ മുഴുവൻ കത്തിച്ചു കളയേണ്ടിയും വന്നിട്ടുണ്ട്. ഇടതുകൈ കൊണ്ട് തൊട്ടിലാട്ടുകയും വലതുകൈ കൊണ്ട് എഴുതുകയും ചെയ്യുന്ന അനുഭവം ബ

ാലാമണിയമ്മയും അടുക്കളയിൽ ഉപ്പിന
ും മുളകിനും ഒപ്പം മുറിപ്പെൻസിൽ
സൂക്ഷിക്കുന്ന അനുഭവം ലളിതാംബ
ിക അന്തർജ്ജനവും എഴുതിയിട്ടുണ്ട്.
ഉണർന്നു കളിക്കുന്ന കുഞ്ഞിനൊപ്പം
പുലർ കാലത്ത് എഴുന്നേറ്റിരിക്കുമ്പോൾ
കവിതയെഴുതാനുണ്ടായ ഊർജ്ജത്തെ
അടക്കേണ്ടി വന്നതിനെ കുറിച്ച്
ഏഡ്രിയൻ റിച്ചും ഓർമ്മിക്കുന്നുണ്ട്.
സോഫിയാ ടോൾസ്റ്റോയിയുടെ
ആത്മകഥയും പറയുന്നത് സമാന
മായ അനുഭവം തന്നെയാണ്.
കുടുംബത്തെയും കുഞ്ഞുങ്ങളെയും
സന്തോഷത്തോടെ സംരക്ഷിക്കുമ്പോഴും
ഭർത്താവിന്റെ സർഗ്ഗാത്മക ജീവിതത്തിന്
എല്ലാ പിന്തുണയും നൽകുമ്പോഴും
തന്റെ സ്വന്തം സർഗ്ഗാത്മക ചോദന
കളോട് താൻ എത്ര ക്രൂരമായാണ്
പിന്തിരിഞ്ഞു നിന്നത് എന്നവർ
ഓർമ്മിക്കുന്നുണ്ട്. സരസ്വതീഭായിയുടെ
'തലച്ചോറില്ലാത്ത സ്ത്രീകൾ' തുടങ്ങി
ഏ.എസ്. പ്രിയയുടെ 'താമരക്കനി'
വരെയും ഈ വിഷയം ചർച്ച
ചെയ്യുന്നുവെങ്കിൽ അതിനുള്ള ഉത്തരം
നൽകേണ്ടത് സമൂഹം തന്നെയാണ്.
ആദ്യം മുതൽ തന്നെ എഴുത്തുകാരിക്ക്
തന്റെ ഇടം സാംസ്കാരിക
ചരിത്രത്തിൽ ആവർത്തിച്ചുറപ്പിക്കേണ്ടി
വരുന്നുവെങ്കിൽ ഉത്തരം പറയേണ്ടത്
ഇവിടുത്തെ സാമൂഹികസംവിധാന
മാണ്. 'ചിന്തിക്കുവാനും
പറയുവാനുമുള്ള പ്രേരണയും
ആവേശവും നിങ്ങൾ ഞങ്ങൾക്കു
നല്കി. എന്നിട്ട് ചിന്തിക്കുകയും
പറയുകയുമെല്ലാം ഞങ്ങൾ
തന്നെയാകാമെന്ന് കുത്തകയും.
വല്ലതുംാ വല്ലപ്പോഴുമൊന്ന് കുറിച്ചുപേ
ായാൽ ഇത് ആശാസ്യമാണോ എന്ന
ചോദ്യവുമായി വരും' എന്ന്
ലളിതാംബിക അന്തർജ്ജനം
എഴുതിയത് ഒരു തുടക്കം
മാത്രമായിരുന്നു.
ലളിതാംബിക അന്തർജ്ജനത്തിന്റെ 'ഇത്
ആശാസ്യമാണോ?' മാധവിക്കുട്ടിയുടെ
'ലോകം ഒരു കവയിത്രിയെ
നിർമ്മിക്കുന്നു', സാറാ ജോസഫിന്റെ
'ഓരോ എഴുത്തുകാരിയുടെ
ഉള്ളിലും' തുടങ്ങി ഒട്ടേറെ കഥകൾ
സർഗ്ഗാത്മകതയ്ക്ക് കുടുംബം
സൃഷ്ടിക്കുന്ന വിഘാതങ്ങൾ
പ്രമേയമായി വരുന്നതാണ്. 'ഹേയ്
അടുക്കളക്കാരീ നിനക്കും സാഹിത്യമോ'
എന്നു
പരിഹസിക്കുന്ന ഭർത്താവിനെ
നിന്ദിക്കാനുള്ള എളുപ്പ വഴിയാണ്
തനിക്കു കവിത എന്നയാൾ
മനസ്സിലാക്കട്ടെ എന്നൊരു വാശി
കൂടിയുണ്ട് ഗീതാഹിരണ്യന്റെ
കഥാനായികയ്ക്ക്. അങ്ങനെ, സ്ത്രീകൾ
ഇരുണ്ട അനുഭവങ്ങളെ വിവർത്തനം
ചെയ്യുകയാണ്.
പുരുഷൻമാർക്കു വേണ്ടി അവരാൽ
സ്ഥാപിക്കപ്പെട്ടതും അവരാൽ തന്നെ
വിപുലീകരിക്കപ്പെട്ടതുമായ ഒരു
വേദിയിൽ ഇടിച്ചു കയറി
നിന്നാണ് അവൾ സംസാരിക്കുന്നത്.
അജ്ഞാതമായ ഒന്നിനെ വിവർത്തനം
ചെയ്യാൻ ശ്രമിക്കുമ്പോളാണ് അത്
നിഷേധാത്മകമാകുന്നത്. സ്ത്രീകൾക്ക്
സമൂഹത്തിൽ ഒരു ധർമ്മമുണ്ടെങ്കിൽ
അത് നിഷേധാത്മകമാണെന്ന്
ജൂലിയാ ക്രിസ്റ്റേവ പറഞ്ഞത്
ഈയർത്ഥത്തിലാണ്. തന്റെ തിളക്കുന്ന
തലച്ചോറിനെ തിളപ്പിക്കാനുള്ള
സാഹചര്യമാണ് എഴുത്തുകാരി അനേ
ഷിക്കുന്നത്. യഥാർഥവീട് സ്വച്ഛത
നൽകാത്തപ്പോൾ അവൾ
സങ്കൽപിക്കുന്ന ഒരു ബദൽ
സാദ്ധ്യതയാണ് മേബിൾ അമ്മായിയുടെ
വീട് (' ഓരോ എഴുത്തുകാരിയുടെ
ഉള്ളിലും') അവിടെ എഴുതാന
ിരിക്കുമ്പോൾ അവളുടെ ചിന്തകളുടെ
മേലേക്ക് അമ്മിക്കല്ലുകളോ വിഴുപ്പു
തുണിയോ വന്നു വീഴുന്നില്ല.
'കോഴിക്കോടിനപ്പുറം ഭൂമി ഉണ്ടെന്നു
കണ്ടിട്ടില്ലാത്ത, രാജ്യസഞ്ചാരിയല്ലാത്ത
ഞാൻ അതുകൊണ്ട് സ്വപ്നമുരുക്കി
ഭൂഗോളം തീർക്കുന്നു' എന്ന് ഗീതാ
ഹിരണ്യൻ എഴുതുന്നു.

വിവാഹത്തെയും ദാമ്പത്യത്തെയും
ആഘോഷിക്കുന്ന സംഭവങ്ങളും
ചലച്ചിത്രങ്ങളും പരസ്യങ്ങളും
സുസംഘടിതമായി വിപണിയെ
കീഴടക്കിയിരിക്കുന്ന കാലമാണിത്.
ഏംഗൽസ് വിവാഹമെന്ന സ്ഥാപന
ത്തെ തള്ളിപ്പറഞ്ഞിട്ട് വർഷങ്ങൾ എത്ര
കഴിഞ്ഞിട്ടും ഇന്ന് മുതലാളിത്താനന്തര
സാമ്രാജ്യത്വലോകം അതിനെ
പരിപാവനവും വൈകാരികവുമായി
കാത്തുസൂക്ഷിക്കേണ്ട ഒന്നായി
കാണുകയാണ്. അത് ചിരസ്ഥായിയായി
നിലനിൽക്കേണ്ട
ഒന്നായി പ്രചരിപ്പിക്കുകയാണ്.
വിവാഹത്തിന്റെ അടിസ്ഥാനത്തിൽ
മാത്രം നിലനിൽക്കുന്ന ഒന്നായി
കുടുംബം സങ്കൽപിക്കപ്പെടുമ്പോൾ,
അതിന്റെ പരിപാവനത്വത്തിന്
മനുഷ്യനേക്കാൾ പ്രാധാന്യം
കൽപ്പിക്കപ്പെടുമ്പോൾ, കുടുംബത്തിന
കത്തേതല്ലാത്ത ഒരു സ്ത്രീപുരുഷബ
ന്ധവും അംഗീകരിക്കത്തക്കതെല്ല എന്നു
വരുന്നു. ഈ പരിപാവനത്വം
നടപ്പിലാക്കപ്പെടുന്നത് പലപ്പോഴും
സ്ത്രീയുടെ മാത്രം ചാരിത്ര്യത്തെ
അടിസ്ഥാനമാക്കി ആണെന്നത്
എഴുത്തുകാരികളെ എല്ലാക്കാലത്തും
അസ്വസ്ഥരാക്കിയിരുന്നു.
തായവകാശകുടുംബത്തിൽ നിന്ന്
ആധുനിക കുടുംബത്തിലേക്കുള്ള
പരിവർത്തനഘട്ടത്തെ
പ്രതിനിധാനം ചെയ്യുന്ന കുടുംബരൂപ
മാണ് പിതൃാധിപത്യകുടുംബം.
ഏകദാമ്പത്യവിവാഹം വലിയൊരു
ചരിത്രമുന്നേറ്റമായിരുന്നു. എന്നാലത്
സ്വകാര്യസ്വത്തും അതോടൊപ്പം
അടിമത്തവും കൂടി ഉദ്ഘാടനം
ചെയ്തു. പുരുഷൻ സ്ത്രീയെ
അടിമപ്പെടുത്തിയതാണ് ആദ്യത്തെ
വർഗ്ഗമർദ്ദനമെന്ന് മാർക്സ്
പറഞ്ഞിട്ടുണ്ട്. ആധുനിക
കുടുംബത്തിന്റെ അടിത്തറ സ്ത്രീയുടെ
പ്രത്യക്ഷമോ പരോക്ഷമോ ആയ
ഗാർഹിക പാരതന്ത്ര്യമാണ്. ആധുന
ികസമൂഹം അത്തരം കുടുംബങ്ങളുടെ
ഒരു പെരുംകൂട്ടവും.

സരസ്വതിയമ്മയുടെ കഥകളാണ് ഈ
കുടുംബഘടനയെ അതിരൂക്ഷമായി
വിമർശനവിധേയമാക്കിയത്.
വിമർശനത്തേക്കാൾ പരിഹാസമാണ്
സരസ്വതിയമ്മ ഈ സംവിധാന
ത്തോട് പുലർത്തിയത്. അവരുടെ
നോട്ടത്തിൽ ആധുനിക കുടുംബ
മെന്നത്,പാരമ്പര്യത്തിന്റെയും
ആധുനികതയുടെയും പരസ്പ
രമുള്ള ഏറ്റുമുട്ടലിൽ ചിതറിയ
തുണ്ടുകളുടെ അസമർഥമായ
മേളനത്തിൽ പിറന്ന ഒരു സ്ഥാപന
മാണ്. വ്യക്തിത്വമുള്ള സ്ത്രീക്ക്
അവൾ എത്രതന്നെ സ്ത്രീഗുണങ്ങൾ
തികഞ്ഞവളാണെങ്കിലും
വാസയോഗ്യമായ ഒന്നല്ല
ആധുനിക കുടുംബം എന്നതാണ്
സരസ്വതിയമ്മയുടെ നിഗമനം.
'സീതാഭവന'മെന്ന ആദ്യകഥ തന്നെ
വിവാഹനിഷേധത്തിന്റെ കഥ
പറഞ്ഞുകൊണ്ടായിരുന്നു.
അവരെഴുതിയ 92 രചനകളിൽ 62
എണ്ണവും വിവാഹമെന്ന സ്ഥാപനത്തെ

നിഷേധിക്കുന്നതായിരുന്നു. അന്നത്തെ
നിരൂപകൻമാർ കണ്ടെത്തിയതു
പോലെ, ഇത് അവർ പുരുഷവിദ്വേഷി
ആയതു കൊണ്ടല്ല, മറിച്ച് ഒരുതരം
അടിമത്തത്തിനും വഴങ്ങിക്കൊടുക്കുന്ന
ഒന്നായിരുന്നില്ല അവരുടെ വ്യക്തിത്വം
എന്നതു കൊണ്ടായിരുന്നു.
പുരുഷനോടായിരുന്നില്ല അവരുടെ
വെറുപ്പ് എന്നു മനസ്സിലാക്കാനുള്ള
പക്വത ആർജ്ജിച്ചിരുന്നില്ല അവർ
ജീവിച്ചിരുന്ന കാലഘട്ടം.
പിതൃാധികാരത്തിൽ നിന്ന്
ഭർതൃാധികാരത്തിലേക്കു കൈമാറ്റം
ചെയ്യപ്പെടുന്ന ഒരു തുടർച്ച
മാത്രമായാണ് അവർ ആധുന
കുടുംബസംവിധാനത്തെ
കാണുന്നത്. ചങ്ങാത്തവിവാഹമെന്ന
നിലയലേക്ക് സ്ത്രീപുരുഷബന്ധം
വികസിക്കണമെന്നാണ് അവരുടെ
പക്ഷം. മാതൃത്വമെന്ന സങ്കൽപ
ത്തെ ഈ കഥാകാരികളാരും തന്നെ
മഹത്വവത്കരിക്കുന്നില്ല. ബി എ
ബിരുദത്തിന് ബഹുമാനപ്പെട്ട
അമ്മ എന്നാണ് സരസ്വതിയമ്മ
വിശേഷിപ്പിക്കുന്നത്.
ആരോഗ്യമുണ്ടെങ്കിൽ ഏതൊരു
സ്ത്രീക്കും നിർവഹിക്കാവുന്ന
ഒരു ശാരീരിക പ്രക്രിയ എന്നതിൽ
കവിഞ്ഞ ഒരു പ്രാധാന്യമൊന്നും
മാതൃത്വത്തിന് ഇവർ നൽകുന്നില്ല.
മുതലാളിത്തരാജ്യങ്ങളിൽ ഭൗതികമായ
മാറ്റങ്ങൾക്കനുസൃതമായി മനുഷ്യർ
ആന്തരികമായും
പരിവർത്തിതരായി. കുടുംബഘടന
യിലും സദാചാര-ലൈംഗിക
സങ്കൽപ്പങ്ങളിലും സ്ത്രീപുരുഷബ
ന്ധങ്ങളിലും എല്ലാം ഈ മാറ്റം
പ്രകടമായി. കേരളത്തിലെ ഫ്യൂഡൽ
ധാർമ്മിക സങ്കൽപ്പങ്ങളുടെ തലത്തിൽ
നിന്നു നോക്കുമ്പോൾ അരാജകത്വ
പ്രവണതകളായി വ്യാഖ്യാനിക്കപ്പെടാം.
മുതലാളിത്തത്തിനുള്ളിൽ സംഭവിച്ചു
കൊണ്ടിരിക്കുന്ന ജനാധിപത്യത്തിന്റെ
വ്യാപനം ലിംഗാധിപത്യത്തിന്റെ
മേഖലയിലേക്കു കൂടി കടക്കുന്നതാണ്
വികസിത മുതലാളിത്തരാജ്യങ്ങളിൽ
നടക്കുന്നത്. സോഷ്യലിസ്റ്റ്
രാജ്യങ്ങളിലും സ്വകാര്യസ്വത്തും
അതിന്റെ ദായക്രമവും
അപ്രത്യക്ഷമായതോടെ പഴയ
രീതിയിലുള്ള കുടുംബ ഘടനയും
അതിന്റെ സാമ്പത്തിക ക്രമവും
അപ്രത്യക്ഷമായി. അതോടെ ചാരിത്ര്യ
സങ്കൽപങ്ങളിൽ മാറ്റങ്ങളുണ്ടായി.
വിവാഹ – വിവാഹേതര
ബന്ധങ്ങളും സ്വാഭാവികമായി.
മനുഷ്യസാമൂഹിക പുരോഗതിയിലെ
സ്വാഭാവികമായ തലങ്ങളാണിതെല്ലാം.
സമൂഹം മാറുന്നതിനന
ുസരിച്ച് എല്ലാക്കാലങ്ങളിലും
മാറിക്കൊണ്ടിരിക്കുന്ന ഒന്നാണ് കുടുംബ
വും. കുടുംബം അതിനു
രൂപം നൽകിയ സാമൂഹ്യവ്യവസ്ഥയുടെ
സംസ്കാരത്തെ പ്രതിഫലിപ്പിക്കാതെ
തരമില്ല എന്ന മോർഗന്റെ അഭിപ്രായം
ശ്രദ്ധേയമാണ്. ഏകദാമ്പത്യവിവാഹം
വളരെ പുരോഗതി നേടിയ
സ്ഥിതിക്ക്, സ്ത്രീപുരുഷസമത്വം
സാക്ഷാത്കരിക്കുന്നിടത്തോളം
എങ്കിലും അത് ഇനിയും
പുരോഗമിക്കുമെന്ന് ഊഹിക്കുന്നതിൽ
തെറ്റില്ല. അതിവിദൂരഭാവിയിലെ
സമൂഹത്തിന്റെ ആവശ്യങ്ങൾ
നിറവേറ്റാൻ ഏകദാമ്പത്യവിവാഹം
അടിസ്ഥാനമാക്കിയുള്ള കുടുംബം
അശക്തമാണെന്നു വന്നാൽ അതിനു
പകരം വരുന്ന അടുത്ത രൂപം
എന്താണെന്നു പ്രവചിക്കുക സാദ്ധ്യമല്ല
എന്നും മോർഗൻ പറയുന്നുണ്ട്.

കുടുംബഘടനയിലെ ഈ
മാറ്റങ്ങളൊന്നും കേരളത്തിലേക്ക്

കടന്നു വന്നില്ല. ഒരു വശത്ത്
മുതലാളിത്തത്തിന്റെ കടന്നുകയറ്റവും
മറുവശത്ത് സോഷ്യലിസ്റ്റ്
ആശയങ്ങളുടെ പ്രയോഗവും സ്വാധീന
വുമുള്ള കേരളത്തിൽ, കുടുംബ
ഘടന ഇത്ര യാഥാസ്ഥിതികമായി
തീർന്നതെന്തുകൊണ്ട് എന്നത്
ഗൗരവമേറിയ വിഷയമാണ്.
സ്ത്രീപുരുഷബന്ധങ്ങളുടെ കാര്യത്തിൽ
കേരളം പിന്നോട്ടാണ് സഞ്ചരിക്കുന്നത്.
ഈ നവപിതൃമേധാവിത്വത്തെ
ദാമ്പത്യാധിഷ്ഠിത പിതൃമേധാവിത്വം
എന്നാണ് പ്രവീണ കോടോത്ത്
വിളിക്കുന്നത്. പുരുഷമേധാവിത്വം
നടപ്പാക്കാനുള്ള ഏറ്റവും ശക്തമായ
ഉപകരണമാണ് ചാരിത്ര്യസങ്കൽപം.
സ്ത്രീകൾക്കെതിരെ ഏകപക്ഷീയവും
അന്യായവുമായി അടിച്ചേൽപ്പിക്കപ്പെട്ട
ജനാധിപത്യവിരുദ്ധമായ ഈ ഘടനയെ
തകർത്തു കൊണ്ടല്ലാതെ തങ്ങൾക്ക് ന
ിലനിൽപ്പില്ലെന്ന് തിരിച്ചറിഞ്ഞവരാണ്
മലയാളത്തിലെഎഴുത്തുകാരികൾ. ഇത്
ഏറ്റവും പ്രതികൂലമായി ബാധിക്കുന്നത്
സ്ത്രീയെ ആണെന്നുള്ളത്
എഴുത്തുകാരികളുടെ പ്രധാന
ചിന്താവിഷയമാണ്. സാഹിത്യം
രാഷ്ട്രീയലക്ഷ്യങ്ങൾ
കൈവരിക്കാനുള്ള
ഒരുപാധി കൂടിയാണെന്ന തിരിച്ചറിവ്
സജീവമാവുകയും കൂടി ചെയതത് അന
ുകൂല ഘടകമായി.
പ്രണയം, വിവാഹം, കുടുംബം,
മാതൃത്വം ലൈംഗികത
തുടങ്ങിയവയെല്ലാം
അധികാരത്തിന്റെ പ്രത്യക്ഷവും പ
രോക്ഷവുമായ സ്വഭാവങ്ങൾ
ഉൾച്ചേർന്നിരിക്കുന്നവയാണ്.
നിലനിൽക്കുന്ന അധികാരരൂപങ്ങളുമായി
സ്ത്രീസാഹിത്യം
നാനാവിധത്തിൽ സംവദിക്കുന്നുണ്ട്.
ആത്യന്തികമൂല്യങ്ങൾക്കെതിരെ
ഇവർക്ക് സന്ധിയില്ലാത്ത സമരങ്ങളിൽ
ഏർപ്പെടേണ്ടി വരുന്നു. വേറിട്ട
ഏതു ചിന്തയേയും മൂല്യത്തേയും
വിഴുങ്ങാനുള്ള കഴിവ് ആത്യന്തിക
മൂല്യങ്ങൾക്കുണ്ട് എന്നതു കൊണ്ട് ഈ
സമരങ്ങൾ ഒട്ടും തന്നെ
അനായാസമല്ല. .കുടുംബങ്ങളിൽ
'അന്യ'പ്രണയങ്ങൾ കലഹത്തിനു
കാരണമാകുന്നു. സർഗ്ഗാത്മകതയും
സംവാദാത്മകതയും
ഏറ്റവും കുറഞ്ഞ അളവിൽ
നിലനിൽക്കുന്ന സ്ഥാപന
മാണ് കുടുംബം. എങ്ങനെയും
അതിജീവിക്കുക എന്നതു മാത്രമാണ്
അതിന്റെ ലക്ഷ്യമെന്നും അതുകൊണ്ടു
തന്നെ കുടുംബങ്ങൾക്ക് ഒരു
വലതുപക്ഷസ്വഭാവമാണുള്ളതെന്നും
ഇ.പി രാജഗോപാലൻ
നിരീക്ഷിക്കുന്നു. ഇടതുപക്ഷക്കാർ
പോലും കുടുംബത്തിനുള്ളിൽ
വലതുപക്ഷസ്വഭാവമാണ്
പുലർത്തുന്നതെന്നുമുള്ള
അദ്ദേഹത്തിന്റെ നിരീക്ഷണത്തിൽ
വാസ്തവമുണ്ട്.

മാനസിയുടെ 'ചതുരങ്ങൾ' എന്ന
കഥയിൽ ഭാര്യ ഭർത്താവിനോടു
ചോദിക്കുന്നു, 'എങ്ങനെയിരിക്കണം മന
സ്സുകൾ? ഈച്ച വീഴാതിരിക്കാൻ അടച്ചു
വെച്ച കാപ്പി പോലെ? മുകളിൽ നന
ുത്ത പാട വീണ് ആറി തണുത്തിട്ടോ?'
അവൾക്ക് ഒരു കാമുകനുണ്ട്. ഒരിക്കൽ
കാമുകസന്ദർശനത്തിനു ശേഷം അവൾ
ഭർത്താവിനോടു ചോദിച്ചു 'എന്താണ്
സദാചാരം'. ഭർത്താവ് അവളെ മുറുകെ
പുണർന്നുകൊണ്ടു പറഞ്ഞു 'ഇതാ ഇതു
തന്നെ'. നിനക്കൊരു കാമുകനുണ്ടെങ്കിൽ
നിന്നെയും അയാളെയും ഞാൻ കൊല്ലും
എന്നയാൾ
പറയുമ്പോൾ എന്നിട്ടോ എന്ന് അവൾ
ചോദിച്ചിട്ടു പറയുന്നു, 'സമാധാന

മായി ഉറങ്ങിക്കോ, ഞാൻ വെറുതെ
ചോദിച്ചതാണ്'.മാധവിക്കുട്ടിയുടെ
പക്ഷിയുടെ മണം, ചതുരംഗം, തരിശുന
ിലം തുടങ്ങി വിഖ്യാതമായ എത്രയോ
കഥകളിൽ വിവാഹത്തിനു പുറത്തുള്ള
പ്രണയത്തിലേക്ക് രക്ഷപ്പെടാൻ
ആഗ്രഹിക്കുന്ന മദ്ധ്യവയസ്കകളായ
സ്ത്രീകളുണ്ട്. വിവാഹത്തിന്റെ
മുരടിപ്പുകളിലൂടെ കടന്നു
പോകുമ്പോൾ മാത്രമാണ് ഒരാൾ
പ്രണയിക്കാൻ സജ്ജമാകുന്നത്.
പക്ഷേ പ്രണയവും മറ്റൊരു അധികാര
രൂപമാണെന്നു തിരിച്ചറിഞ്ഞ് തിരിഞ്ഞു
നടക്കുന്നവരാണ് മാധവിക്കുട്ടിയുടെ
സ്ത്രീകൾ. കെ. സരസ്വതിയമ്മയുടെ
കഥകളിൽ തുടക്കം മുതൽ തന്നെ
പ്രണയത്തിന്റെ അധികാര സ്വഭാവത്തെ
നിശിതമായി പരിഹസിക്കുന്നുണ്ട്.
'പെൺബുദ്ധീയിലെ വിലാസിനി
രൂക്ഷമായ ഭാഷയിലാണ്
പ്രണയത്തിനുള്ളിൽ പതിയിരിക്കുന്ന
കാപട്യത്തെ പുച്ഛിച്ചു തള്ളുന്നത്.
ദാമ്പത്യത്തിന്റെ വിരസതകളിൽ
പെട്ട് മരവിച്ചു പോയ മനസ്സിനെ
'കുഷ്ഠരോഗിയുടെ ചർമ്മം
പോലെ സ്പർശം നഷ്ടപ്പെട്ട മനസ്സ്"
എന്നാണ് സാറാ ജോസഫിന്റെ 'മന
സ്സിലെ തീമാത്രം' എന്ന കഥയിലെ
വിമല വിശേഷിപ്പിക്കുന്നത്. ഈ
കഥയിലെ ഭർത്താവായ വിശ്വനാഥനേ
യും ബാധിച്ചിട്ടുണ്ട് ഈ മരവിപ്പ്.
എന്നിട്ടും രണ്ടാൾക്കും രക്ഷപ്പെടാൻ
തോന്നുന്നില്ല. രക്ഷപ്പെട്ടിട്ടെന്തു
ചെയ്യാനാ എന്നൊരു പൊതു മരവിപ്പ്.
തനിക്ക് സ്നേഹിക്കാനാകാത്ത ഒരു
പുരുഷനുമായി/സ്ത്രീയുമായി
നിയമപരമായി ബന്ധിപ്പിക്കപ്പെടുന്ന
ഒരു വ്യക്തി, സ്വതന്ത്രഹൃദയമുള്ള
ആളാണെങ്കിൽ തന്നെ മോഹിക്കുന്ന
മറ്റൊരാളെ കണ്ടു മുട്ടുകയാണെങ്കിൽ
നിയമപരമല്ലെങ്കിൽ കൂടി അത്
സാമൂഹികമൂല്യമുള്ള ഒന്നാണെന്ന്
ഈ കഥകളിലൂടെ എഴുത്തുകാരികൾ
സധൈര്യം തങ്ങളുടെ
പ്രത്യയശാസ്ത്രം അവതരിപ്പിക്കുന്നു.
'നിങ്ങൾ ധൈര്യത്തെ വിവരിക്കാനായി
ഒരു പടയാളി ആകേണ്ടതില്ല.
പ്രണയത്തെ വിവരിക്കാനായി
പ്രണയത്തിൽ ഏർപ്പെടുകയും വേണ്ട.
മദ്യപാനിയെ കുറിച്ചെഴുതുവാൻ
മദ്യം കഴിക്കേണ്ടതുമില്ല' എന്ന്
ഫ്ളോബേർ എഴുതിയത് ഓർമ്മിക്കുക..
ജീവിതത്തിൽ സാദ്ധ്യമാകാൻ
ആഗ്രഹിക്കുന്നവയെ കുറിച്ചുള്ള
എഴുത്തുകാരുടെ സ്വപ്നമാണ് അവർ
എഴുത്തിലൂടെ സാക്ഷാത്കരിക്കുന്നത്.
ലോകവുമായി അവർ നടത്തുന്ന
മൽപ്പിടുത്തമാണ് എഴുത്ത്.

ചന്ദ്രമതിയുടെ 'അഞ്ചാമന്റെ വരവ്',
ഗ്രേസിയുടെ 'ഭിന്നസംഖ്യ', എന്നീ
കഥകൾ കുടുംബത്തിന്റെ സ്നേ
ഹശൂന്യതയിൽ പ്രതിഷേധിച്ച്
ആത്മഹത്യ ചെയ്യാനൊരുങ്ങുന്ന
സ്ത്രീകളെയാണ് അവതരിപ്പിക്കുന്നത്.
മുപ്പത്തിരണ്ടു വർഷമായി
മറ്റുള്ളവർ തട്ടിയുരുട്ടിയിരുന്ന ഒരു
കളിക്കോപ്പായിരുന്നു താൻ എന്ന്
"അഞ്ചാമന്റെ വരവി'ലെ സാവിത്രി
തിരിച്ചറിയുന്നു. വാഴ്ത്തപ്പെട്ട
സ്ത്രീസ്വാതന്ത്ര്യമല്ല അവൾക്കു
വേണ്ടത് അല്പം സ്വസ്ഥതയാണ്.
ചീറിപ്പാഞ്ഞു വരുന്ന തീവണ്ടി അവളുടെ
ദീർഘനിശ്വാസത്തിൽ തട്ടിച്ചിതറി
ഒരു ചുഴലിക്കാറ്റിലെന്നതു പോലെ
ദുരന്തത്തിൽ പെടുകയാണ്. പക്ഷേ
ചുഴലിക്കാറ്റു പോയിട്ട് സാധാരണ
കാറ്റുപോലും ഉണ്ടായിരുന്നില്ലെന്ന്
സംഭവത്തിന് ഏക ദൃക്സാക്ഷി
ആയിരുന്ന സാവിത്രി മാധ്യമങ്ങളോടു
പറഞ്ഞു എന്നൊരു അപ്രതീക്ഷിത
തിരിവിലാണ് കഥ അവസാന

ിക്കുന്നത്. 'ഭിന്നസംഖ്യ'യിലെ വീട്ടമ്മ
ആത്മഹത്യയിലൂടെ കുടുംബത്തെ
പഠിപ്പിക്കുകയാണ്. അസുഖമായിട്ടും
വിശ്രമം കിട്ടാതെ വന്നപ്പോൾ മകളെ
ഭിന്നസംഖ്യ പഠിപ്പിച്ചത് സ്വന്തം
കഴുത്തിൽ കുരുക്കിട്ട് ഉടലിനെ
യും ശിരസ്സിനെയും അംശവും
ഛേദവുമായി വിഭജിച്ചു കൊണ്ടാണ്.
ബി.എം. സുഹറയുടെ ഭ്രാന്ത്,
വത്സലയുടെ ശിശിരത്തിലെ ഉറുമ്പുകൾ
എന്നീ കഥകളും ഗാർഹികതയുടെ
ഞെരുക്കങ്ങൾ ഭ്രാന്തോളം
എത്തിക്കുന്ന പെണ്ണവസ്ഥകളുടെ
യഥാതഥവും ഭീതിദവുമായ
അവസ്ഥകളുടെ ആവിഷ്കാരങ്ങളാണ്.
മാധവിക്കുട്ടിയുടെ നെയ്പ്പായസവും
കോലാടും ഇതേ വിഭാഗത്തിൽ
പെടുന്ന കഥകളാണ്. അടുക്കളയിൽ
പാത്രം താഴെ വീഴുമ്പോൾ
ക്ഷുഭിതനാകുന്ന ഭർത്താവിനോട്,
സാറാജോസഫിന്റെ 'ദാമ്പത്യം' എന്ന
കഥയിലെ സ്ത്രീ 'എന്റെ ജീവിതമാണ്
ഞാൻ എറിഞ്ഞുടയ്ക്കുന്നത്. എന്റെ
ദുരിതമാണ് എറിഞ്ഞുടക്കുന്നത്.
നിങ്ങൾക്കെന്താ ചേതം' എന്ന് സ്വയം
ശപിക്കുന്നു. മിത്തുകളിലും
പുരാണങ്ങളിലും അടങ്ങിയിരിക്കുന്ന
സ്ത്രീ വിരുദ്ധതയും രാമായണ പുന
ർവായനകളിലൂടെ സാറാജോസഫ്
കണ്ടെത്തുന്നുണ്ട്. 'സീതയുടെ മൂക്കും
മുലയും അരിഞ്ഞില്ലെന്നേയുള്ളൂ,
രാവണന്റെ കൊട്ടാരത്തിൽ കരഞ്ഞും
വിശന്നും കഴിഞ്ഞതിന് അവരവൾക്ക്
കനലാഴി കൂട്ടിക്കൊടുത്ത് അതിൽ
ചാടാൻ പറഞ്ഞു' എന്ന്
പറഞ്ഞ് ഉറക്കെയുറക്കെ ചിരിക്കുന്ന
ശൂർപ്പണഖയെ അപഗ്രഥിക്കാൻ
രാമായണത്തിന്റെ ബാഹ്യഘടനകളുടെ
മാത്രം അടിസ്ഥാനത്തിൽ സാദ്ധ്യമല്ല.
മനുഷ്യനെ ആഴത്തിൽ സ്നേ
ഹിക്കുവാനായി നാം
നമ്മെ സ്വയം സജ്ജരാക്കേണ്ടതുണ്ട്.
അനവധി സാധ്യതകളിലേക്ക്
വികസിക്കുവാനുള്ള കഴിവ് ഒരോ
മിത്തിന്റെയും ജന്മസ്വഭാവമാണെന്ന് കെ
ഇ എൻ എഴുതിയിട്ടുണ്ട്.

വ്യവസ്ഥാപിതമായ എല്ലാ ശക്തികളും
സ്ത്രീകളെ തകർത്തു കളയാൻ മാത്രം
ശക്തമാണ്. നിയമവും കോടതിയും
ഒക്കെ മാറിമാറി എന്തെല്ലാം
നിയമങ്ങൾ ഉണ്ടാക്കിയാലും സ്ത്രീകളെ
സ്വയം പിൻവാങ്ങാൻ പ്രേരിപ്പിക്കുന്ന
അനുഭവങ്ങളാണ് സമൂഹത്തിൽ
നിന്നും ഉണ്ടാകുന്നത്. എഴുത്തുകാരി
ആയ സ്ത്രീ ആയിരിക്കുന്നതിൽ ചില
അനുകൂല ഘടകങ്ങളും ഉണ്ടെന്നാണ്
നോബൽ
പുരസ്കാരജേതാവായ ആലീസ്
മൺറോ പറയുന്നത്. കൂടുതൽ
ജാഗ്രതയോടെ കാര്യങ്ങളെ നോക്കി
ക്കാണാൻ അത് സഹായിക്കുമത്രേ.
ആർക്കായാലും ചില പ്രതിരോധങ്ങൾ
നല്ലതാണെന്ന് അവർ വിശ്വസിക്കുന്നു.

ലളിതാംബിക അന്തർജ്ജനത്തിന്റെ
പ്രതികാരദേവത എന്ന കഥയിൽ ഒരു
പതിവ്രതയായ സ്ത്രീ
കഥയെഴുതാനിരിക്കുന്നുണ്ട്. തന്റെ
കടമപ്രകാരമുള്ള ജോലികളെല്ലാം
തീർത്ത്, ഭർത്താവിനെയും
കുട്ടികളെയും ഉറക്കിക്കിടത്തിയിട്ട്
കഥയെഴുതാൻ ഇരിക്കുകയാണ്.
അവർക്ക് ഒരു വരി പോലും
എഴുതാനാകുന്നില്ല.തന്റെ ഭർത്താവിന്റെ
സത്പേര്, കുടുംബം, കുലീനത,
ഇതെല്ലാം അവളെ എഴുത്തിൽ
നുന്ന് തടയുന്നു. അപ്പോഴാണ് പ
ുറത്തെ ഇരുട്ടിൽ നിന്ന് ഒരു സ്ത്രീരൂപം
അവളുടെ മുന്നിലേക്ക് കടന്നു വരുന്നത്.

'എന്നെക്കുറിച്ചെഴുതൂ' എന്നു പറഞ്ഞു കൊണ്ട്.അത് കുറിയേടത്തു താത്രി ആയിരുന്നു. കുലീന യിലേക്ക് തന്റേടവും കരുത്തുമുള്ള ഒരു കുറിയേടത്തു താത്രി ആവേശിക്കുന്നതോടെ എഴുതാനുള്ള തടസ്സങ്ങൾ നീങ്ങി. എല്ലാ ഇന്ദ്രിയങ്ങളുടെയും താളം തെറ്റിച്ചു കൊണ്ടു മാത്രമേ ഒരാൾക്ക് മികച്ച എഴുത്തുകാരനോ എഴുത്തുകാരിയോ ആകാൻ കഴിയൂ. സദാചാരബോധം സർഗ്ഗാത്മകതയുടെ ശത്രുവാണ്. അപഥത്തിൽ സഞ്ചരിക്കാൻ ഭയമില്ലാത്ത മന സ്സുണ്ടാകണം. കഠിനമായ പീഡാന നുഭവങ്ങൾ ഏറ്റുവാങ്ങണം. പീഡാന നുഭവങ്ങൾ ഏറ്റു വാങ്ങണമെങ്കിൽ ജന്മനാ കവിയായിരിക്കണം.

ഒരു നൂറ്റാണ്ട് മുൻപ് ഇന്നത്തേതിനേക്കാൾ ഇരുട്ടു നിറഞ്ഞ ആചാരാനുഷ്ഠാനങ്ങളുടെ ബന്ധനത്തിൽ കരുങ്ങിക്കിടന്ന കാലത്ത് ലളിതാംബിക അന്തർജ്ജന വും പിന്നീട് സരസ്വതിയമ്മയും എഴുതിയ കൃതികളുടെ ശക്തിയും സ്വാതന്ത്ര്യദാഹവും മറ്റൊരു മാനത്തിൽ അനുഭവപ്പെടുത്തി മാധവിക്കുട്ടിയും സാറാ ജോസഫും. വടവൃക്ഷങ്ങൾക്ക് ശേഷം ധാരാളം മരങ്ങൾ നിറഞ്ഞ വനമായിരുന്നു മലയാളകഥയിലെ പെൺസാന്നിദ്ധ്യം. അഷിത വീടിനുള്ളിലെ കല്ലു വച്ച നുണകളെ സൗമ്യവും തീക്ഷ്ണവുമായി അവതരിപ്പിച്ചു. അമ്മ – മകൾ ബന്ധത്തിലെ പെൺജീവിതത്തുടർച്ച അഷിതയാണ് ഏറ്റവും മനോഹരമായി അവതരിപ്പിച്ചത്. തീച്ചാമുണ്ഡി എഴുതിയ ഗ്രേസിയും ദേവീഗ്രാമം എഴുതിയ ചന്ദ്രമതിയും വ്യവസ്ഥാപിതമായ കുടുംബബന്ധങ്ങളോട് പരിഹാസഭാവത്തോടെ കലഹിച്ചവരാണ്.

പുരോഗമനപ്രസ്ഥാനങ്ങളും സ്ത്രീവിമോചനപ്രസ്ഥാനങ്ങളും പ്രചരിപ്പിച്ച ആശയങ്ങൾക്ക് പിന്നീട് ശക്തമായ ഒരു തുടർച്ച ഉണ്ടായില്ല. ഇന്ദുമേനോനും സിതാരയും കെ.ആർ മീരയും സി എസ് ചന്ദ്രികയും കെ രേഖയും ധന്യരാജും ഒക്കെ അടങ്ങുന്ന ഒരു വലിയ നിര ഇവിടെയുണ്ട്. നിരൂപകർ അല്ല കാലമാണ് സത്യം തെളിയിക്കേണ്ടത്. എത്രയോ സങ്കീർണ്ണമാണ് ഇന്ന് കേരളത്തിലെ പെണ്ണവസ്ഥകൾ. അന്നത്തെ എഴുത്തുകാർക്കുണ്ടായിരുന്നതിനേക്കാൾ തുറന്നതും വിശാലവുമായ ഒരു ലോകം ലഭ്യമായിരുന്നിട്ടും എന്തുകൊണ്ടാണ് കാമ്പുള്ള രചനകൾ നമ്മുടെ എഴുത്തുകാരികളിൽ നിന്നുണ്ടകാത്തത്? സ്വന്തം എഴുത്തിനെ നിലനിർത്താൻ എഴുത്തുകാർ പൊതുവേ അധികാര വ്യവസ്ഥയുടെ താങ്ങും തണലും ആഗ്രഹിക്കുന്നുണ്ടോ? സദാചാരഭീതിയും വിമർശനഭീതിയും കൂടാതെ കാലത്തിന്റെ ബയോളജിക്കലും സോഷ്യോപൊളിറ്റിക്കലും സൈക്കോളജിക്കലുമായ പ്രശ്നങ്ങളെ തൊടുവാൻ കെൽപ്പുള്ള മികച്ച എഴുത്തുകാരുടെ അഭാവം ഇവിടെയുണ്ട്. എഴുത്തിലൂടെ യാഥാർഥ്യത്തെ അതിശയിക്കുന്ന ഒരെഴുത്തുകാരിയാണ് നമുക്കു വേണ്ടത്. ശരാശരിയെ മികച്ചതെന്ന് വാഴ്ത്തുമ്പോൾ നിരൂപകരും ആലോചിക്കേണ്ടത് തങ്ങൾ ചരിത്രത്തോട് ചെയ്യുന്ന നീതികേടിനെ കുറിച്ചാണ്.

എസ്. ശാരദക്കുട്ടി,
ശാരിക, പെരുന്ന വെസ്റ്റ്. പി.ഒ
ചങ്ങനാശ്ശേരി.

പ്രണയം
പൊതുവെ മനസ്സിലാക്കപ്പെടുന്ന അർഥത്തിൽ ഒരു ആത്യന്തിക മൂല്യമാണ്. വേറിട്ട ഏതു ചിന്തയേയും താത്പര്യത്തേയും വിഴുങ്ങാനുള്ള കഴിവ് ആത്യന്തിക മൂല്യങ്ങൾക്കുണ്ട്. കുടുംബ ബന്ധങ്ങളിലെ ആത്യന്തിക പ്രണയസങ്കൽപം കുടംബ കലഹങ്ങളുണ്ടാക്കുന്നു. ലൈംഗികതയെ പ്രണയത്തിന്റെ കുരുക്കിൽ നിന്ന് മോചിപ്പിക്കേണ്ടത് അതിന്റെ രാഷ്ട്രീയവത്കരണത്തിന് ആവശ്യമാണ്.

സദാചാരത്തിന്റെ രാഷ്ട്രീയം സമകാലീന ഇന്ത്യയിൽ സാംസ്കാരിക നിയന്ത്രണങ്ങൾ ഏറ്റവും കർക്കശമാകുന്നത് സ്ത്രീ, കുടുംബം, ലൈംഗികത തുടങ്ങിയ വിഷയങ്ങളോട് അനുബന്ധമായാണ്.

മാധവിക്കുട്ടി ദാമ്പത്യത്തിനു വെളിയിൽ സ്നേഹം കണ്ടെത്താൻ ശ്രമിക്കുമ്പോൾ പോലും മാധവിക്കുട്ടിയുടെ നായികമാർ വിവാഹബന്ധത്തിന്റെ പവിത്രതയെകുറിച്ച് സംസാരിക്കുന്നുണ്ട്. (സൂര്യൻ എന്ന കഥ)

ഖലീൽ ജിബ്രാൻ വിവാഹം നിങ്ങളിരുവരും ഒന്നിച്ചാണ് ജനിച്ചത് ഇനിയും ഒന്നിച്ചു തന്നെ ആയിരിക്കും ദൈവത്തിന്റെ നിശ്ശബ്ദ ഓർമ്മയിൽ പോലും നിങ്ങൾ ഒന്നിച്ചായിരിക്കും. നിങ്ങളുടെ ഈ ഒരുമയിൽ സ്വാതന്ത്ര്യത്തിന്റെ വായുവിനു കടന്നു പോകുവാൻ ഇടങ്ങളുണ്ടായിരിക്കണം. അന്യോന്യം സ്നേഹിക്കുക, സ്നേഹത്തിൽറെ കെട്ടുപാടുകൾ സൃഷടിക്കരുത.ഇരുവരും അവരവരുടെ തനിമയിൽ വേറിട്ടു നില്ക്കുക. തനിമയോടെ അകന്നു നിൽക്കുകയും ഒരുമയോടെ ഭാരം താങ്ങുകയും ചെയ്യുക. ഓക്കു മരവും സൈപ്രസ് മരവും അന്യോന്യം തണലിൽ നിൽക്കുന്നില്ലല്ലോ.

സഹായക ഗ്രന്ഥങ്ങൾ

1. Poetic vision, Family Ethnicity,Writers Freedom--An Anhology of papers published in the National Literary Seminar,1995
2. കുടുംബ–ഭരണകൂടം സ്വകാര്യ സ്വത്ത് എന്നിവയുടെ ഉത്ഭവം – മാർക്സ്; ഏംഗത്സ്
3. ആണരശു നാട്ടിലെ കാഴ്ചകൾ–എഡി: ജെ. ദേവിക
4. തെരഞ്ഞെടുത്ത ലേഖനങ്ങൾ – കെ.ഇ.എൻ.
5. കേരളം ലൈംഗികത ലിംഗനീതി എഡി: കെ.എം. വേണുഗോപാൽ
6. പെണ്ണെഴുതുന്ന ജീവിതം. കെ.എം. വേണുഗോപാൽ
കൂടാതെ മലയാളത്തിലെ സ്ത്രീ എഴുത്തുകാരുടെ കഥാ സമാഹാരങ്ങൾ ഈ പഠനത്തിൽ ഉപയോഗിച്ചിട്ടുണ്ട്.

അജ്ഞാതമാകുന്ന സ്ഥലങ്ങൾ

റോസ്‌ലി ജോയ്
കഥാകൃത്ത്
തൂത്തുക്കുടി, തമിഴ്നാട്

"അത് നിന്നിരുന്ന സ്ഥലവും അജ്ഞാതമായിത്തീരും" കയ്യിലിരുന്ന പുസ്തകം ഞെട്ടലോടെയടച്ചു മാളിയേക്കൽ വർക്കിക്കുഞ്ഞ് കട്ടിലിലേക്കിരുന്നു. നെഞ്ചിനുള്ളിൽ എന്തോ ഒരു പിടപ്പ് പോലെ. ശ്വാസത്തിന് വേഗത കൂടിയോ....? കട്ടിലിലിരുന്നെടുക്കാവുന്ന പാകത്തിൽ സ്റ്റാൻഡിലെ കൂജയിൽ വെള്ളമിരിപ്പുണ്ട്. അതെടുത്തു കുടിച്ചിട്ടും മനസ്സിൽ ആ വരികൾ കിടന്നു തിളയ്ക്കുന്നു.

"*മനുഷ്യ ജീവിതം പുൽക്കൊടിക്കു തുല്യമാകുന്നു, വയലിലെ പുഷ്പം അതു പോലെ വിരിയുന്നു ചുടു കാറ്റടിക്കുമ്പോൾ അത് വാടിപ്പോകുന്നു അത് നിന്നിരുന്ന സ്ഥലവും അജ്ഞാതമായിത്തീരും.*"

അജ്ഞാതമാകുകയോ..? എങ്ങനെയാണ് ഒരു സ്ഥലം അജ്ഞാതമാകുന്നത്...? കിളച്ചു മറിച്ചു പുതിയ വിത്തിടുമ്പോഴോ...? അതോ പുതു നാമ്പുകൾ വളർന്നു കഴിഞ്ഞോ...? അയാൾ ചുറ്റുമുള്ള വസ്തുക്കളെ ആദ്യം കാണുന്നയെന്നവണ്ണം നോക്കി. ചാരുകസേര, കണ്ണാടി പിടിപ്പിച്ച പഴയ തടിയലമാര, മൂലയ്ക്ക് കിടക്കുന്ന കണക്ക് പുസ്തകങ്ങൾ സൂക്ഷിച്ചിക്കുന്ന മേശ, അതിനു പുറത്ത് പേന ഉള്ളിൽ തിരുകി വെച്ചിരിക്കുന്ന കണക്ക് പുസ്തകം. ഇതെല്ലാം ഇവിടെ നിന്ന് ഇല്ലാതാകുമോ? നിലം കിളച്ച് മറിച്ചു കഴിയുമ്പോൾ മേൽമണ്ണ് അടിയിൽ പോകും, അടി മണ്ണ് മേൽ മണ്ണാകും. കൃഷിയിടത്തെ മണ്ണിന് സ്വസ്ഥമായി ഒരിടം ഉണ്ടോ? പുതു ചെടികൾ വളർന്നു കഴിഞ്ഞാൽ അതിനുമുമ്പവിടെ എന്തുണ്ടായിരുന്നു എന്നാരന്വേഷിക്കും...?

വല്ലാത്തൊരു ഭീതി മനസ്സിലേക്ക് ചേക്കേറി. ഈ വയസ്സിലും ഒരിക്കലും തോന്നിയിട്ടില്ലാത്ത ഒരു പേടി. എന്തിനാണ് ഈ രാത്രി നേരത്ത് അലമാര അടുക്കിയൊതുക്കി വെയ്ക്കാൻ പോയത്? അല്ലെങ്കിൽത്തന്നെ ഇമ്മാതിരി പണിക്കല്ലേ അപ്പുറത്തെ മുറിക്കുള്ളിൽ കിടന്നുറങ്ങുന്ന ചെറുക്കൻ ജോസൂട്ടി. ജിമ്മിച്ചൻ അപ്പന് കൂട്ടായി നിർത്തിയിട്ടു പോയ ജോലിക്കാരൻ പയ്യൻ. വേണ്ടായിരുന്നു. ഒരലമാര അടുക്കലും അതിലിരുന്ന പ്രാർത്ഥന പുസ്കത്തിലെ ഒപ്പീസ് വായനയും ഒന്നും വേണ്ടായിരുന്നു.

എന്തിനെയാണ് താൻ ഭയക്കുന്നത്...? മരണത്തെയോ...? അതോ മറഞ്ഞു പോകുന്ന അവശേഷിപ്പുകളെയോ? മരണത്തെ ഒരിക്കലും ഭയന്നിട്ടില്ല. എപ്പോ വിളിച്ചാലും ആ വിളി കേട്ട് പോകാൻ ഒരുങ്ങിയിരിക്കുന്നവനാണ് ഈ വർക്കിക്കുഞ്ഞ്. മറഞ്ഞു പോകുന്ന അവശേഷിപ്പുകൾ. ഒന്നും ഇവിടെ കാണില്ല. എല്ലായിടത്തും പുതിയ വസ്തുക്കൾ; അതിനു പുതിയ അവകാശികൾ. ഈ മുറിയിലെ ബൈബിൾ സ്റ്റാൻഡും ബൈബിളും ഇവിടെത്തന്നെ കാണില്ലേ? ചാരുകസേരക്കരികിൽ വെച്ചിരിക്കുന്ന ഗ്രാമഫോൺ പെട്ടി... എല്ലാം ഒന്നൊന്നായി മാറിപ്പോകുമോ? കൊല്ലങ്ങൾക്ക് ശേഷം റിട്ടയർ ചെയ്തു ഇവിടെ താമസിക്കാൻ വരുന്ന ജിമ്മിച്ചനും കുടുംബത്തിനും വേണ്ടേ...? ഇത്രേം ഭംഗിയുള്ള ഈ പഴയ ഇരുനില മാളിക ഒരിക്കലും പൊളിക്കില്ല എന്നവൻ പലവട്ടം പറഞ്ഞിട്ടുണ്ട്. അവധിക്കു വരുമ്പോഴൊക്കെ എന്തെങ്കിലും അറ്റകുറ്റപ്പണിയുണ്ടെങ്കിൽ നോക്കിക്കണ്ട് ചെയ്യിപ്പിക്കാറുമുണ്ട്.

എത്രയോ പേരുടെ മരണം കണ്ട മാളിയേക്കൽത്തറവാട്. കുഞ്ഞേലമ്മായി മുതൽ ഒടുവിൽ പത്തു കൊല്ലം മുമ്പ് മരിച്ച പ്രിയ മേരിപ്പെണ്ണ് വരെ.

കുഞ്ഞേലമ്മായി ഒഴികെ ബാക്കി
എല്ലാവരുടെയും സുഗന്ധലേപനങ്ങൾ
പുരട്ടി പുതുവസ്ത്രങ്ങൾ ധരിപ്പിച്ച്
പൂക്കൾ കൊണ്ടു മനോഹരമായി
അലങ്കരിച്ച പെട്ടിയിൽ കിടത്തി
ആർഭാടപൂർവ്വമായ ശവമടക്കായിരുന്നു.
തേങ്ങാപ്പുരയിൽ തൂങ്ങി നിന്ന
കുഞ്ഞേലമ്മായിയെ ഒരു പെട്ടി കൊണ്ടു
വന്നു തൂങ്ങിക്കിടന്ന അതേ മുഷിഞ്ഞ
സാരിയിൽ അതിനുള്ളിലാക്കി.
കണ്ണോക്കോ കണ്ണുനീരോ ഇല്ലാതെ
അപ്പോൾ കൂടിയ കുറച്ചു പേർ ചേർന്ന്
ആ അപമാനത്തെ പള്ളിയിലേക്ക്
വേഗം ചുമന്നു കൊണ്ടു പോയി.
പള്ളീലച്ചന്റെ കാലു പിടിച്ചത് കൊണ്ട്
തെമ്മാടിക്കുഴിയിലേക്ക് പോകാതെ
സിമിത്തേരിയുടേ മൂലക്ക് ഒരു
സ്ഥലവും കിട്ടി കുഞ്ഞേലമ്മായിക്ക്.
ആരും കരയാത്ത ആ വീട്ടിൽ പേടിച്ച്
വിറച്ച് വർക്കിക്കുഞ്ഞ് എന്ന പത്തു
വയസ്സുകാരൻ അമ്മയുടെ അരികിൽ
നിന്നു.

രാത്രിയിൽ കൂടെ കിടന്നു കഥ
പറഞ്ഞു തന്നിരുന്ന കുഞ്ഞേലമ്മായി.
എന്നും സന്ധ്യാ പ്രാർത്ഥനയ്ക്ക്
“കുഞ്ഞേലേ ഒരു പാട്ട് പാടടീ...” എന്ന്
വല്യപ്പന് പറയുമ്പോൾ കൂമ്പിയടഞ്ഞ
കണ്ണുകളുമായി നല്ല ഈണത്തിൽ
നീട്ടിപ്പാടുന്ന കുഞ്ഞേലമ്മായി. എന്തോ
കുഴപ്പമുണ്ടെന്ന് ചേർത്തലയിലെ
കല്യാണം ഉറപ്പിക്കുന്നതിന്
മുമ്പ് ഉണ്ടായ ബഹളത്തിൽ
നിന്ന് മനസ്സിലായിരുന്നു. “വയറു
വീർക്കുന്നതിനു മുമ്പ് അസത്തിനെ
വടക്കെങ്ങാണ്ടൊരു സ്ഥലത്ത്
കൊണ്ടാക്കി നാണക്കേട് ഒഴിവാക്കാം.
പേരും പെരപ്പുമെല്ലാം അവർ നോക്കും.
പിന്നെ ഒന്നും അന്വേഷിക്കുകയേ
വേണ്ട. ഒരു വീതം അങ്ങ് കൊടുത്താ
മതി. എന്ന അടക്കം പറച്ചിലുകൾ...
കുഞ്ഞേലമ്മായി കളി ചിരി നിർത്തി
അടി കൊണ്ടു തളർന്ന ശരീരവും
കരഞ്ഞു വീർത്ത മുഖവുമായി
പടിഞ്ഞാറെ മുറിയിലെ ഇരുട്ടിൽ
കിടന്നു. ആരും അങ്ങോട്ട് പോയതും
ഇല്ല. കുഞ്ഞേലമ്മായിക്കിതെന്തു പറ്റി
എന്നറിയാൽ ആ മുറിയുടെ വാതിൽ
തുറക്കാൻ ശ്രമിച്ച വർക്കിക്കുഞ്ഞിനെ
”പോടാ അപ്രത്ത്...“ എന്ന് പറഞ്ഞു
അപ്പൻ വിരട്ടിയോടിച്ചു.

മരണം കഴിഞ്ഞ പിറ്റേ ദിവസം
അപ്പനും വല്യപ്പനും ചേർന്ന്
കുഞ്ഞേലമ്മായിയുടെ പെട്ടിയിൽ
കിടന്ന സാധനങ്ങൾ ഒന്നൊന്നായി
പുറത്തേക്കിട്ടു. ആമ്പൽ വള്ളികൾക്കിടെ
പൂക്കൾ കൊത്തിയ മേലടപ്പുള്ള
തടിപ്പെട്ടിയിൽ നിന്നും വോയിൽ
സാരികൾക്കും ടെർലീൻ സാരികൾക്കും
ഒപ്പം ഉണങ്ങിയ കൈതപ്പൂക്കളും
ചിതറി നിലത്ത് കിടന്നു. ആർക്കും
ഒന്നും കിട്ടിയില്ല. കുഞ്ഞേലമ്മായിയുടെ
രഹസ്യം സെമിത്തേരിയുടെ
മൂലയിലെ ആറടി മണ്ണിൽ ഒരു
കുരിശു പോലും സ്ഥാപിക്കപ്പെടാത്ത
കുഴിമാടത്തിനുള്ളിൽ മറഞ്ഞു കിടന്നു.
കുർബാന ഇല്ലാത്ത സമയം നോക്കി
ആരും കാണാതെ സെമിത്തേരിയിൽ
പോയി കണ്ണീരൊഴുക്കുന്ന വല്യമ്മ
ഒഴികെ എല്ലാവരും കുഞ്ഞേലമ്മായിയെ
മറന്നതായി ഭാവിച്ചു. ആ പേര് പോലും
പിന്നീടാരും ഉച്ചരിച്ചില്ല.

മേരിപ്പെണ്ണിനെ കെട്ടി ജിമ്മിച്ചനും
ആലീസും ബാബുക്കുട്ടനും
ഉണ്ടായതിനു ശേഷമാണ് വല്യപ്പനും
വല്യമ്മയും മരിക്കുന്നത്. എട്ടാം
വയസ്സിൽ മഞ്ഞപ്പിത്തം വന്നു
മരിച്ചു പോയ ബാബുക്കുട്ടൻ.

അവൻ മരിച്ച് ദിവസമാണ്
‘കനിവില്ലാത്തവനെ...” എന്ന്
ദൈവത്തെ വിളിച്ചു ദൈവനിഷേധം
പറഞ്ഞ് ഉറക്കെക്കരഞ്ഞത്.
മേരിപ്പെണ്ണ് മരിക്കുന്ന നാളുവരെ
ബാബുക്കുട്ടന്റെ കാര്യം പറഞ്ഞു
കരഞ്ഞു. അവനു പരീക്ഷയ്ക്ക് കിട്ടിയ
മാർക്കെഴുതിയ കടലാസ്, അവന്റെ
പുസ്തകങ്ങൾ എല്ലാം അവൾ നിധി
പോലെ സാരിക്കടിയിൽ പൊതിഞ്ഞു
അലമാരയിൽ സൂക്ഷിച്ചു. അപ്പനും
അമ്മയും പ്രായം ചെന്ന് മരിക്കുമ്പോൾ
ജിമ്മിച്ചന്റെയും ആലിസിന്റെയും
കല്യാണം കഴിഞ്ഞിരുന്നു. മേരിപ്പെണ്ണ്
മരിക്കാറായപ്പോൾ “എന്റെ
ബാബുക്കുട്ടൻറടുത്ത് പോകുവാ...”
എന്ന് പറഞ്ഞാണ് കണ്ണടച്ചത്.

കുഞ്ഞേലമ്മായി, വല്യപ്പൻ, വല്യമ്മ,
ബാബുക്കുട്ടൻ, അപ്പൻ, അമ്മ,
മേരിപ്പെണ്ണ് എല്ലാവരും മാളിക
വീടിന്റെ താഴത്തെ നിലയിലെ
വിശാലമായ നടുമുറിയിൽ
ശവപ്പെട്ടികളിൽ നീണ്ടു നിവർന്നു
കിടന്നു. ബാബുക്കുട്ടന്റേത് മാത്രം
ഒരു കൊച്ചു പെട്ടി. ചെറിയ പെട്ടി
കിട്ടാനില്ലാത്ത കൊണ്ട് വലിയ പെട്ടി
വാങ്ങി ആശാരിയെ വരുത്തി അത്
ചെറുതാക്കുകയായിരുന്നു. എല്ലാവരും
ചിത്രങ്ങളായി ഇപ്പോൾ നടുമുറിയിലെ
ഭിത്തിയിൽ. കുഞ്ഞേലമ്മായിക്ക്
അവിടെയും ഇടം നിഷേധിക്കപ്പെട്ടു.
ആരോ ഹൃദയത്തിൽ നിന്ന്
പറിച്ചെറിഞ്ഞു മരണത്തിലേക്ക്
തള്ളി അപമാനത്തിന്റെ കുഴിയിൽ
അവസാനിച്ചവൾക്ക് ഭിത്തിയിലെ ഒരിടം
കൊണ്ട് എന്ത് നേടാൻ...?

നിന്നിരുന്ന സ്ഥലം
വേഗം അജ്ഞാതമായത്
കുഞ്ഞേലമ്മായിയുടേത് തന്നെ.
മക്കളെത്ര എന്ന് ആരെങ്കിലും
ചോദിച്ചാൽ ഒരാളുടെ എണ്ണം കുറച്ചേ
വല്യപ്പൻ പറയുമായിരുന്നുള്ളു.
ആമ്പൽപ്പൂ കൊത്തി വെച്ച ആ പെട്ടി
കുറെ നാൾ അറയിലെവിടെയോ
കിടപ്പുണ്ടായിരുന്നു. വലിയ കടലാസ്
അതിനു മീതെ വെച്ച് പെൻസിൽ
കൊണ്ടു അമ്മായി അതിന്റെ
ട്രെയിസ് എടുത്തു വർക്കിക്കുഞ്ഞിനു
കൊടുക്കുമായിരുന്നു. പിന്നീടത്
ഇളകിപ്പറിഞ്ഞു തേങ്ങാപ്പുരയിൽ
കിടക്കുന്നത് കണ്ടിട്ടുണ്ട്.
പിന്നെയെവിടെപ്പോയി...? അതിനുള്ളിലെ
കൈതപ്പൂ മണക്കുന്ന സാരികളും....?
വല്യപ്പന്റെ വെള്ളികെട്ടിയ വടിയും
ടക്ക്... ടക്ക് എന്നടിച്ചു നടന്നിരുന്ന
മെതിയടിയും...? പാറ്റ കയറാതെ
കുരുമുളക് മണികൾ വിതറിയിട്ടു
വച്ചിരുന്ന വല്യമ്മയുടെ കാൽപ്പെട്ടിയും
ഇത് പോലെ തന്നെ കാണാതെ
പോയോ...? വല്യമ്മ കല്യാണം
കഴിഞ്ഞു വന്ന കാലത്ത് കൊണ്ടു
വന്ന ആ പെട്ടിയിൽ സ്വർണ്ണവും
തുണിയും ഇട്ടു വെയ്ക്കാൻ പ്രത്യേകം
അറകൾ ഉണ്ടായിരുന്നു. അമ്മയുടെ
“ത്രേസ്യാ’ എന്ന് കൊത്തി വെച്ച
പൊക്കം കുറഞ്ഞ പെട്ടി. അമ്മാവൻ
ഗീവർഗ്ഗീസച്ചന് കപ്പൽ കയറി റോമിലെ
മാർപ്പാപ്പയെ കാണാൻ പോയപ്പോൾ
കൊണ്ടുകൊടുത്ത വലിയ കുരിശുള്ള
ഒരു കൊന്ത അമ്മ ഭംഗിയുള്ള
ചെപ്പിനുള്ളിൽ ആ പെട്ടിയിൽ
ഭദ്രമായി സൂക്ഷിച്ചു വച്ചു. അപ്പന്റെ
മേശപ്പുറത്തെ ചുണ്ണാമ്പ് നിറച്ചു
വച്ചിരുന്ന നുറ്റുകുടം. മേരിപ്പെണ്ണ്
അവൾക്ക് താൻ അൾത്താരയിൽ
വെച്ച് തലയിൽ ചാർത്തിയ മന്ത്രകോടി
മടക്കി വെച്ചിരുന്നത് ഇപ്പോഴും ഈ
കണ്ണാടി പിടിപ്പിച്ച അലമാരിയിൽ

ഉണ്ടോ...? ഇല്ല. അത് രണ്ട് കൊല്ലം
മുമ്പ് പാറ്റ കരണ്ടു നശിച്ചപ്പോൾ
എടുത്തു കളഞ്ഞിരുന്നു. പത്തു കൊല്ലം
കൊണ്ട് അവളുടെ യാതൊന്നും ഈ
മുറിയിലില്ലാതായോ....? അവളുടെ
പഴയ സാരികൾ മരിച്ചു മന്ത്ര വീടുന്ന
ദിവസം ജിമ്മിച്ചന്റെ ഭാര്യ ഷേർളിയും
ആലീസും ചേർന്ന് പണിക്കാർക്കോ
മറ്റോ കൊടുത്തെന്നു തോന്നുന്നു.
അതിനിടയിൽ അവൾ സൂക്ഷിച്ചിരുന്ന
ബാബുക്കുട്ടന്റെ മാർക്കെഴുതിയ
കടലാസ്സും പുസ്തകങ്ങളും...?

ഒന്നും ഓർമ്മ കിട്ടുന്നില്ല. എല്ലാം
കാണാതായോ....? പുൽക്കൊടി
നിന്നിരുന്ന സ്ഥലത്തെ ഓരോ
അടയാളവും മാഞ്ഞു പോയിരിക്കുന്നു.
അപ്പോഴാണ് യഥാർത്ഥ മരണം
സംഭവിക്കുന്നത്. അവസാന
ശ്വാസമോ അത് വലിക്കുമ്പോഴുള്ള
കഠിന വേദനയോ ഒന്നുമല്ല
ദുസ്സഹം. നിന്നിരുന്ന സ്ഥലം
കാണാതാവുന്നതാണ്. അന്വേഷിച്ചിട്ടും
അത് കണ്ട് പിടിക്കാൻ വല്ലാതെ
വിഷമിക്കുന്നു. ഈ ജന്മം ഒരു ചെറിയ
പുൽക്കൊടിയുടേതോ...? അതോ ഒരു
ചൂടു കാറ്റിൽ കരിഞ്ഞു തീരാനുള്ള
ദുർബലമായ ഒരു വയൽപ്പൂവോ...?

അയാൾ കട്ടിലിൽ നിന്നും എഴുന്നേറ്റ്
മുറിക്കുള്ളിലൂടെ അങ്ങോട്ടും ഇങ്ങോട്ടും
വ്യാകുലപ്പെട്ട് നടന്നു. നടുവിൽ
അടുത്ത മുറിയിൽ ചെന്ന് ജോസൂട്ടിയെ
വിളിച്ചുണർത്തി.

'എന്താ...? അപ്പച്ചാ? എന്തെ...? പാതിരാ
കഴിഞ്ഞല്ലോ ഇനീം ഒറങ്ങീല്ലേ...?
കണ്ണ് തിരുമ്മി നിൽക്കുന്ന ജോസൂട്ടി..
"നീ മുറിയിലേക്കൊന്നു വാ... എനിക്ക്
കുറച്ച് പറയാനുണ്ട്..."

എന്ത് പറ്റിയപ്പച്ചാ സുഖമില്ലാതായോ...?
മുറിയിൽ എത്തിയ ചെറുക്കന് പരിഭ്രമം..
നീ നാളെ രാവിലെ തന്നെ ഒരിടത്തു
പോകണം..."
"എവിടെ...?"
ആശാരി ഗോപാലന്റെ വീട്ടിൽ.. നീ
ചെന്നയാളെ കൂട്ടിക്കൊണ്ടു വരണം...
"അത് നാളെ പറഞ്ഞാലും
പോരാഞ്ഞോ...? ഇപ്പോ
പറഞ്ഞിട്ടെന്തിനാ...?

"അത് മാത്രം പോരാ... നീ ഒരു
കടലാസും പേനേം എടുത്തേ...
ഉണ്ടാക്കണ്ട സാധനങ്ങളുടെ ഒരു
ലിസ്റ്റ് എഴുതണം"
"അപ്പച്ചാ... അത് ആശാരി നാളെ
വരുമ്പോൾ പറഞ്ഞാപ്പോരെ...?"

"പോരാ.. നീ എഴുത്..." അയാളുടെ
ശബ്ദം കടുത്തു. ജോസൂട്ടി
ഓരോന്നായി എഴുതിത്തുടങ്ങി.

ഒരു പൊക്കമുള്ള തുണിപ്പെട്ടി,
മേലടപ്പിൽ ആമ്പൽപ്പൂക്കളും ഇലകളും
കൊത്തിയത്, വെള്ളി കെട്ടിയ ഒരു
വടി, ഒരു ജോടി മെതിയടി, നിറയെ
അറകളുള്ള ഒരു കാൽപ്പെട്ടി, ത്രേസ്യാ
എന്ന് കൊത്തി വെച്ച പൊക്കം
കുറഞ്ഞ ഒരു പെട്ടി. പിന്നെ കുറച്ച്
പോളീഷ്. ഈ തടിയലമാരേം ഒന്ന്
പുതുക്കണം"

എന്തിനാ അപ്പച്ചാ ഇതെല്ലാം...? ഇപ്പോ
ആർക്കാ ഇതെല്ലാം വേണ്ടത്...?" ഉറക്കം
വിട്ട ജോസൂട്ടിക്ക് അത്ഭുതം.

"എനിക്ക്... എനിക്ക് വേണമെടാ...
ഇതെല്ലാം ഈ മാളിയേക്കൽ വീട്ടിൽ
ജീവിച്ചിരുന്നവരുടെതാ... ഓരോരോ
കാലത്ത് മരിച്ചു പോയവർ. ഈ

വീട്ടിലെ വായു ശ്വസിച്ച്, ഈ മുറ്റത്ത്
നടന്നവർ. അവരുടെ ശേഷിപ്പുകളും
അവരോടൊപ്പം പോയി. എല്ലാം ഒന്നു
കൂടി ഒണ്ടാക്കി ഈ വീട്ടിൽ വെക്കണം.
അവർ മറഞ്ഞു പോയതു പോലെ
മറയേണ്ടതല്ല അവരുടെ ശേഷിപ്പുകൾ..
എന്റെ കാലം കഴിയണ വരേങ്കിലും
ആ ശേഷിപ്പുകൾ ഇവിടെത്തന്നെ
വേണം.

"അത് കഴിഞ്ഞാലോ അപ്പച്ചാ...?"

ജോസൂട്ടിയുടെ നിഷ്കളങ്കമായ ചോദ്യം

"അത് കഴിഞ്ഞ്... അത്
കഴിഞ്ഞാരെങ്കിലും സൂക്ഷിച്ചു
വെക്കുമായിരിക്കും.. അപ്പോ എന്നേം
കൂടെ കാണും അവർക്ക് സൂക്ഷിക്കാൻ."
അയാൾ ചിരിച്ചു കൊണ്ടു പറഞ്ഞു.

"എത്ര നാൾ...?" അവന് സംശയം
തീരുന്നില്ല....

"അത് അതിങ്ങനെ നാളില്ല...
അതങ്ങനെ ഇവിടെ ഇരുന്നോളൂല്ലേ..."

ആരിരുത്തും അപ്പച്ചാ...? ഈ
പറഞ്ഞവരുടെ എന്തെങ്കിലും
ആരെങ്കിലും സൂക്ഷിച്ചോ...?

വർക്കിക്കുഞ്ഞ് കുറച്ച് നേരം
ആലോചിച്ചു നിന്നു. പിന്നെ ഉത്തരം
നഷ്ടപ്പെട്ട് ജോസൂട്ടിയെ ദയനീയമായി
നോക്കി. ഒടുവിൽ തളർന്നു ചാരു
കസേരയിലേക്കിരുന്നു.

"ഈ അപ്പച്ചന്റെ ഒരു കിറുക്ക്.
എന്റെ ഒറക്കോം പോയി.." അവൻ
പിറുപിറുത്തുകൊണ്ട് മുറിയിലേക്ക്
പോയി.

പിറ്റേന്ന് തറവാട് മുറ്റത്തെ
പന്തലിൽ അലങ്കരിച്ച ശവപ്പെട്ടിയിൽ
വർക്കിക്കുഞ്ഞിന്റെ മൃതശരീരം
നീണ്ടു നിവർന്നു കിടന്നു. മരണ
പ്രാർത്ഥനയുടെ അകമ്പടിയോടെ പള്ളി
സെമിത്തേരിയിലേക്കുള്ള യാത്ര. ...

മനുഷ്യ ജീവിതം പുൽക്കൊടിക്കു
തുല്യമാകുന്നു

വയലിലെ പുഷ്പം പോലെ അത്
വിരിയുന്നു

ചുടു കാറ്റടിക്കുമ്പോൾ അത്
വാടിപ്പോകുന്നു

അത് നിന്നിരുന്ന സ്ഥലവും
അജ്ഞാതമായിത്തീരും..."

അഞ്ചാം ദിവസത്തെ മന്ത്രം കഴിഞ്ഞു
മടങ്ങിപ്പോകുന്ന ജിമ്മിച്ചൻ വീടിന്റെ
താക്കോൽ ജോസൂട്ടിയെ ഏൽപ്പിച്ചു
പറഞ്ഞു.

"ജോസൂട്ടി.... ഞാൻ പഴയ
ഫർണ്ണിച്ചർ വാങ്ങുന്ന ആൾക്കാരെ
ഏർപ്പാടാക്കിയിട്ടുണ്ട്. അവർ
അടുത്താഴ്ച വരും. നീ പഴയ
മരയുരുപ്പടിയെല്ലാം എടുത്തവർക്ക്
കൊടുത്തേക്കണം. നമുക്ക് ഈ
വീടൊന്നു പുതുതായി ഫർണ്ണീഷ്
ചെയ്യണം."

ഒപ്പീസ്-മരിച്ചവർക്ക് വേണ്ടി നടത്തുന്ന
പ്രാർത്ഥന
മന്ത്ര മരണം കഴിഞ്ഞ് വീട്ടിൽ
നടത്തുന്ന പ്രാർത്ഥന

യാത്രികന്റെ അസ്വസ്ഥതകൾ

സിന്ധു കെ.വി.
കവി,

അസി: പ്രൊഫസർ,
മാടായി കേപ്പറേറീവ് ആർട്സ് ആൻറ് സയൻസ് കോളേജ്, കണ്ണൂർ

അറ്റം ചുരുണ്ട മുടിയഴിച്ചിട്ട താഴ്വാരം,
പൂത്തു പടർന്ന ആപ്പിൾ മരച്ചുവട്ടിലെ
നനവാർന്ന പുൽപ്പരപ്പ്
കുന്നിനു മേലെ താഴ്വരയിലേക്ക്
തുറക്കുന്ന
നിന്റെ പഴയ വീട്
നേരിയ മഞ്ഞു വീഴുന്ന പ്രഭാതത്തിൽ
പുൽമേടുകൾക്കിടയിലൂടെ
നീ ഇറങ്ങി വരുന്നുണ്ടാകും
താഴെ, വഴിയരികിലെ മെലിഞ്ഞ
പുഴക്കരയിൽ
വിരിഞ്ഞ ഗുൽമോഹറിൻ ചോട്ടിൽ
എപ്പോഴോ വരുമെന്ന
പോസ്റ്റുമാനെയും നോക്കി
എന്റെ കത്തു കാത്തിരിക്കും.
പട്ടുപോലുള്ള നിന്റെ മുടിയിഴകളെ
വെയിൽ വിരലുകൾ കോതിയൊതുക്കും
പുൽമേട്ടിൽ ഉരുണ്ട ആട്ടിൻ പറ്റങ്ങൾ
മേഞ്ഞു നടക്കും
പശുക്കിടാങ്ങൾ കുസൃതി
കാട്ടുന്നുണ്ടാകും,
നിനക്കൊപ്പം നടക്കുന്നുണ്ടാകും
താഴ്വാരത്തെ പാൽക്കാരൻ
നിന്റെ തൊഴുത്തുകളിൽ
പാൽപ്പാത്രങ്ങൾ നിറയ്ക്കും
നിന്റെ പ്രണയമൊരു കനലെന്ന്
പിന്നെയും പല ഭാഷയിൽ
ഞാൻ നിനക്കെഴുതും
വിശ്വസിക്കൂ, ഇതുപോലെ തീയുള്ളൊരു
പുരുഷനെ
നീ അർഹിക്കുന്നുണ്ട്.
ഇത്രയും സമൃദ്ധിയുള്ളൊരു
പ്രണയത്തിനേ
ഉള്ളിൽ നെരിപ്പോടൊരുക്കാനാകൂ
അത്രമേൽ സ്നേഹിക്കയാൽ, പ്രിയേ
പിന്നെയും ഞാൻ അകലേക്കു പോകും
വളരുന്ന നമ്മുടെ കുഞ്ഞുങ്ങളോട്
എന്റെ പേരിൽ നീ തർക്കിക്കും
കണ്ണുകളിലും കവിളിലും അന്നേരത്ത്
കനലുകൾ ചുവക്കും
ഒരുവൾ സ്ത്രീയാകുന്നതെങ്ങനെയെന്ന്
നീയവരെ പഠിപ്പിക്കും
എനിക്കായി ഒതുങ്ങുന്ന
മഞ്ഞുകാലമായി
ഉള്ളിൽ നീയിപ്പോഴും
എന്നെയോർത്ത്
പുതച്ചിരിക്കുന്നുണ്ടാകും
ലഹരി പോലെ നീ നുരയാൻ പ്രിയേ,
പിന്നെയും ഞാൻ അകലേക്കു തന്നെ
പോകുന്നു

രാജൻ ചെറുകാട്
ചീഫ് സബ് എഡിറ്റർ
മാതൃഭൂമി, പാലക്കാട്

വിവാദമാകുന്ന വിജയ ശതമാനം

വിവാദങ്ങൾക്ക് പഞ്ഞമില്ലാത്ത
കേരളത്തിൽ പുതിയ വിവാദത്തിന്
തിരികൊളുത്തിയത് എസ്.എസ്.എൽ.
സി. പരീക്ഷയിലെ റെക്കോർഡ്
വിജയമാണ്. 98.56 ശതമാനം
കുട്ടികളാണ് ജയിച്ചത്. സ്വന്തം
പേര് തെറ്റ് കൂടാതെ എഴുതാൻ
അറിയാത്തവർ പോലും 'എ പ്ലസ്'
നേടിയിട്ടുണ്ടെന്ന് ഒരു വിഭാഗം
പറയുമ്പോൾ പാവപ്പെട്ട കുട്ടികൾ
ജയിക്കുന്നതുകൊണ്ടുള്ള അസൂയയാണ്
വിജയശതമാനം ഉയരുന്നതിനെ
കുറ്റപ്പെടുത്തുന്നതിന് കാരണമെന്ന്
മറുവിഭാഗം പറയുന്നു.
പരീക്ഷ എഴുതിയ എല്ലാ
കുട്ടികളും ജയിക്കുക എന്നത്
അഭിലഷണീയമായ കാര്യമാണ്.
അതിനെ കുറ്റപ്പെടുത്തേണ്ടതില്ല. പക്ഷേ
നിലവാരം അതിനേക്കാൾ പ്രധാനമാണ്.
സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ.
പരീക്ഷകളിൽ വർഷങ്ങളായി വിജയം
95 ശതമാനത്തിന് മുകളിലാണ്.
അതിനെ കുറ്റപ്പെടുത്താത്തവരാണ്
കേരളാ സിലബസിലെ പുതിയ

വിജയത്തെ ആക്ഷേപിക്കുന്നതെന്നും വാദഗതിയുണ്ട്. കേരളം പിറവി കൊണ്ട 1956–57–ൽ 47260 പേർ എസ്.എസ്.എൽ.സി. പരീക്ഷ എഴുതിയതിൽ വിജയിച്ചത് 21109 പേർ മാത്രമായിരുന്നു. വിജയശതമാനം 44.7 എസ്.എസ്.എൽ.സിയുടെ ചരിത്രത്തിൽ ഏറ്റവും കുറവ് വിജയം 1975–ൽ ആയിരുന്നു. 20.4 ശതമാനം. 1973–ൽ എട്ടാം ക്ലാസ്സിലെ എല്ലാ കുട്ടികളേയും ജയിപ്പിക്കാൻ സർക്കാർ തീരുമാനിച്ചു. അതേ കുട്ടികളെ അടുത്ത വർഷം ഒൻപതാം ക്ലാസ്സിൽ നിന്നും വിജയിപ്പിച്ചു. സാധാരണ അളവുകോൽ വെച്ച് എസ്.എസ്.എൽ.സി. പരീക്ഷ നടത്തിയപ്പോൾ 80 ശതമാനത്തോളം കുട്ടികൾ തോറ്റു. ചാക്കീരി അഹമ്മദ് കുട്ടിയായിരുന്നു വിദ്യാഭ്യാസ മന്ത്രി. 'ചാക്കീരിപ്പാസി'ന്റെ ദുരന്തഫലം പത്താം ക്ലാസ്സിൽ കണ്ടു.
അടുത്ത വർഷം മുതൽ വിജയത്തിൽ വെള്ളം ചേർക്കാൻ തുടങ്ങി. എല്ലാവിഷയങ്ങൾക്കും ജയിക്കണമെന്ന നിർബന്ധം ഒഴിവാക്കി. രണ്ട് ഗ്രൂപ്പായി തിരിച്ചു. ഗ്രൂപ്പ് മിനിമം കിട്ടിയാൽ മതി എന്നു വച്ചു. ഭാഷാവിഷയങ്ങൾ ഉൾപ്പെടുന്ന ഗ്രൂപ്പിന് 90 ഉം സയൻസ് വിഷയങ്ങൾക്ക് 120 ഉം ജയിക്കാൻ മിനിമം എന്ന് തീരുമാനിച്ചു. മിനിമം മാർക്ക് ലഭിക്കാൻ വേണ്ടി 30 മാർക്ക് വരെ മോഡറേഷൻ കൊടുത്തു തുടങ്ങി. അങ്ങനെ 180 മാർക്ക് കിട്ടിയാൽ മോഡറേഷനടക്കം 210 എന്ന കടമ്പ കടക്കാം എന്ന് വന്നു. എന്നിട്ടും വിജയം 50 ശതമാനത്തിന്റെ ചുറ്റുവട്ടത്തിൽ കറങ്ങി.
കേരളത്തിലെ സ്കൂൾ വിദ്യാഭ്യാസത്തിൽ സമഗ്രമാറ്റം വന്നത് 1990കളുടെ മധ്യത്തിലാണ്. ഡി.പി.ഇ.പി. (Distric Primary Education Programme) എന്ന പേരിൽ ലോകബാങ്കിന്റെ ഫണ്ടുപയോഗിച്ചുകൊണ്ടുള്ള വിദ്യാഭ്യാസ പരിഷ്കരണം ആയിരുന്നു അത്. എഴുത്ത്പരീക്ഷ വേണ്ട എന്നതാണ് ഡി.പി.ഇ.പി.യുടെ സങ്കൽപ്പം. പകരം നിരന്തരമൂല്യ നിർണ്ണയം (Continuous Evaluation - C.E) ആണ് വേണ്ടത്. 1997–ൽ ഒന്നു മുതൽ നാലുവരെ ക്ലാസ്സുകളിൽ ഒറ്റയടിക്ക് പരിഷ്ക്കാരം കൊണ്ടുവന്നു. ഏഴ് വർഷത്തെ ഡി.പി.ഇ.പി. പ്രോജക്ട് കഴിഞ്ഞപ്പോൾ 2003 മുതൽ സർവ്വശിക്ഷാ അഭിയാൻ (S.S.A) എന്ന പദ്ധതിക്കും ലോകബാങ്ക് ഫണ്ട് കൊടുത്തു. എട്ടാം ക്ലാസ് മുതലും രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ (R.M.S.A), എട്ടാം ക്ലാസ് മുതലും രാഷ്ട്രീയ ഉച്ചതാർശിക്ഷാ അഭിയാൻ (R.U.S.A) കോളേജുകളിലേക്കും വന്നു കഴിഞ്ഞു.

ഡി.പി.ഇ.പി. രീതിയിൽ പഠിച്ച കുട്ടികൾ 2005–ൽ എസ്.എസ്.എൽ.സി. പരീക്ഷ എഴുതി. 58.49 ആയിരുന്നു വിജയം. 2005–ൽ നിരന്തര മൂല്യനിർണ്ണയത്തിന്റെ മാർക്കു കൂടി എസ്.എസ്.എൽ.സി. പരീക്ഷയുടെ മാർക്കിൽ ഉൾപ്പെടുത്താൻ തുടങ്ങി. അതുവരെ ജയിക്കാൻ 35 ശതമാനം മാർക്ക് വേണം എന്നത് 30 ശതമാനമാക്കി കുറച്ചു. വിജയം 68 ശതമാനമായി. 2007–ൽ 82.29 ഉം 2008 ൽ 92.09 ശതമാനവുമായി. ആ തുടർച്ചയാണ് ഇപ്പോൾ 98.56 ആയി ഉയർന്നത്. ഓരോ പ്രായത്തിലും കുട്ടികൾ നേടിയിരിക്കേണ്ട അറിവ് കണക്കാക്കിയാണ് കരിക്കുലം തയ്യാറാക്കുന്നത്. കരിക്കുലത്തിൽ പറഞ്ഞ ലക്ഷ്യങ്ങൾ സാധിക്കാൻ സിലബസും അതനുസരിച്ച് പാഠപുസ്തകങ്ങളും തയ്യാറാക്കണം. പാഠപുസ്തകത്തിൽ കൊടുത്തിരിക്കുന്ന വിജ്ഞാനം കുട്ടികൾ നേടിയിട്ടുണ്ട്. എന്ന് ഉറപ്പാക്കാനുള്ളതാണ് പരീക്ഷ. അത് കുറ്റമറ്റരീതിയിൽ നടക്കണം. എന്നാൽ എട്ടാം ക്ലാസ്സുവരെ ആരെയും തോൽപ്പിക്കരുത് എന്നാണ്! വിദ്യാഭ്യാസ അവകാശ നിയമം. അത് വലിയ അപകടമാണ്. അങ്ങനെയാകുമ്പോൾ കുട്ടികൾ പഠിക്കില്ല എന്ന് വിദ്യാഭ്യാസത്തിനുള്ള പാർലമെൻറ് അവകാശ സമിതി തന്നെ ചൂണ്ടിക്കാട്ടുന്നു. പക്ഷെ നിയമത്തിൽ മാറ്റമൊന്നും ഉണ്ടായില്ല.
എസ്.എസ്.എൽ.സി. പരീക്ഷയിൽ പകുതിയോളം കുട്ടികൾ തോറ്റിരുന്ന കാലത്ത് അവരെല്ലാം പൊതുവിദ്യാഭ്യാസത്തോട് വിടപറഞ്ഞിരുന്നില്ല. പാരലൽ കോളേജുകളിൽ പോയി പഠിച്ച് അടുത്ത വർഷം മികച്ച വിജയം കൈവരിച്ചവരും സമൂഹത്തിൽ ഉന്നത നിലയിൽ എത്തിയവരുമുണ്ട്. അതുകൊണ്ട് പഠിക്കാത്ത കുട്ടികൾ തോൽക്കുന്നത് ഒരു പാവമല്ല.

2000 മുതലുള്ള എസ്.എസ്.എൽ.സി. വിജയശതമാനം

2000	56.18
2001	56.22
2002	60.62
2003	64.85
2004	70.06
2005	58.49
2006	68.00
2007	82.29
2008	92–09
2009	91.92
2010	90.72
2011	91.32
2012	93.64
2013	94.17
2014	95.47
2015	98.56

നിലവാരം
ഒരുകാലത്ത് ഇന്ത്യയിൽ ഒന്നാം സ്ഥാനത്തായിരുന്ന കേരളത്തിലെ സ്കൂൾ വിദ്യാഭ്യാസത്തിന്റെ നിലവാരം കുറഞ്ഞു എന്നാണ് എല്ലാ സർവ്വെ ഫലങ്ങളും കാണിക്കുന്നത്. ലോകബാങ്കിന്റെ നേതൃത്വത്തിൽ വരുന്ന ജോയിൻറ് റിവ്യൂമിഷൻ മാത്രമേ കേരളത്തിലെ വിദ്യാഭ്യാസത്തെ പ്രകീർത്തിക്കുന്നുള്ളൂ.
2014–ലെ നാഷണൽ അച്ചീവ്മെൻറ് സർവ്വെ ഫലം കേരളത്തിലെ വിദ്യാഭ്യാസത്തിന്റെ നിലവാരത്തകർച്ചയുടെ ഭീകരത

വെളിവാക്കുന്നു. മൂന്നാം ക്ലാസ്സിലെ ഗുണനത്തിൽ കേരളം 25-ആം സ്ഥാനത്തെത്തിയിരിക്കുന്നു എന്നാണ് സർവ്വെ ഫലം. സർവ്വ ശിക്ഷാ അഭിയാന്റെ സഹകരണത്തോടെ എൻ.സി.ഇ.ആർ.ടി. നടത്തിയതാണ് സർവ്വെ.കേന്ദ്ര മാനവശേഷി വികസന മന്ത്രാലയം 2013 അവസാനം പുറത്തിറക്കിയ വാർഷിക വിദ്യാഭ്യാസ വികസന സൂചികയിൽ കേരളം ഏഴാം സ്ഥാനത്തു നിന്ന് പതിനാലാം സ്ഥാനത്തേക്ക് പിന്തള്ളപ്പെട്ടു. ന്യൂപ്പയാണ്(National University of Educational Planning and Administration) റിപ്പോർട്ട് പുറത്ത് വിട്ടത്. വിദ്യാഭ്യാസ വികസന സൂചിക തയ്യാറുക്കുന്നത് ന്യൂപ്പയും മനുഷ്യവിഭവശേഷി വികസന മന്ത്രാലയവും കൂടിയാണ്. പ്രൈമറിയിൽ കഴിഞ്ഞ വർഷമുണ്ടായിരുന്ന ആറാം സ്ഥാനത്തിൽ നിന്ന് 20 ാം സ്ഥാനത്തേക്കാണ് കേരളം പിന്തള്ളപ്പെട്ടത്. അപ്പർ പ്രൈമറിയിൽ 13-ാം സ്ഥാനത്ത് നിന്ന് 17-ാം സ്ഥാനത്തേക്ക് പിന്തള്ളപ്പെട്ടു. 2014ലെ അസറിൽ (Annual Status of Education Report) നിലവാരത്തകർച്ച കേരളത്തിൽ രൂക്ഷമാകുകയാണ് എന്നാണ് പറയുന്നത്. സംസ്ഥാനത്തെ പൊതു വിദ്യാലയങ്ങളിൽ അഞ്ചാം തരത്തിൽ പഠിക്കുന്ന മൂന്നിലൊന്ന് വിദ്യാർത്ഥികൾക്കും രണ്ടാം ക്ലാസ്സിലെ പാഠങ്ങൾ വായിക്കാൻ അറിയില്ല. അഞ്ച് വർഷം മുമ്പ് ഇത് നാലിൽ ഒന്നായിരുന്നു. നാലാം ക്ലാസ്സിലെ 25 ശതമാനത്തിനും ഒന്നാം ക്ലാസിലെ പാഠങ്ങൾ വായിക്കാൻ അറിയില്ല. അഞ്ചാം ക്ലാസിലെ 60.7 ശതമാനത്തിനും മൂന്നക്ക സംഖ്യയെ ഒറ്റയക്കം കൊണ്ട് ഹരിക്കാൻ കഴിയില്ല. അഞ്ചാം ക്ലാസിൽ പഠിക്കുന്ന 25 ശതമാനത്തിനു മാത്രമേ ഹരിക്കാൻ അറിയുകയുള്ളൂ.

പ്രധാനപ്പെട്ട അഖിലേന്ത്യാ പരീക്ഷകളിലെല്ലാം കേരളം ദയനീയമാം വിധം പുറകിലാണ്. 2014-ൽ ഐ.ഐ.ടി.കളിൽ പ്രവേശനം ലഭിച്ചവരിൽ കേരളത്തിൽ ഹയർ സെക്കണ്ടറി ബോർഡ് പരീക്ഷ എഴുതിയ കുട്ടികൾ 0.42 ശതമാനമാണ്. 2013 ൽ 1.5 ഉം 2012 ൽ 1.7 ഉം ആയിരുന്നു. പ്രവേശനം ലഭിച്ചവരിൽ 55.08 ശതമാനവും സി.ബി.എസ്.ഇ. സിലബസ് പഠിച്ചവരാണ്. ആന്ധ്രാപ്രദേശ് സ്റ്റേറ്റ് ബോർഡ് പരീക്ഷ എഴുതിയവരിൽ 17.48 ശതമാനം പേർക്ക് പ്രവേശനം ലഭിച്ചു. ഒരു കാലത്ത് കേരളത്തിലെ പൊതു വിദ്യാലയങ്ങളിലെ കുട്ടികൾ കൈയടക്കിയ മേഖലയായിരുന്നു അത്. ഗണിതവും ഭാഷയും ഉറയ്ക്കാതെ കുട്ടികൾക്ക് മികച്ച വിജയം നേടാൻ കഴിയില്ല. മത്സരം ഒഴിവാക്കിയതോടെ മികവ് ഇല്ലാതായി. 2015 മാർച്ച് 23ന് കേരള നിയമസഭയിൽ കുട്ടികളുടെ പഠനനിലവാരത്തെക്കുറിച്ച് വെച്ച റിപ്പോർട്ടിൽ പറയുന്നത് ഏഴാം ക്ലാസ്സിൽ പഠിക്കുന്ന വലിയൊരു വിഭാഗം കുട്ടികൾക്കും മലയാളം എഴുതാൻ അറിയില്ലെന്നാണ്. സി.എ.ജി. യുടെ നിർദ്ദേശപ്രകാരം എസ്. സി.ഇ.ആർ.ടി യാണ് (State Council of Educational Training Research and Training) പഠനം നടത്തിയത്. നാലാം ക്ലാസിലെ 66 ശതമാനം കുട്ടികൾക്ക് മലയാളം തെറ്റുകൂടാതെ എഴുതാൻ അറിയില്ല എന്നാണ് വെളിപ്പെടുത്തൽ.

അധ്യാപകരാവാനുള്ള യോഗ്യത പരീക്ഷയായ കെ-ടെറ്റ് എഴുതിയ ബഹുഭൂരിപക്ഷവും തോൽക്കുകയാണ്. 50732 പേരാണ് 2014-ൽ പരീക്ഷ എഴുതിയത്. ജയിച്ചത് 10.54 ശതമാനം. 2012 ലെ കെ-ടെറ്റ് പരീക്ഷ ഒന്നര ലക്ഷം പേരാണ് എഴുതിയത്. ജയിച്ചത് 4.5 ശതമാനം മാത്രം. വിജയശതമാനം ഉയരുന്നത് നല്ലത് തന്നെ. പക്ഷേ അടിസ്ഥാനപാഠങ്ങൾ പഠിക്കാതെയാണ് കുട്ടികൾ വിജയിക്കുന്നതെങ്കിൽ അത് വലിയ അപകടമാണ് രാഷ്ട്രത്തിന് വരുത്തി വെക്കുക. സ്കൂളിൽ പോകുന്നത് ജയിക്കാനോ? പഠിക്കാനോ? എന്ന ആത്യന്തിക ചോദ്യത്തിന് ഉത്തരം പഠിക്കാനും ജയിക്കാനും എന്നതു തന്നെ. പഠനം പരമപ്രധാനമാണ് എന്നർത്ഥം. നേരല്ലാത്ത വഴികളിലൂടെയുള്ള വിജയത്തേക്കാൾ തോൽവിയാണ് കൂടുതൽ ആദരിക്കപ്പെടുക എന്ന എബ്രഹാം ലിങ്കന്റെ വാക്കുകൾ ഈ സന്ദർഭത്തിൽ ഓർത്തുപോകുകയാണ്.



ജയകൃഷ്ണൻ. കെ. നായർ,
ബഹ്റൈൻ

സുഗന്ധിയുടെ പേരാരങ്ങളിലൂടെ

ഘടനാപരമായ പ്രത്യേകതളാണ് പലപ്പോഴും ആദ്യപുറങ്ങളിൽ ഒരു നോവലിനോട് ചേർത്ത് നിർത്തുന്നത്. പ്രത്യേകതകളുള്ള പ്രമേയ പരിസരങ്ങളും അതിനനുസൃതമായ ഭാഷയും വായന തുടരാനുള്ള പ്രേരകങ്ങളാകുന്നു. അവിടെക്കാണുന്നത് നമുക്ക് പരിചിതങ്ങളായ സാഹചര്യങ്ങളും കഥാപാത്രങ്ങളുമാണെങ്കിൽ അതൊരു പാരസ്പര്യത്തിനു നിമിത്തമാകുന്നു. മറിച്ചാണെങ്കിൽ അറിയാത്ത കഥയെ പിന്തുടരാനുള്ള ആകാംക്ഷ വായനയെ സജീവമാക്കുന്നു.

അത്തരത്തിൽ രചനാത്മക ഘടകങ്ങളുടെ സമർഥ സങ്കലനം കൊണ്ട് നിരൂപകർക്കും ഭാഷാ പ്രേമികൾക്കും ഇടയിൽ ഒരു പോലെ ചർച്ചകൾക്ക് വഴിവച്ചവയായിരുന്നു ശ്രീ. ടി.ഡി. രാമകൃഷ്ണന്റെ ആൽഫ, ഫ്രാൻസിസ് ഇട്ടിക്കോര എന്നീ നോവലുകൾ. ഇട്ടിക്കോരക്ക് ശേഷമെത്തുന്ന സുഗന്ധി എന്ന ആണ്ടാൾ ദേവനായകിയാവട്ടെ സമയ വഴികളിലൂടെയുള്ള ഒരു ദീർഘ യാത്രയാണ്. വഴിയോരക്കാഴ്ചകൾക്ക് ഇടയ്ക്ക് ഇന്നലെകളുടെ റിയർ വ്യൂ മിററിലേക്ക് ഒരെത്തിനോട്ടം, ചരിത്ര പാതകളിലേക്ക് ഒരു തിരിച്ചു പോക്ക് പിന്നെയോ ചരിത്രത്തിനും പിന്നിലെവിടെയോ മറന്നു വച്ച ചില വിഗ്രഹങ്ങളോടൊപ്പമുള്ള സ്വപ്ന സഞ്ചാരം. വേലുപ്പിള്ള പ്രഭാകരന്റെ കാലശേഷം സർക്കാർ സഹായത്തോടെ നിർമ്മിക്കുന്ന (Woman Behind the Fall of Tigers) എന്ന ചലച്ചിത്രത്തിന്റെ തിരക്കഥാകൃത്തായി ശ്രീലങ്കയിലെത്തുന്ന പീറ്റർ ജീവാനന്ദത്തിന്റെ അനുഭവങ്ങളും അന്വേഷണങ്ങളും ഓർമ്മകളുമാണ് സുഗന്ധിയിലൂടെ നാം വായിച്ചറിയുന്നത്. ഇന്ത്യൻ സമാധാന സേനയേയും തമിഴ് പുലികളെയും ഒരേപോലെ വിമർശിച്ചതിനു പുലികളാൽ വധിക്കപ്പെട്ട പൊതു പ്രവർത്തകയായിരുന്ന ഡോ. രജനി തിരണഗാമെയുടെ കഥ സിനിമയാക്കുന്നതിലൂടെ ഒളിപ്പോരാളികൾ സഹിഷ്ണുത തീണ്ടാത്ത ഭീകരർ ആയിരുന്നു എന്ന് സ്ഥാപിക്കുകയാണ് അധികാരികളുടെ ലക്ഷ്യം. പീറ്ററാകട്ടെ മുൻപൊരിക്കൽ തമിഴ് പുലികളോടൊപ്പം സമാന പ്രമേയത്തിന്മേൽ നടത്തിയ ഒരു ചലച്ചിത്ര ശ്രമത്തിനിടയിൽ പരിചയപ്പെട്ട് പ്രണയം പങ്കിടാനിടയായ സുഗന്ധി എന്ന പെൺപുലിയെ കണ്ടെത്താനുള്ള ശ്രമത്തിലും. പ്രത്യേക ജയിലിലെ തടവുകാരിയിൽ നിന്നും കിട്ടുന്ന വിവരങ്ങൾ സുഗന്ധി ഇന്നും ജീവിച്ചിരിക്കുന്നു എന്ന പ്രതീക്ഷ പീറ്ററിന് നൽകുന്നു.

എന്നാൽ തന്റെ പൂർവ്വാശ്രമത്തിലെ പേര് ആണ്ടാൾ ദേവനായകിയെന്നാണ് എന്ന് സുഗന്ധി വെളിപ്പെടുത്തുന്നിടത്തു വിഭ്രമാത്മകമായ ഒരു മിത്തിക്കൽ ലോകത്തേക്ക് കഥ വഴിതിരിയുന്നു. സുഗന്ധിയുടെ വളർത്തമ്മ എന്ന് പിന്നീട് നാം തിരിച്ചറിയുന്ന, മീനാക്ഷി രാജരത്തിനം എഴുതിയ ദേവനായകിയിന് കതൈ എന്ന വെബ് കൃതിയുടെ പരിഭാഷയിലൂടെയാണ് ചേര ചോള സിംഹള ഐതീഹ്യങ്ങളിലേക്ക് നാം കടന്നുമുഴുകുന്നത്.

തിരുവിതാംകൂർ രാജവംശത്തിന് മുൻപ് ശ്രീപത്മനാഭസ്വാമി ക്ഷേത്രവുമായി ബന്ധമുണ്ടായിരുന്ന കാന്തളൂർ രാജാവിന്റെ സൈനിക പരിശീലനകേന്ദ്രത്തിന്റെ തലവനായിരുന്നു പെരിയകൊയിക്കൻ. അദ്ദേഹത്തിന്റെ നാലാമത്തെ മകളായിട്ടാണ് ദേവനായികയുടെ ആദ്യാവതാരം. (അതെ അവതാരം എന്ന് തന്നെ പറയട്ടെ). അവൾ മഹേന്ദ്ര രാജാവിന്റെ പത്നിയായിരിക്കെയാണ് രാജരാജചോളൻ കാന്തളൂർ പിടിച്ചടക്കുന്നത്. ചേര ചോള നാടുകളിലെ ഐതീഹ്യങ്ങളിൽ മൂന്നു തരത്തിലാണ് ദേവനായകിയുടെ കഥയുടെ ഉത്തരാർദ്ധം. തന്റെ

ഇഷ്ടദേവനായ ശ്രീപദ്മനാഭനിൽ
ലയിച്ച് ആണ്ടാൾ ദേവനായകിയായി
എന്നൊരു പക്ഷം. മുനിയായിരുന്ന
താണുമലയന്റെ പത്നിയായി കുറവ
വംശത്തിന്റെ മാതാമഹിയായെന്നും
അതല്ല ചോള സൈന്യാധിപരെ ആകെ
വധിച്ച് പിന്നീട് നാട് വിറപ്പിച്ച നീലി
(കള്ളിയങ്കാട്ട്?) ആയെന്നും വായ്മൊഴി
വഴക്കം.

ദേവനായകിയിൻ കതൈ രണ്ടാം
ഭാഗത്തിൽ ഐതീഹ്യകഥാപാത്രങ്ങൾ
വൻകരയിൽ നിന്നും ലങ്കൻ
ദ്വീപിലേക്കെത്തുകയാണ്.

മിത്തുകൾക്കെല്ലാമപ്പുറത്ത്,
ഇനിയും കെട്ടടങ്ങാത്ത വംശീയ
കലാപക്കനലുകളുടെ ചരിത്ര
വർത്തമാനങ്ങൾ ഇനിയുള്ള പുറങ്ങളിൽ
നമ്മെ കാത്തിരിക്കുന്നു.

മലയാളി എന്നും സ്വതസിദ്ധ
നിസ്സംഗതയോടെ കണ്ട
തൊട്ടയൽപ്പക്കത്തെ
ഇയക്കരാഷ്ട്രീയത്തിന്റെ നേർച്ചുഴികൾ,
സെൻസേഷണലൈസ് ചെയ്യപ്പെട്ട
മാധ്യമ വാർത്തകൾക്കും ഒറ്റപ്പെട്ട
ചലച്ചിത്രോദ്യമങ്ങൾക്കും എത്രയോ
അകലെയായിരുന്നു എന്ന് നാം
തിരിച്ചറിയുന്നു. സർക്കാരുകളും
അതിനെതിരെ പട നയിക്കുന്നവരും
(ലക്ഷ്യം എന്തുമാകട്ടെ) അഭിപ്രായ
സ്വാത്ര്ന്ത്ര്യത്തെയും
മനുഷ്യാവകാശങ്ങളെയും
എങ്ങിനെയാണ് അടിച്ചമർത്തുന്നത്
എന്നതും എല്ലാ രംഗങ്ങളിലും
നിലനിൽക്കുന്ന പുരുഷാധിപത്യവും
നമ്മിൽ ഞെട്ടലുളവാക്കുന്നു.
സ്വാതന്ത്ര്യത്തിനും സ്വയം ഭരണത്തിനും
വേണ്ടിയുള്ള ഭാഷാന്യൂനപക്ഷങ്ങളുടെ
സമരങ്ങൾ പോലും
വർഗ്ഗീയവൽക്കരിക്കപ്പെടുന്നതും,
മഹത്തായ
ലക്ഷ്യങ്ങൾക്കായ് പിറക്കുന്ന
പ്രസ്ഥാനങ്ങൾ ഫാസിസ്റ്റ്
മാർഗ്ഗങ്ങളിലേക്കെത്തുന്നതും
എല്ലാവർക്കും തോഴനായി സംഘടനയെ
നയിക്കുന്നയാൾ ഏറ്റവും കടുത്ത
ഏകാധിപതിയാവുന്നതും സമകാലിക
യാഥാർത്ഥ്യങ്ങളായി ഇനിയെന്നും
നമ്മോടൊപ്പമുണ്ടാകും.

എങ്കിലും ചേര-ചോള
ഐതീഹ്യങ്ങളിലോ സിംഹള
മിത്തുകളിലോ എന്തിനു ശ്രീലങ്കൻ
രാഷ്ട്രീയ ചരിത്രത്തിൽ തന്നെയോ
ആർക്കു മുൻപിലും കീഴടങ്ങാത്ത
സുഗന്ധിമാരുടെ വംശപരമ്പര ഡോ.
രജനിയിലൂടെ, തമിഴൊലിയിലൂടെ,
പൂമണി സെൽവനായകത്തിലൂടെ
തുടരും എന്ന തിരിച്ചറിവിലാണ്
നോവൽ അവസാനിക്കുന്നത്...

ചരിത്രം, ഇതിഹാസം, മിത്ത്, രാഷ്ട്രീയം
ഇങ്ങനെയുള്ള വ്യവസ്ഥാപിത
നോവൽ സങ്കൽപ്പങ്ങൾ മലയാളത്തിൽ
അപ്രസക്തമായിക്കൊണ്ടിരിക്കുന്നു
എന്നതിന് ഉത്തമോദാഹരണമാണ്
സുഗന്ധി എന്ന ആണ്ടാൾ ദേവനായകി.
സുഗന്ധിയുടെ രാഷ്ട്രീയം വരും
നാളുകളിൽ സജീവ ചർച്ചയ്ക്ക്
വിഷയമാകട്ടെ എന്ന് നമുക്കാശിക്കാം.

ജോസാൻറണി പി.
കുറുമ്പത്തുരുത്ത്
കവി, ബഹ്റൈൻ

ആവരണം

‘അകത്തിരുന്നു വിങ്ങുന്നുണ്ട്
ക്ലാവ് പിടിച്ച, സ്വർണ്ണം പൂശിയ
ചെമ്പ് പുറമേ ചിരിക്കുമെങ്കിലും
അകത്തു കരയുന്ന സ്ത്രീ മനസ്സു
പോലെ“

മരണം

മിസ്സ് കാൾ ഒന്നും അടിക്കില്ല
ഒരുങ്ങി നിന്നോളണം
ഞാൻ വിളിക്കുമ്പോൾ
ഇറങ്ങി വന്നോളണം”.....!

കോഡ് ലെസ്സ്

”അമ്മയ്ക്ക് കുഞ്ഞുമായ്
ഒരു ബന്ധമുണ്ടാകാൻ
പൊക്കിൾക്കൊടി വേണ്ടി വന്നു
അച്ചൻ കോഡ് ലെസ്സും...“

കാറ്റ്

”കാലിൽ പിടിച്ചു കരഞ്ഞിട്ടും
അവൻ എന്റെ തുണി പറിച്ചു
കശക്കിയെറിഞ്ഞു...“

രതി

ജീവശാസ്ത്രമറിഞ്ഞ്
ഊർജ്ജ തന്ത്രമെടുത്ത്
രസതന്ത്രത്തിലേക്ക്.....

നന്ദി

വഴി തെളിച്ചപ്പോൾ
തന്നൊരീ വാക്ക്
ലക്ഷ്യമെത്തുമ്പോൾ
മറന്നിടേണം

സുധീഷ് രാഘവൻ
നോവലിസ്റ്റ്, ബഹ്റൈൻ

ഒളിപ്പിച്ചുവച്ച ഓർമകൾ

ഒരാളുടെ ഓർമ്മകൾ എത്രത്തോളം തുറക്കപ്പെടാം. അത് അവന് മാത്രം അറിയാവുന്ന രഹസ്യങ്ങളുടെ അറയാണ്. തന്റേതല്ലാത്ത ഇച്ഛയിൽ ചെയ്തു പോകുന്ന കാര്യങ്ങൾ - കുറ്റബോധവുമായി ഒരാൾക്ക് എത്രനാൾ ജീവിക്കാനാവും? അവസാന ശ്വാസത്തിന് അരനാഴിക മുൻപെങ്കിലും ലോകത്തോട് എല്ലാം തുറന്നു പറഞ്ഞ് ഭാരങ്ങൾ ഇറക്കി വയ്ക്കാൻ ആരാണ് ആഗ്രഹിക്കാത്തത്? പക്ഷേ, എല്ലാവർക്കും കഴിഞ്ഞു എന്ന് വരില്ല. വർഗ്ഗീസിനെ മേലുദ്യോഗസ്ഥന്റെ നിർദ്ദേശാനുസരണം വെടിവച്ചു കൊന്ന കോൺസ്റ്റബിൽ രാമചന്ദ്രൻ നായർ തന്റെ ജീവിതത്തിന്റെ നല്ലൊരു കാലം കുറ്റബോധത്തിന്റെ താങ്ങാനാകാത്ത ഭാരവുമായി ജീവിച്ചു. കൊലക്കയർ ആയാലും ഏറ്റുവാങ്ങാൻ തയ്യാറായി അയാൾ കുറ്റം ലോകത്തോട് വിളിച്ചു പറഞ്ഞു. അല്ലാതെ അയാൾക്ക് മരിക്കുവാനാകുമായിരുന്നില്ല. രണ്ടാം ലോകമഹായുദ്ധത്തിന്റെ അഭിശപ്തമായ പശ്ചാത്തലത്തെ തന്റെ നോവലുകളിലൂടെ ഭാവസാന്ദ്രമാക്കിയ, അറിയപ്പെടുന്ന ജീവിതകാലത്തിലത്രയും നാസി ഭീകരതക്കെതിരെ ശബ്ദിച്ച, ഇടതുപക്ഷ ചിന്താഗതിക്കാരൻ എന്ന് പ്രകീർത്തിക്കപ്പെട്ട ഗുന്തർഗ്രസ് എന്ന വിഖ്യാത എഴുത്തുകാരന്റെ ജീവിതം താങ്ങാനാകാത്ത കുറ്റബോധത്തിന്റെ ഭാരവുമായി ജീവിക്കുകയായിരുന്നു എന്ന് ലോകം അറിഞ്ഞത് 2006-ൽ ആണ്. തന്റെ പീലിംഗ് ദ ഒനിയൻ എന്ന ഓർമ്മയുടെ പുസ്തകം പ്രസിദ്ധീകരിക്കുന്നതിനു തൊട്ടു മുൻപ് നടത്തിയ ഒരു മുഖാമുഖത്തിൽ തന്റെ ഭാരം ഇറക്കി വച്ചപ്പോൾ ലോകം ഞെട്ടി. അദ്ദേഹത്തെ വിമർശിക്കുകയും അപഹസിക്കുകയും ചെയ്തു. പക്ഷേ ഗുന്തർഗ്രസ്സിന് ആ ഭാരം ഒഴിഞ്ഞതിന്റെ ആശ്വാസമുണ്ടായിരുന്നു. പീലിംഗ് ഓഫ് ഒനിയൻ എന്ന പുസ്തകത്തിൽ അദ്ദേഹം തന്റെ ബാല്യ കൗമാരങ്ങൾ ഇതളിതളായി തുറന്നു. നാസികളുടെ സുരക്ഷാസേനയായ വാഫർ എസ് എസ് എന്ന അർദ്ധ സൈനീക വിഭാഗത്തിൽ തന്റെ പതിനേഴാമത്തെ വയസ്സിൽ സേവനമനുഷ്ഠിച്ചു എന്ന കാര്യം പുറത്തുവിട്ടതിലൂടെയാണ് ഗ്രസ്സ് ആ ഭാരം ഇറക്കി വച്ചത്.തുടർന്ന് അദ്ദേഹത്തിനെതിരെ വിമർശന ശരങ്ങൾ ഒന്നൊന്നായി വന്നു. നൊബേൽ സമ്മാനം തിരികെ വാങ്ങണമെന്നും അഭിപ്രായങ്ങൾ ഉണ്ടായി. ഹിപ്പോക്രാറ്റ് എന്ന്, അതുവരെ അദ്ദേഹത്തെ പ്രശംസിച്ച നിരൂപകർ അധിക്ഷേപിച്ചു. അദ്ദേഹത്തിന്റെ സ്വന്തം നാട്ടുകാരനായ ലെസ് വലേസ പോളണ്ട് അദ്ദേഹത്തിന് ബഹുമതിയായി നൽകിയിട്ടുള്ള പൗരാവകാശം പിൻവലിക്കണമെന്ന് ആവശ്യപ്പെട്ടു. ഒരു മനുഷ്യന്റെ ഇമേജ് ഒറ്റ നിമിഷം കൊണ്ട് എങ്ങനെ മാറി മറിയുന്നു എന്നാണ് നാം ഇവിടെ കാണുന്നത്. തന്റെ ജീവിതത്തെ ലോകത്തിൽ അസ്തിത്വപ്പെടാതെ തന്റെ തന്നെ രഹസ്യ അറകളിൽ സൂക്ഷിച്ചതുകൊണ്ടാണ് ഗുന്തർഗ്രസ്സ് എന്ന സാഹിത്യകാരൻ ഉണ്ടായത്. അകംപുറം സംവാദങ്ങളിലെ മൗനമാണ് ഓർമ്മ. അത് ഉള്ളി പോലെയാണ്. തൊലിക്കുമ്പോൾ അത് പുതുക്കപ്പെടുന്നു. കഷണിക്കുമ്പോൾ കണ്ണുനീർ ചൊരിയുകയും.

പീലിംഗ് ദ ഒനിയൻ എന്ന

പുസ്തകം ഏറ്റുപറച്ചിലിനും മറച്ചു വയ്ക്കലിനുമുള്ള ആഗ്രഹങ്ങളെ നെടുകേ കീറിയതു പോലെയാണ്. ഓർമ്മയ്ക്ക് മേലുള്ള ഒരു ധ്യാനമാണ് ഈ പുസ്തകം. പരസ്പരം വേർപിരിഞ്ഞു നിൽക്കുന്ന വിദൂര ഭൂതകാലത്തെയും പിന്നെ ജീവിച്ചു തീർത്ത കാലത്തെയും വരച്ചു കാണിക്കാനാണ് അദ്ദേഹം ശ്രമിച്ചത്. അദ്ദേഹം ഇവിടെ ഓർമ്മകൾ പറയാൻ ഉത്തമ പുരുഷനിൽ നിന്ന് പ്രഥമ പുരുഷനിലേക്കും തിരിച്ചും പോകുന്നു. ചിലപ്പോൾ തന്റെ നോവൽ കഥാപാത്രത്തോടു പോലും അദ്ദേഹം ലയിച്ചു ചേരുന്നു.

അദ്ദേഹത്തിന്റെ ഏറ്റവും പ്രശസ്തവും നൊബേൽ സമ്മാനം നേടിക്കൊടുത്തതുമായ നോവൽ ടിൻ ഡ്രം ആണ്. വോൾക്കർ ഷോളൻഡ്രോഫ് (Volker Scholondroff)സംവിധാനം ചെയ്ത ഈ നോവലിന്റെ ചലച്ചിത്ര രൂപത്തിന് ഒട്ടേറെ പുരസ്ക്കാരങ്ങൾ ലഭിച്ചിട്ടുണ്ട്. ആത്മകഥാപരം കൂടിയാണ്! ഈ നോവൽ. ഡാൻസിംഗ് ത്രിതയത്തിലെ (Trilogy) ആദ്യ നോവലാണിത്. (പോളണ്ടിലെ ഡാൻസിംഗ് അദ്ദേഹത്തിന്റെ ജന്മനാടാണ്) ക്യാറ്റ് ആൻറ് മൗസും ഡോഗ് ഇയേഴ്സുമാണ് ഈ ഗണത്തിലെ മറ്റു കൃതികൾ. 1959-ൽ പ്രസിദ്ധീകരിച്ച ടിൻഡ്രമ്മിന് നൊബേൽ സമ്മാനം ലഭിക്കുന്നത് 1999-ൽ ആണ്. നൊബേൽ സമ്മാനം ലഭിക്കുന്നതിന് എത്രയോ മുമ്പ് തന്നെ ഈ നോവൽ ലോക പ്രശസ്തമായി. എഴുപതുകളിലും എൺപതുകളിലും മലയാളത്തിലും ഗുന്തർ ഗ്രസ്സിനെ പറ്റി ഒട്ടേറെ ലേഖനങ്ങൾ വന്നു. പിന്നീട് മാർക്കേസ് കൂടുതൽ മാനങ്ങളിൽ നമ്മെ അത്ഭുതപ്പെടുത്തിയ മാജിക്കൽ റിയലിസം എന്ന ഭാവ വിസ്മയത്തിന്റെ യൂറോപ്പിലെ തുടക്കക്കാരൻ ഗുന്തർ ഗ്രസ്സ് ആണ്. നാസിസ്സത്തിന്റെ ഉയർച്ചയും രണ്ടാം ലോക മഹായുദ്ധം ഡാൻസിംഗിനെ ബാധിച്ചതും ഈ

നോവലിന്റെ പശ്ചാത്തലമാണ്. ഗ്രസ്സിന്റെ അച്ഛൻ ജർമ്മൻകാരനും അമ്മ പോളണ്ടിലെ കഷൂബിയൻ വംശക്കാരിയുമാണ്. ജന്മം കൊണ്ട് ഇങ്ങനെ പിളർന്നവന്റെ രാജ്യങ്ങൾ പരസ്പരം യുദ്ധം ചെയ്യുകയായിരുന്നു. അരികുവത്ക്കരിക്കപ്പെട്ടവയായിരുന്നു അദ്ദേഹത്തിന്റെ നോവലുകളിൽ കേന്ദ്രസ്ഥാനത്ത് നിന്നത്. ആൻഡ്രം എന്ന നിസ്സാര വാദ്യവസ്തുവിന്റെ ശബ്ദം ഒരു പട്ടാള സംഘത്തിന്റെ ശബ്ദഘോഷത്തെ ഒരു നിമിഷമെങ്കിലും നിശബ്ദമാക്കാൻ കഴിയുന്നുണ്ട്. അതുപോലെ തന്നെ ടിൻഡ്രമ്മിലെ കേന്ദ്ര കഥാപാത്രമായ മൂന്നാമത്തെ വയസ്സിൽ വളർച്ച നിന്ന മൂന്നടി മാത്രം പൊക്കമുള്ള ഓസ്ക്കാർ മത്സെറത്തും (Oskar Matzerat) ഒരു ജനത മറക്കാൻ ശ്രമിച്ച ചരിത്രത്തിന്റെ സാക്ഷിയാണ് ഈ കഥാപാത്രം. ഗുന്തർഗ്രസ്സും മറക്കാൻ ശ്രമിച്ചതാണ് എല്ലാം. ഓർമ്മകളുടെ ഒളിച്ചുകളിയിൽ അദ്ദേഹത്തിന്റെ കൃതികൾ ഓരോന്നും പുറത്തു വന്നു. അവസാനം പീലിംഗ് ദ ഒനിയണും. തന്റെ ബാല്യം അവസാനിച്ച തീയതി കൃത്യമായി പറയാൻ കഴിയും എന്ന് ഗുന്തർഗ്രസ്സ് പറയുന്നു. തന്റെ ജന്മ നാട്ടിൽ ആദ്യമായി ബോംബ് വീണ ദിവസം.

പിന്നെ ജീവിതം ഇങ്ങനെ: പതിനഞ്ചാമത്തെ വയസ്സിൽ എയർഫോഴ്സിൽ ഹെൽപ്പർ ആവുകയും തുടർന്ന് നാഷണൽ ലേബർ സർവ്വീസിൽ നിർബ്ബന്ധിതമായി ജോലിയും. തുടർന്ന് വാഫർ എസ്.എസ്. ൽ നിർബ്ബന്ധിത സേവനം. 1945 ഏപ്രിൽ 20ന് അദ്ദേഹം മുറിവേറ്റ് വീണു. (അന്ന് ഹിറ്റ്ലറിന്റെ ജന്മദിനവുമായിരുന്നു. ജീവിച്ചിരുന്നപ്പോഴുള്ള അവസാന ജന്മദിനം) താമസിയാതെ അമേരിക്കൻ സൈന്യത്തിന്റെ പിടിയിലായ ഗുന്തർഗ്രസ്സ് ഒരു വർഷം യുദ്ധത്തടവുകാരനായിരുന്നു. ജയിലിൽ നിന്ന് വിട്ടശേഷം കല്ലാശാരി, ഖനി തൊഴിലാളി, ശിൽപ്പി, ചിത്രകാരൻ, കവി, നോവലിസ്റ്റ് ഇങ്ങനെയൊക്കെ ജീവിതത്തിന്റെ പേജുകൾ ഒന്നൊന്നായി നിറഞ്ഞു. 2015 ഏപ്രിൽ 13ന് എൺപത്തേഴാമത്തെ വയസ്സിൽ അവസാനിച്ചു.

മരിച്ചയാളിനുള്ള കത്ത്

ഫിറോസ്, തിരുവത്ര
കവി, ബഹ്റൈൻ

മരിച്ചയാളിന്റെ പേരിൽ
ഒരു കത്ത് വീട്ടു മുറ്റത്ത് കിടക്കുന്നു
മരിച്ചയാൾ തന്നെ
കുറിച്ച കത്തായിരിക്കുമോ

മരിച്ചതിൽ പിന്നെ
മറ്റുള്ളവരുടെ പേരുകൾ
മറന്നതാവുമോ

കത്തയച്ചയാളെ കുറിച്ചുള്ള
സൂചനയൊന്നുമില്ല
മറുപടി വിലാസം
എഴുതാവുന്ന വിധത്തിലൊരു
വിലാസവുമിരിപിടവും
പരേതാത്മാവിന് ലഭിച്ചിട്ടില്ലായിരിക്കാം

സ്വന്തം പേരല്ലാതെയൊന്നും
പാരിലവശേഷിക്കുന്നില്ലല്ലോയെന്ന്
കത്തെഴുതി ഉറപ്പിച്ചതാവാം

അതിരിക്കട്ടെ
എന്തു ധൈര്യത്തിലാണ്
വിധവയീക്കത്തുവായിക്കുക

മരിക്കുവോളം തന്നിൽ നിന്ന് മറച്ചുവെച്ച
ഒരുത്തിയുടെ കത്തായിരിക്കാമല്ലോ
മരിച്ചതിൽ പിന്നെ
വരവും വിവരവും നിലച്ചു
ക്ഷമകെട്ടയച്ച കത്തായിരിക്കുമോ

എന്തു ധൈര്യത്തിലാണ്
മക്കൾക്കീ കത്ത് വായിക്കാനാവുക
അച്ചരനായുണ്ടാക്കിയ കടം
കത്തായി കഴുത്തിൽ കുരുങ്ങുമോ

സമരം ചെയ്ത വകയിൽ വല്ല
അറസ്റ്റ് വാറണ്ടും വന്നതാകുമോ
ജീവിതകാലം മുഴുവൻ കോടതിയിലലഞ്ഞ
വ്യവഹാരിക്കുള്ള മരണാനന്തര
നീതിയാകുമോ

നരകത്തിൽ കിടന്നു തീ തിന്നു
ചലം കുടിച്ചു വീർത്ത ഒരാളിന്റെ
ഏറ്റം പ്രതീക്ഷ നിർഭരമായ
നിലവിളി കത്തായിരിക്കുമോ

സ്വർഗ്ഗത്തിലെ പെണ്ണും പഴങ്ങളും
വർണ്ണിച്ചെഴുതിയ കത്തു പാട്ടായിരിക്കുമോ
പൊട്ടിക്കാതെയെന്റെ കയ്യിലിരിക്കുന്നത്

വയ്യ
ഇനിയും വെച്ച് താമസിച്ചു കൂടാ
മൃതദേഹത്തിന്റെ വയർ പോലെ
കത്തിന്റെ കവറും വീർത്തു വരുന്നു

ഇല്ലാത്ത തോടിനു പാലം

കെ.കെ. യതീന്ദ്രൻ
അദ്ധ്യാപകൻ, തൃശൂർ

'വീടല്ല, ഇതൊരു കൊട്ടാരമാണ്.“
ട്യൂഷനെടുക്കാൻ ഓരോ തവണ
ഇവിടെ വരുമ്പോഴും ഞാനിതു
സ്വയം പറയാറുണ്ട്. മഹാ
ക്ഷേത്രങ്ങൾക്കുള്ളതുപോലെ
ആനപ്പള്ള മതിൽ. ഗോപുരം
പോലെ പടിപ്പുര. അഭിവാദ്യം ചെയ്ത്
അകത്തേക്കാനയിക്കാൻ ദ്വാരപാലകൻ.
മുറ്റത്ത് പലജാതി കാറുകൾ, പറമ്പിൽ
ആന. രമ്യ പത്തിലാണ്. എന്നെക്കാത്ത്
പൂമുഖത്തുണ്ടാകാറുണ്ട്. ഇന്നെന്തുപറ്റി?
തിണ്ണയിലെ ചില്ലുകൂട്ടിലെ സ്വർണ്ണ
മത്സ്യങ്ങളെ നോക്കിയിരിക്കുമ്പോൾ
പതിവില്ലാതെ എന്തൊക്കെയോ
ഓർത്തുപോയി. നേരാനേരത്തിന്
തിന്നാനും കുടിക്കാനും ഉണ്ടായതു
കൊണ്ടെന്ത്? ഇവിടെ ജീവിതമുണ്ടോ?
രമ്യ വന്നു. എന്തേ
വൈകിയത്. എന്തേ മുഖത്തു
തെളിച്ചമില്ലാത്തത്, എന്നൊക്കെ
ചോദിക്കണമെന്നുണ്ടായിരുന്നു8.
വേർഡ്സ് വർത്തിനെ പറ്റി ചിലതു
പറഞ്ഞ്, ഏകാകിനിയായ ആ
കൊയ്ത്തുകാരിയുടെ പാട്ടിലേക്ക്
(Solitary Reaper) ഞങ്ങൾ കടന്നു.
രമ്യയുടെ അമ്മ വന്നു. പിന്നാലെ
ട്രേയിൽ ചായയുമായി വേലക്കാർ.
കണ്ടാൽ രമ്യയുടെ അമ്മ എന്തെങ്കിലും
വിശേഷങ്ങൾ പറയും. നല്ല
പ്രകൃതമാണ്. അമ്മയ്ക്കുണ്ടല്ലോ
മുഖത്തൊരു വാട്ടം എന്ന് ഞാൻ
ഉത്കണ്ഠപ്പെടുമ്പോഴേക്കും അവർ
പറയാൻ തുടങ്ങി.
– ഇന്നിവിടെ ആകപ്പാടെ ഒരു സുഖല്യ
മാഷേ...
– എന്തേ?
– ഒരു ഡ്രൈവറ് മിനിഞ്ഞാന്ന് വീട്ടിൽ
പോയി. പിന്നെയുള്ളത് ഗിരീഷാണ്.
ഭാര്യക്ക് വയ്യാന്നും പറഞ്ഞ് ദാ അവനും
പോയി. പിടിച്ചു നിർത്താൻ പറ്റ്വോ?
പറ്റില്ല. ഞാൻ മനസ്സിൽ പറഞ്ഞു.
പക്ഷേ, ഡ്രൈവർമാരുടെ വീട്ടിൽ
പോക്കും ഇവരുടെ അസ്വസ്ഥതയും
തമ്മിൽ എന്തു ബന്ധം?

എനിക്കൊരു വാലും തുമ്പും കിട്ടുന്നില്ല.
ഞാൻ വെറുതെ ചില്ലുകൂട്ടിലെ സ്വർണ്ണ
മത്സ്യങ്ങളെ നോക്കിയിരുന്നു.
പിന്നെ ചോദിച്ചു:
– ഒന്നോ രണ്ടോ ദിവസം കഴിഞ്ഞാൽ
ഡ്രൈവർ എത്തില്ലേ?
അതുവരെയോ? ആർക്ക് എപ്പോ,
എന്താ.. പറയാൻ പറ്റ്വോ മാഷേ? രാത്രി
കാറെടുക്കേണ്ടി വന്നാൽ ആരാ ള്ളേ...?
ഇപ്പോഴെ എനിക്ക് കാര്യം
മനസ്സിലായുള്ളൂ. രാത്രി ഇവിടെ
ആർക്കെങ്കിലും എന്തെങ്കിലും വന്നാൽ
ആസ്പത്രിയിലേക്ക് കാറെടുക്കാൻ
ആളില്ല...
നിരനിരയായി തേരുണ്ട് മുറ്റത്ത്.
തേരാളിയില്ല.
രമ്യ, അനുജൻ. അച്ഛനും അമ്മയും
നന്നെ ചെറുപ്പം. ആശങ്കപ്പെടാനുള്ള
പരുവത്തിലല്ല ആരും. ഞാൻ
ചിന്തിച്ചത് കേട്ടിട്ടില്ലെന്നവണ്ണം അവർ
നെടുവീർപ്പിട്ടു.
– ഒന്നും പറയാൻ പറ്റില്ല മാഷേ.
മനുഷ്യാവസ്ഥയല്ലേ.....!
എന്തെങ്കിലും വന്നാലോ എന്ന് ചിന്തിച്ചു
ചിന്തിച്ചു രാത്രി ഇവർ എന്തെങ്കിലും
വരുത്തിക്കൂട്ടുമോ, ഈശ്വരാ! ആധി
വ്യാധിയായി എന്ന് കേട്ടിട്ടേയുള്ളൂ.

കൊട്ടാരം ചിന്തയാൽ ജാഗരം
കൊള്ളുന്നു കൊച്ചു കുടിക്കതെ
നിദ്രാസുഖം

എന്ന വള്ളത്തോൾ കവിതയ്ക്ക്
ഇത്രയ്ക്ക് വ്യാപ്തിയുണ്ടെന്ന്
ഇതിനുമുമ്പേ എനിക്കനുഭവപ്പെട്ടിട്ടില്ല.
'പണമുണ്ടായാൽ ഒന്നിനും
ഒരുത്തനേയും ആശ്രയിക്കേണ്ട'
എന്നാണ് പണത്തിന്റെ പിന്നാലെ
പായുന്നവരുടെ വേദാന്തം.
അതു ശരിയാണോ?
ഡ്രൈവർമാരെപ്പോലും ആശ്രയിച്ചാണ്
ഈ കൊട്ടാരക്കെട്ടിലെ സ്വസ്ഥത.
പണം പെരുകുമ്പോൾ ആശ്രിതന്മാർ
കൂടുന്നു. ആശ്രിതന്മാർ കൂടുമ്പോൾ
അവരെ ആശ്രയിക്കലും കൂടുന്നു.
പരാധീനരാകുന്നു.
ഇസ്തിരിയിടുന്ന മുരുകൻ
വരാഞ്ഞിട്ടായിരുന്നു മുമ്പൊരിക്കൽ
ഇവരുടെ അങ്കലാപ്പ്! വൈകിട്ട്
ലുലുവിൽ ഡിന്നറുള്ളതല്ലേ!
കാറില്ലാത്ത, കാശില്ലാത്ത
പാവപ്പെട്ടവർക്ക് രാത്രി നെഞ്ചുവേദന
വന്നെങ്കിലോ എന്ന ചിന്തയില്ല.
നെഞ്ചുവേദനയില്ല, സുഖനിദ്ര.
പണമുള്ളവൻ വീട് കെട്ടുന്നത്
പട്ടണത്തിലാണ്. സൂപ്പർ സ്പെഷ്യാലിറ്റി
ഹോസ്പിറ്റലിന്റെ തൊട്ട്. പെട്ടെന്ന്
എന്തെങ്കിലും വന്നാൽ.... ഇല്ലാത്ത
തോടിനു പാലം കെട്ടുന്നവരാണ്
വല്ലക്കണക്കിനു പണമുള്ളവർ.

സാധാരണക്കാരുടെ വഴിയേ പോകൂ.
അതാണ് ശരിയായ വഴി.

മഹാജനോ യേന ഗതഃ സപന്ഥാഃ
(മഹാജനം പോം വഴി തന്നെ മാർഗ്ഗം)

വ്യാസൻ പറഞ്ഞതാണ്.
അസ്വസ്ഥതയ്ക്ക് കൈയും കാലും വച്ച
പോലെ, വാതിൽക്കലുണ്ട് രമ്യയുടെ
അമ്മ. കൊണ്ടു വന്ന ചായ തണുത്തു.
കൊയ്ത്തുകാരിയുടെ പാട്ട് രമ്യ അടച്ചു
വച്ചു. യുഗങ്ങൾക്കുശേഷം ഞാൻ
പതുക്കെ ചോദിച്ചു.
രമ്യയുടെ ഡാഡി കാറെടുക്കില്ലേ?
– അതുവ്വ്, വയ്യായ ആർക്കും വരാലോ
മാഷേ...
ചില്ലുകൂട്ടിലെ സ്വർണ്ണമത്സ്യങ്ങളെ
നോക്കി ഞാൻ : ഈശ്വരാ!!

മിൽസ് ആന്റ് ബൂൺസുകളുടെ വെള്ളിയാഴ്ച

സ്മിത ആദർശ്
ഖത്തർ

കറൻറ് പോയത് കൊണ്ട് ഇന്നും ഇൻറർവെൽ കഴിഞ്ഞ് ബെല്ലടിച്ചത് കേട്ടില്ല. സോറി മിസ്... വിൽ നോട്ട് റിപ്പീറ്റ് ദിസ്. ശരിക്കും പറഞ്ഞാൽ മൈക്കിലൂടെയുള്ള ബെല്ലടി ഈ കോളേജിൽ നിരോധിക്കണം. മിസ് ഉഷയുടെ നര കയറിയ മുടിയിഴകളിലെ തിളക്കം കണ്ണുകളിലേക്കും പടർന്നു. ജീവിതത്തിലിനി ഇതിൽ കൂടുതൽ ഒരു അബദ്ധം സംഭവിക്കാനില്ല എന്ന ഭാവം മുഖത്ത് വരുത്താൻ ഞങ്ങൾ നന്നേ പാടുപെട്ടു. “എന്നത്തേയും പോലെ കാൻറീനിലെ ബോർഡ് നോക്കി വെള്ളമിറക്കാൻ പോയി. മണിയടിക്കുന്നതു വരെ എന്തു കഴിക്കണമെന്ന് ഡിസ്കഷൻ!! നേരം വൈകാൻ ധാരാളം.” മിസ്സിൻെറ വാക്കുകളിലെ അപ്രീതി കണ്ണുരുട്ടിൽ അവസാനിച്ചു.

പണ്ടാരമടങ്ങാൻ!! ദേ, ലാസ്റ്റ് ബെഞ്ച് ഫിൽ!! സുന്ദരികളായ പെൺകുട്ടികളെ ഇങ്ങനെയും പരീക്ഷിക്കല്ലേ കർത്താവേ!! ഇനിയുള്ള ഒരേ ഒരു പ്രതീക്ഷ അമ്പലക്കുളത്തിലിറങ്ങി കാൽ കഴുകാൻ വരുന്ന ചുള്ളൻ നമ്പൂരിച്ചെക്കനിൽ മാത്രം. നിറച്ചു ചൊട്ടയിട്ടു നിൽക്കുന്ന തെങ്ങിൻെറ പച്ചപ്പട്ടകൾക്കിടയിലൂടെയുള്ള ആ സീനിന് അത്ര ക്ലാരിറ്റി ഉണ്ടായിരുന്നില്ലെങ്കിലും, കന്യാസ്ത്രീകൾ നടത്തുന്ന കോൺവെൻറിലിരുന്ന് പാറമേക്കാവ് അമ്പലക്കുളത്തിലേക്ക് എത്തിനോക്കുമ്പോഴുള്ള ത്രില്ല് ഇന്ന് ഏത് വാട്ട്സ് ആപ്പ് വീഡിയോയ്ക്ക് തരാൻ പറ്റും? പത്തൊൻപത് ബഞ്ചും ഡസ്ക്കും, 94 പെൺകുട്ടികളും. ഇത്രയധികം കുട്ടികൾ ഈ പ്രീഡിഗ്രി ക്ലാസ്സിൽ ഇരിക്കാൻ കാരണക്കാരായ രണ്ടേ, രണ്ട് വ്യക്തികൾ ഒരാൾ പി.സി. തോമസ് സാറും മറ്റേ ആൾ അജിത് രാജ സാറും. തൃശൂർക്കാരല്ലാത്ത കുട്ടികൾ ഏറ്റവും കൂടുതൽ പഠിച്ചിരുന്ന തൃശൂരിലെ സെൻറ് മേരീസ് കോളേജ് അതായിരുന്നു എൻെറ അല്ല ഞങ്ങളുടെ കലാലയം. എൻട്രൻസ് കോച്ചിംഗ് എന്ന യജ്ഞത്തിന് വേണ്ടി മാത്രം തുനിഞ്ഞിറങ്ങിയ പഠിപ്പിസ്റ്റുകൾക്കിടയിൽ തേർഡ് ഗ്രൂപ്പ് എടുത്ത ഞാനടക്കമുള്ള അലവലാതികൾ. പന്ത്രണ്ട് കൊല്ലം പഠിച്ചില്ലേ... ഇനി ഞങ്ങളൊന്നു പാറിപ്പറക്കട്ടെ.... മിസ് സെൻറ് മേരീസും, മിസ്. ബ്യൂട്ടിഫുൾ ഹെയറും, മിസ് ബ്യൂട്ടിഫുൾ സ്മൈലും എല്ലാം കൂടി ഒന്നിച്ചൊരു ക്ലാസ്സിലേക്ക്. ഇനി ഇതിലും കൂടുതലായി എന്ത് വേണം? മലയാളം ഡ്രാമയിലെ ബെസ്റ്റ് ആക്ട്രെസ്സിനെന്താ ഫാൻസി ഡ്രെസ്സിൽ സ്റ്റ്യാച്യൂ ഓഫ് ലിബർട്ടി ആയാൽ എന്ന ലൈൻ. ഇനി വല്ലാതെ നിർബ്ബന്ധിച്ചാൽ ഒപ്പനയ്ക്കും, തിരുവാതിരയ്ക്കും മാത്രമല്ല ഹിന്ദി ഡ്രാമയ്ക്കും ഞങ്ങൾ റെഡി ആയിരുന്നു.

ദീർഘ ചതുര രൂപമുള്ള കോൺവെൻറ് കെട്ടിടത്തിൽ ഉണ്ണീശോയുടെയോ, കന്യാ മറിയത്തിൻെറയോ ചിത്രങ്ങളില്ലാത്ത ചുവരുകൾ അപൂർവ്വം. ലൈബ്രറി കം റഫറൻസ് അവറിൽ പെൻ പൗച്ചിൽ കുത്തി നിറച്ച ഉപ്പിലിട്ട മാങ്ങ, നെല്ലിക്ക കളക്ഷനുമായി കോളേജ് ലൈബ്രറിയുടെ തൂണിൻെറ മറവിലേക്ക്. “ദേ വരുന്നു മൂരാച്ചിപ്പട. ഇവറ്റ എനിക്കിന്ന് പണിയാക്കും. ഓരോ സെക്ഷനീന്നും എടുക്കുന്ന പുസ്തകങ്ങൾ അതാത് അലമാരയിൽ തന്നെ വയ്ക്കണം. എല്ലാം കൂടി കൂട്ടിക്കുഴച്ച് അവിയൽ പോലെ ആക്കിയാൽ എൻെറ കൈയ്യീന്ന് എല്ലാത്തിനും നല്ലത് കിട്ടുംട്ടാ.” ലൈബ്രേറിയൻ സിസ്റ്റർ എന്നത്തേയും പോലെ കർക്കശക്കാരിയാകാൻ ഒരു വിഫലശ്രമം നടത്തിയതാണ്. ക്ലിയോപാട്രയുടെ മൂക്കിൻെറ നീളം മുതൽ ഷേക്സ്പിയറിൻെറ ടൈപെസ്റ്റിലെ ഫെർഡിനാൻഡ്-മിറാൻഡമാരുടെ പ്രണയകഥ വരെ റെഫർ ചെയ്യാൻ പോയ ഞങ്ങൾ അതിനു പകരം നിറത്തിലെ എബി-സോനമാരെ പറ്റി ആശങ്ക പ്രകടിപ്പിച്ചു. ആകാശ ഗംഗ തീയറ്ററിൽ പോയി കാണാൻ ഏകകണ്ഠമായി തീരുമാനിച്ചു. “ഇന്നും മിൽസ് ആൻഡ് ബൂൺസ് ആണോ എടുത്തേ...??” കോളേജ് ലൈബ്രറിയിൽ യാതൊരു നാണവുമില്ലാതെ ഏറ്റവും കൂടുതൽ ഏറ്റുവാങ്ങിയ ചോദ്യങ്ങളിലൊന്ന്. പ്രഭ കുമാരിയെ കാണാൻ നിലാവുള്ള രാത്രിയിൽ കുതിരപ്പുറത്തേറി വരുന്ന സേനാനായകനും, തോട്ടക്കാരിയുടെ മകളെ പ്രണയിക്കുന്ന ഡോക്ടറും, സുന്ദരിയായ ബാലെ ഡാൻസറും അവളുടെ അന്ധനായ കാമുകനും

എന്റെ രാത്രിവായനയിലെ
കൂട്ടുകാരായി. ഒപ്പം നീർമാതളത്തിന്റെ
കൂട്ടുകാരിയും, മാങ്കൊസ്റ്റിന്റെ
തണലിൽ ഗ്രാമഫോണിൽ പാട്ട് കേട്ട
കഥാകാരനെയും ഞാൻ നെഞ്ചിലേറ്റി.
എന്റെ ഓരോ ക്യാമ്പസ് ദിനങ്ങൾക്കും
മഴച്ചാറലിന്റെ സുഖമുള്ള തണുപ്പുണ്ട്.
പോണ്ട്സ് പൗഡറിന്റെ നിറഞ്ഞ
സുഗന്ധമുണ്ട്. സ്കൂൾ കാലം
തൊട്ടേ സഞ്ചരിച്ച സ്കൂൾ –
കോളേജ് വാനായ "മോളി"യുടെ
ഹോൺ ശബ്ദത്തിന്റെ മുഴക്കമുണ്ട്.
മനസ്സിന്റെ കോണിൽ ഇടം പിടിച്ച
അയൽക്കാരൻ പയ്യന്റെ പ്രണയമുണ്ട്.
ഡിഗ്രി ക്ലാസ്സുകളിലെത്തിയപ്പോഴേക്കും
കൂട്ടുകാരറിയാതെ ഒളിപ്പിച്ചു വച്ച
എന്റെ പ്രണയത്തെ അവർ
കണ്ടെടുക്കുമോ എന്നോർത്ത് ഞാൻ
ഭയപ്പെട്ടു. മനസ്സിന് കനം കൂടുതൽ
തോന്നുമ്പോൾ അവനെ എത്രയും
പെട്ടെന്ന് മറക്കാൻ കഴിയണേ എന്ന്
കോളേജിലെ തന്നെ ഗ്രോട്ടോയിലെ
മാതാവിനോട് കരഞ്ഞ് പ്രാർത്ഥിച്ചു.
അതേ ഞാൻ തന്നെ പ്രണയ
പരവശയാകുമ്പോൾ ആ ചെക്കനെ
എനിക്കു തന്നെ തരണേ എന്ന്
മെഴുകുതിരി കൈക്കൂലിയായി കത്തിച്ചു
വച്ചും പിന്നീട് പ്രാർത്ഥിച്ചു.

മഴപെയ്തു നനഞ്ഞ വെളുത്ത
മണൽത്തരികളോ, ചുവന്ന പുഷ്പങ്ങൾ
തുന്നിപ്പിടിച്ച ഗുൽമോഹർ മരങ്ങളോ,
ഇളം വെയിലിൽ ആടിക്കളിക്കുന്ന
കാറ്റാടി മരച്ചുവട്ടിലെ പ്രണയ
ജോഡികളോ ഒന്നും ഇല്ലാത്ത ഒരു
കാമ്പസിലിരുന്നാണ് ഞങ്ങൾ അഞ്ച്
വർഷം ആഘോഷിച്ചത്. ഏഴല്ല,
എഴുപത് നിറങ്ങൾ തുന്നിപ്പിടിപ്പിച്ച
വർണ്ണ ശബളമായ മാരിവിൽ
ദിവസങ്ങളായിരുന്നു അവ. നഗര
മധ്യത്തിലെ കോൺക്രീറ്റ് കാടായ
ഗേൾസ് ഓൺലി കോളേജിലെ
ടെൻഷൻ ഫ്രീ ലൈഫ്. തിരിഞ്ഞ്
നോക്കുമ്പോൾ ഇപ്പോഴും
അത്ഭുതം!!! എങ്ങനെ ഇത്ര നന്നായി
കലാലയ ദിനങ്ങൾ ഞങ്ങൾ
ആസ്വദിച്ചു?? തൃശൂർ ടൗണിലെ
എല്ലാ കോലാഹലങ്ങൾക്കിടയിലും
പെൺകുട്ടികൾ മാത്രം പഠിക്കുന്ന
കോളേജ്, രാഷ്ട്രീയം കടന്നു വരാത്ത
കോളേജ് യൂണിയൻ ഇലക്ഷൻ,
എ. ഗ്രേഡ് വാരിക്കൂട്ടാനായി മാത്രം
ഡി. സോൺ – ഇൻറർ സോൺ
ഫെസ്റ്റിവലിനു പോകുന്നവർ,
കോളേജിലെത്തിയിട്ടും പ്ലെയിൻ കളർ
ചുരിദാർ യൂണിഫോം, കന്യാസ്ത്രീകൾ
അടിച്ചേൽപ്പിച്ച അസ്വാതന്ത്ര്യം....
ഇങ്ങനെ പോരായ്മകൾ
നിരവധിയായിരുന്നു ഞങ്ങളുടെ
ക്യാമ്പസിന്. പോരായ്മകളെ ഒക്കെ
കാറ്റിൽ പറത്തി "ഇഷ്ക് ബിനാ ക്യാ
ജീനാ യാരാ....." ഒറ്റ കോറസ്സായി പാടി
ക്ലാസ് റ്റ്യൂട്ടറായ സിസ്റ്റർ ജെസ്മിയെ
ഞങ്ങൾ മനഃപൂർവ്വം ചൊടിപ്പിച്ചു.
പക്ഷേ ഏതു പ്രതിസന്ധിയിലും
സിസ്റ്റർ ജെസ്മിയുടെ മുഖത്തെ
തെളിഞ്ഞ പുഞ്ചിരിയ്ക്കൊരു മങ്ങൽ
പോലും ഞങ്ങളൊരിക്കലും കണ്ടിട്ടില്ല.
വർഷങ്ങൾക്കിപ്പുറം സിസ്റ്റർ മഠം വിട്ടു
പോയത് കേട്ടപ്പോൾ തോന്നി, ഇത്രയും

വിഷമം ഉള്ളിലൊതുക്കിയാണോ അന്ന്
നടന്നിരുന്നത് എന്ന്. രാഷ്ട്രീയം
തൊട്ടു തീണ്ടിയിട്ടില്ലെങ്കിലും
കോളേജ് യൂണിയൻ ഇലക്ഷനിൽ
മത്സരിക്കുമ്പോൾ "വോട്ട് ഫോർ
സ്മിത" എന്ന് തെളിഞ്ഞ അക്ഷരത്തിൽ
എഴുതിയ പോസ്റ്റർ കലപിലകൂട്ടി
ചിറകടിയൊച്ച കേൾപ്പിക്കാറുള്ള
ലൗബേർഡ്സിന്റെ കൂടിനു മുന്നിൽ
ഒട്ടിച്ചു വച്ചു. കോളേജിന്റെ ഓരോ
കോറിഡോറിലും ഒട്ടിച്ചു വച്ച
എതിരാളിയുടെ വോട്ടഭ്യർത്ഥിക്കുന്ന
പോസ്റ്റർ കണ്ണിൽ ചോരയില്ലാതെ
കീറിക്കളഞ്ഞു. വോട്ടെണ്ണൽ
സമയത്ത് ടെൻഷൻ അടിച്ചപ്പോൾ
കാലങ്ങളായി താലോലിച്ച് വളർത്തി
നെയിൽ പോളീഷ് ഇട്ടു മിനുക്കി വച്ച
നഖങ്ങൾ മുഴുവനും കടിച്ചു കളഞ്ഞു.
മൂവായിരത്തോളം കുട്ടികൾ പഠിക്കുന്ന
കോളേജിൽ വെറും 20 വോട്ടിന്റെ
ഭൂരിപക്ഷത്തിൽ യൂണിയൻ മെമ്പറായി
തെരഞ്ഞെടുത്തിരിക്കുന്നു എന്ന
അനൗൺസ്മെൻറ് കേട്ട് ഹരം കൊണ്ട
കൂട്ടുകാർ എന്നെ എടുത്തുപൊക്കി.

സ്റ്റേറ്റ് യൂത്ത് ഫെസ്റ്റിവൽ
ലക്ഷ്യം വച്ച് കൊണ്ട് സ്കൂളിൽ
പ്രൗഢഗംഭീരമായി നിലനിർത്തിക്കൊണ്ട്
പോന്നിരുന്ന ബാൻഡ് സെറ്റിന്റെ അത്ര
ഗാംഭീര്യമില്ലെങ്കിലും സെൻറ് മേരീസിലെ
ബാൻഡ് ടീം കൊല്ലത്തിലൊരിക്കൽ
"ബാൻഡ് റെഡി!!" എന്ന കമൻറിന്
കാതോർത്തു. കോളേജിലെ ഏതൊരു
ചടങ്ങിനും മുഖ്യാതിഥി ആയെത്തുന്നത്
മിക്കവാറും ബിഷപ്പായിരിക്കും.
മുഖ്യാതിഥിയെ സ്വാഗതം ചെയ്തു
വരവേൽക്കേണ്ടത് ബാൻഡ് ടീമിന്റെ
ചുമതല. ബിഷപ്പ് വരുന്നു എന്നറിഞ്ഞ്
അദ്ദേഹത്തിന് മുത്തം കൊടുക്കാൻ
പായുന്നവരെ കൊണ്ട് അന്തം വിട്ട്
കണ്ണു തള്ളിയിട്ടുണ്ട്. പല തവണ.
മറൈൻ ഡ്രൈവിലെ ചുംബന
മത്സരത്തെ വെല്ലുന്ന പ്രകടനങ്ങൾക്ക്
അന്നേ ഞങ്ങൾ സാക്ഷിയായിട്ടുണ്ട്.
ബോഗൻ വില്ലകളുടെ പറുദീസയിൽ
നഷ്ടങ്ങളുടെ കണക്കെടുപ്പും
നടത്താം. ഫാൻസി എന്ന കൂട്ടുകാരി
സ്വയം വെന്തു മരിച്ചത് ഈ
കലാലയത്തിൽ പഠിക്കുമ്പോഴായിരുന്നു
എന്നത് മനസ്സിനെ ഇപ്പോഴും
വേവിക്കുന്നു. തറവാട്ടിലെ ചെമ്പരത്തി
വേലികൾക്കിടയിലൂടെ 'ഫാൻസി'
എന്നൊന്ന് നീട്ടി വിളിച്ചാൽ വിളി
കേൾക്കാവുന്ന ദൂരത്ത് അവളില്ലെന്ന്
ചിലപ്പോഴെങ്കിലും ഉള്ള് നീറ്റി.
കോളേജിലെത്തിയാലെങ്കിലും ഒരു
മുഖക്കുരു മുളയ്ക്കണേ എന്ന
എന്റെ പ്രാർത്ഥന ഫാൻസിയ്ക്ക്
മാത്രം അറിയാവുന്ന രഹസ്യം. വെന്തു
കരിഞ്ഞ ഇറച്ചിയുടെ രൂക്ഷഗന്ധമുള്ള
അവളുടെ ശരീരവുമായി എന്റെ
ചെറിയമ്മ ഹോസ്പിറ്റലിൽ പോയ
നടുക്കുന്ന ഓർമ്മകൾ പങ്കുവച്ചത്
പല രാത്രികളിൽ എന്നെയും ഉറക്കം
കെടുത്തി.

എന്റെ പ്രിയപ്പെട്ട കലാലയത്തിലേക്ക്
ആദ്യമായി ചുവട് വച്ചത്
ഫാൻസിയുടേ കൈപിടിച്ചായിരുന്നു.
കോളേജിന്റെ തൊട്ടടുത്തുള്ള

– തൃശൂർ നഗരത്തിലെ തന്നെ
ഏറ്റവും വലിയ സ്കൂളിൽ ഞങ്ങൾ
ഒന്നിച്ചു പഠിച്ചിരുന്നപ്പോഴാണത്.
കോളേജിലെ സ്റ്റാഫായ ഫാൻസിയുടെ
മമ്മിയെക്കാണാൻ വേണ്ടിയായിരുന്നു
ഞാൻ അവളോടൊപ്പം പോയത്.
ലൗ ബേർഡ്സിനെ വളർത്തിയിരുന്ന
കൂടിനോട് ചേർന്ന് ഇടുങ്ങിയ ടാങ്കിൽ
നീന്തിക്കളിച്ചിരുന്ന മത്സ്യക്കുഞ്ഞുങ്ങളെ
അവൾ കൈയിൽ കോരിയെടുത്ത്
എനിക്ക് കാണിച്ചു തന്നു അവിടെ
വച്ച്. കാലങ്ങൾക്ക് ശേഷം
അവളുടെ മമ്മി കണ്ടമാത്രയിൽ
തന്നെ ഒരു തരം ആർത്തിയോടെ
എന്നെ തൊട്ടു നോക്കിയത് ഒരു
തീപ്പൊള്ളലിന്റെ ചൂടോടെയായിരുന്നു.
സമപ്രായക്കാരിയായ മകളെ നഷ്ടപ്പെട്ട
ആ അമ്മമനസ്സിന്റെ ചുട്ടു നീറ്റം
എനിക്കന്ന് ബോധ്യമായി.

കലാലയ ജീവിതത്തെക്കുറിച്ച്
ഓർക്കുമ്പോൾ ഒരിയ്ക്കലും മൺമറഞ്ഞ
ഹീറോകളായ ഗാന്ധിജിയോ,
അബ്രഹാം ലിങ്കനോ, ഫ്രഞ്ച്
വിപ്ലവമോ, ബെർലിൻ റെവല്യൂഷനോ
ഒന്നും ഓർമ്മയിൽ തെളിയുന്നില്ല.
പകരം സ്റ്റേജിൽ കാണിച്ച
കോപ്രായങ്ങളും, ഉടമസ്ഥനില്ലാതെ
കാൻറീനിൽ കണ്ട ഐസ്ക്രീം
പങ്കിട്ട് നുണഞ്ഞതും, എസ്കർഷന്
പോയപ്പോൾ വിസ്മയമുണർത്തിയ
സപ്തസ്വരമണ്ഡപവും, തണുപ്പുള്ള
കൊടൈക്കനാൽ താഴ്വരകളും,
ഡെസ്കിനടിയിൽ ഒളിപ്പിച്ചു വച്ച്
വായിച്ച കജോൾ അജയ് ദേവഗൺ
വിവാഹവിശേഷങ്ങളും മാത്രമാണ്
ആദ്യം ഓർത്തെടുക്കാൻ കഴിയുന്നത്.
ഓണാഘോഷത്തിന്റെ പൂക്കള
മത്സരവും, ക്രിസ്തുമസിന്റെ പുൽക്കൂട്
നിർമ്മാണ മത്സരവും ഒരു പോലെ
ആസ്വദിച്ച ഞങ്ങളെ നഗരത്തിലെ
അനാഥാലയങ്ങളിലേയ്ക്കും
കന്യാസ്ത്രീകൾ കൂട്ടിക്കൊണ്ടുപോയി.
രക്തബന്ധവും, കുടുംബവും എന്നത്
ഈശ്വരന്റെ ദാനങ്ങളാണെന്ന
വലിയ സത്യം ഞങ്ങൾ പഠിച്ചത്
ആ കോൺവെന്റിൽ നിന്നാണ്.
“ലൈഫ് ഈസ് എ പ്രൊസെസ്
ഓഫ് അഡ്ജസ്റ്റ്മെൻറ് ആൻറ് റീ
അഡ്ജസ്റ്റ്മെൻറ്സ്” എന്ന് നൂറ്
തവണ സോഷ്യോളജി ക്ലാസ്സിൽ
ഇമ്പോസിഷൻ എഴുതിയപ്പോഴും
ജീവിതത്തിൽ അഡ്ജസ്റ്റ്മെൻറിന് ഇത്ര
പ്രാധാന്യമുണ്ടെന്ന് മനസ്സിലാക്കിയില്ല.
പോരായ്മകളെയും, ഇല്ലായ്മകളെയും
ഒരു പോലെ സ്വീകരിക്കാൻ ഞാൻ
പഠിച്ചെടുത്തത് അവിടെ നിന്ന്
തന്നെ. കിട്ടാത്തതിനെപ്പറ്റി പരാതി
പറയുന്നതിനേക്കാൾ ലഭിച്ചതിന്റെ
മാറ്റളക്കാൻ എന്നെ പ്രാപ്തയാക്കിയ
എന്റെ കലാലയമേ.... ഇനിയും
ഒരുപാട് മിൽസ് ആൻറ് ബൂൺസ്
ആരാധികമാർ നിനക്കുണ്ടാകട്ടെ.
എന്റെ നിറയൗവ്വനത്തിന്റെ ദൃശ്യങ്ങൾ
വർണ്ണപ്പകിട്ടാക്കിത്തന്ന എന്റെ
കലാലയമേ നന്ദി..!

കഴിഞ്ഞവർഷം പ്രസിദ്ധീകരിക്കപ്പെട്ട
സമാജം അംഗങ്ങളുടെ
പുസ്തകങ്ങൾ

ഗൾഫ് മാധ്യമം സംഘടിപ്പിച്ച മധുരമീ മലയാളം
ഭാഷാ മത്സരത്തിൽ ജൂനിയർ വിഭാഗത്തിൽ ഒന്നാം
സ്ഥാനം നേടിയ മലയാളം പാഠശാല വിദ്യാത്ഥിനി
ഗായത്രി വിപിന്

അഭിനന്ദനങ്ങൾ

സഞ്ജിത്തിനും അരുണിമയ്ക്കും
വിവാഹാശംസകൾ

നുറുങ്ങുകൾ

മിനി ജോജൻ
ഷേബ ബ്യൂട്ടി സലൂൺ, മനാമ

കേശ സംരക്ഷണം

രണ്ട് വലിയ സ്പൂൺ ഒലിവെണ്ണയിൽ അഞ്ചോ, ആറോ തുള്ളീ തേൻ ചേർക്കുക. ഇത് മുടിയിൽ നന്നായി പുരട്ടുക. അര മണീക്കൂറിനു ശേഷം മൈൽഡ് ഷാമ്പൂ ഉപയോഗിച്ച് കഴുകി കളയുക. മുടി തിളങ്ങും.

കാൽ കപ്പ് തൈരിൽ പകുതി മുട്ടവെള്ള ചേർത്ത് തലയിൽ പുരട്ടി അര മണിക്കൂറിനു ശേഷം ഷാമ്പൂ ഉപയോഗിച്ച് വൃത്തിയാക്കണം. പതിവായി ചെയ്താൽ താരൻ അകലും

മുഖകാന്തി സംരക്ഷണം
അലോ-വെര ഫേഷ്യൽ

സൂര്യാതാപം മൂലമുണ്ടാകുന്ന കരുവാളിപ്പിൽ നിന്നും മുഖകാന്തിയെ സംരക്ഷിച്ചു നിറുത്താൻ ഉതകുന്ന ഏറ്റവും അനുയോജ്യമായ മാർഗ്ഗം.

പ്രായാധിക്യത്തിന്റെ ചുളിവുകളെ മറക്കാനും ഇത് വഴി സാധ്യമാകുന്നു

തൊലിപ്പുറത്ത് സംഭവിക്കുന്ന വരുന്ന വ്യതിയാനങ്ങളും വടുക്കളെയും മായ്ച്ചു കളയാൻ നല്ലൊരു മാർഗ്ഗം.

വേനൽക്കാലത്തും, ശൈത്യ കാലത്തും ലഭ്യമായ ഒന്നാണ് കറ്റാർ വാഴ അഥവാ അലോ വെര. വേനൽക്കാലത്ത് കറ്റാർ വാഴയുടെ തണുപ്പ് ശരീര കാന്തിയെ സംരക്ഷിക്കുന്നത് പോലെ തന്നെ ശൈത്യത്തിൽ, ചർമ്മത്തെ വരണ്ടു പോകാതെ സംരക്ഷിക്കുവാനും ഇത് സഹായകമാണ്.

നേത്ര / മുഖ കാന്തി സംരക്ഷണം
കണ്ണിനു താഴെ ഉള്ള കറുപ്പ് നിറം അകറ്റാൻ

ഒരു വലിയ സ്പൂൺ തക്കാളി നീര് കണ്ണുകൾക്ക് താഴെയുള്ള ഭാഗത്ത് പുരട്ടി പതിനഞ്ച് മിനിറ്റ് കഴിഞ്ഞു കഴുകി വൃത്തിയാക്കണം. കറുപ്പ് നിറം അകലും.

രണ്ട് ചെറിയ സ്പൂൺ ഉരുളക്കിഴങ്ങ് നീരിൽ സമം വെള്ളരി നീര് ചേർത്ത് കൺതടത്തിൽ പുരട്ടി 15 മിനിറ്റ് കഴിഞ്ഞ് കഴുകി കളയണം.

രണ്ട് ചെറിയ സ്പൂൺ വെള്ളരി നീരിൽ സമം നാരങ്ങ നീര് ചേർത്ത് കണ്ണുകൾക്ക് താഴെ പുരട്ടി പത്ത് മിനിറ്റ് കഴിഞ്ഞ് കഴുകുക.

ഫേസ്ബുക്ക് സ്റ്റാറ്റസുകൾ

ഹാഷിം ചാരുമ്മൂട്
ഓരോ രണ്ടു വരി സ്റ്റാറ്റസിനു പിന്നിലും എവിടെയുമെഴുതപ്പെടാത്ത ഒരു നെടുനീളൻ പാരഗ്രാഫ് ഉണ്ടായിരിക്കും

രശ്മി മേനോൻ
പ്രണയമെന്നത് എത്രമാത്രം വഞ്ചിക്കപ്പെട്ടാലും എത്രതന്നെ വേദനിപ്പിച്ചാലും എത്ര തന്നെ അപമാനിക്കപ്പെട്ടാലും ആവർത്തിച്ചു കൊണ്ടേയിരിക്കും :)

സീ ജെ
തണുത്ത ഒരു സോഡ മുഴുവൻ ഒറ്റവലിക്ക് കുടിക്കുന്നവർ ആയിരുന്നു കുട്ടിക്കാലത്തെന്റെ ഹീറോസ്

വിപിൻ പാണപ്പുഴ
ചില ഫെമിനിസ്റ്റ് രൂപം പൂണ്ട പ്രൊഫൈലുകളുടെ ഇൻബോക്സ് എന്നത് എലിക്കെണിയാണ് കൊപ്രക്ഷേണം കണ്ട് ആ വഴിക്ക് പോയതേ ഓർമ്മ കാണൂ. പിന്നെ സ്ക്രീൻ ഷോട്ടിൽ പോസ്റ്ററാകും

അഞ്ജു മിനേഷ്
ഒരു പരീക്ഷ ജയിച്ചത് കൊണ്ട് മാത്രം ഇത്രയേറെ അപമാനം സഹിക്കേണ്ടി വന്ന വിദ്യാർത്ഥി ജനത ചരിത്രത്തിൽ വേറെ ഉണ്ടാകുമെന്ന് തോന്നുന്നില്ല

You can relay on us...

ZF

TUV NORD
ISO 9001

An ISO 9001 - 2008 Certified Company

ZARWAN
FIBERGLASS FACTORY
Po Box 40310,Al hamala,Kingdom of Bahrain.
Tel:17600144 Fax:17600273 Mob:39800143
Website:www.boatszarwan.com
Email: zarwan@hotmail.com
zarwangroup@gmail.com

ബാലവേല കൊണ്ട് നഷ്ടപ്പെടുന്ന

കൗമാരം

അഡ്വ. ജോയ് വെട്ടിയാൻ
ബഹ്റൈൻ

പതിനാല് വയസ്സ് വരെയുള്ള എല്ലാ കുട്ടികളെയും ബാലവേലയിൽ നിന്ന് മോചിപ്പിക്കാനുള്ള തീരുമാനം ലോകമാസകലമുള്ള തൊഴിലെടുക്കുന്ന ജനത ദീർഘകാല പോരാട്ടങ്ങളിലൂടെ നേടിയെടുത്തതാണ്. ഇന്ത്യൻ ഭരണഘടനയിലും, 2009-ലെ വിദ്യാഭ്യാസ അവകാശനിയമത്തിലും 2012-ലെ ബാലവേല നിരോധന നിയമത്തിലും ഈ അവകാശം അംഗീകരിക്കപ്പെട്ടിട്ടുണ്ട്. കുഞ്ഞുങ്ങളുടെ ചോരയും മൂലധനമാക്കാമെന്ന് നിയമഭേദഗതിയിലൂടെ കോർപ്പറേറ്റ്ലോകം തെളിയിച്ചു 14 വയസ്സിന് താഴെയുള്ളവരും തൊഴിലാളികളാണ്. കുടുംബ നടത്തുന്ന സംരംഭങ്ങൾ എന്ന് പറയുന്നത് തികച്ചും തെറ്റു ചെയ്യുന്നവർക്ക് രക്ഷപ്പെടാൻ ഒരു വകുപ്പ് മാത്രമാണ്. വ്യവസായ മേഖലയിലെ വിദേശനിക്ഷേപമടക്കമുള്ള ഉദാര നയങ്ങൾ ഇതിന് കൂടുതൽ കരുത്ത് പകരും. തൊഴിൽ ചെയ്യുന്ന കുട്ടികൾ കനത്ത ചൂഷണത്തിന് ഇരയാവും. സ്വഭാവികമായും ദാരിദ്ര്യ-ദളിത് ന്യൂനപക്ഷ വിഭാഗത്തിൽ പെടുന്ന കുട്ടികളാണ് തൊഴിലിൽ ഏർപ്പെടുന്നതിനാൽ അവർക്ക് അവരുടെ മൗലികമായ ബാല്യം നഷ്ടമാകും.

ബാലവേലയുമായി ബന്ധപ്പെട്ട് നിരവധി നിയമങ്ങൾ പ്രമുഖ രാജ്യങ്ങളിൽ നിലവിലുണ്ട്. അന്താരാഷ്ട്ര സംഘടനകളും രൂപം നൽകിയിട്ടുണ്ട്. അതിൽ പരമ പ്രധാനമായ കാര്യം സ്കൂളിൽ പോയി പഠിക്കാൻ പ്രയോജനപ്രേരകമായ നിയമങ്ങളാണ് എവിടെയും കാണാൻ കഴിയുന്നത്. ബാലവേല നിയമം പറയുന്നത് പഠനത്തെ നിഷേധിക്കുന്നതും മാനസികമോ ശാരീരികമായോ സാമൂഹികമായോ ധാർമ്മികമായോ ചൂഷണം ചെയ്യുന്നതുമായ അപകടകരമായ തൊഴിലിൽ ഏർപ്പെടുന്നതുമായ അവസ്ഥയാണ് ബാലവേല. ചൂഷണമായാണ് അന്താരാഷ്ട്രസമൂഹം കാണുന്നത്. യൂണിസെഫിന്റെയും ഇൻറർനാഷ്ണൽ ലേബർ ഓർഗനൈസേഷന്റെയും 2013-ലെ കണക്കനുസരിച്ച് 12 വയസ്സിന് താഴെ ഏർപ്പെടുന്ന ഏത് ജോലിയും, 12 വയസ്സ് മുതൽ 14 വയസ്സ് വരെ ലളിതമല്ലാത്ത ഏതൊരു ജോലിയും ബാലവേലയായി കണക്കാക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. 135 രാജ്യങ്ങൾ ഈ പ്രഖ്യാപനങ്ങൾ അംഗീകരിച്ചിട്ടുണ്ട്. 1992-ൽ ഐക്യരാഷ്ട്ര സംഘടനകൾ ബാലവേല പൂർണ്ണമായും ഇല്ലാതാക്കാനുള്ള പദ്ധതി ഇൻറർ നാഷ്ണൽ പ്രോഗ്രാം ഓൺ ദി ഇലിമിനേഷൻ ഓഫ് ചൈൽഡ് ലേബറിന് തുടക്കം കുറിച്ചു. വികസ്വര രാജ്യങ്ങളിൽ നിലനിൽക്കുന്ന ദാരിദ്ര്യവും സ്കൂളിൽ പോയി വിദ്യാഭ്യാസം നേടുന്നതിന് അനുകൂലവുമായ സാഹചര്യമില്ലായ്മയും ബാലവേല നിർബ്ബന്ധമാക്കുന്നുവെന്ന് യൂണിസെഫ് പറയുന്നു. ദാരിദ്ര്യമനുഭവിക്കുന്ന കുടുംബങ്ങളിൽ 25 മുതൽ 40 ശതമാനം വരെ കുട്ടികളുടെ വരുമാനമാണ്. 2010 കണക്കുകൾ അനുസരിച്ച് നിരവധി ആഫ്രിക്കൻ രാജ്യങ്ങളിൽ 5 വയസ്സിനും 14 വയസ്സിനും ഇടയിൽ ഏകദേശം 50 ശതമാനം ബാലവേലയിൽ ഏർപ്പെടുന്ന കുട്ടികളാണ്. ഏഷ്യയിൽ ആകെ തൊഴിൽ സേനയുടെ 22 ശതമാനവും ആഫ്രിക്കയിൽ 32 ശതമാനവും ലാറ്റിനമേരിക്കയിൽ 17 ശതമാനവും കുട്ടികളാണ്. ഏഷ്യയിൽ 114 കോടിയാണ് തൊഴിൽ മേഖലയിൽ കുട്ടികളുടെ എണ്ണം. പെൺകുട്ടികൾ അധികം പേരും വീട്ടുവേലയ്ക്ക് നിയോഗിക്കപ്പെടുന്നു. തൊഴിലധിഷ്ഠിത വിവേചനം പ്രകടമാണ്. ഇന്ത്യൻ ഭരണഘടനയുടെ അനുച്ഛേദം 24 അനുസരിച്ച് കഠിന ജോലികളിൽ നിന്നുള്ള നിരോധനം മൗലികാവകാശമാണ്. ഇന്ത്യൻ പീനൽ കോഡിലെ വിവിധ നിയമങ്ങൾ ജുവനൈൽ ജസ്റ്റിസ് കെയർ ആൻറ് പ്രൊട്ടക്ഷൻ ഓഫ് ചിൽഡ്രൻ ആക്റ്റ് 2000 പ്രകാരം ബാലവേല നിയന്ത്രിക്കുന്നതിനും നിരോധിക്കുന്നതിനും രൂപപ്പെടുത്തിയ നിയമങ്ങളാണ്. അപകടകരമായ തൊഴിലുകളിൽ കുട്ടികളെ നിയോഗിക്കുന്നത് ക്രിമിനൽ കുറ്റമാണെന്ന് ഇന്ത്യൻ നിയമം വ്യവസ്ഥ ചെയ്യു. 2013-ൽ പഞ്ചാബ്, ഹരിയാന കോടതികൾ ഒരു തരത്തിലുള്ള ബാലവേലയും അനുവദിക്കാനാകില്ലെന്ന് വിധിച്ചു. നിയമങ്ങളുള്ളപ്പോഴും 14

വയസ്സിൽ താഴെയുള്ള കുട്ടികൾ തൊഴിലിലേർപ്പെടുന്ന രാജ്യങ്ങളിൽ ഇന്ത്യ ഒന്നാം സ്ഥാനത്താണ്. ഈ സാഹചര്യത്തിലാണ് ഇന്ത്യ ഭേദഗതിയിലൂടെ നിയമത്തെ ലഘൂകരിക്കുന്നത്. വിദ്യാഭ്യാസ അവകാശ നിയമത്തിനും ബാലാവകാശത്തിനും മനുഷ്യാവകാശത്തിനും എതിരാണ് ഈ നിയമഭേദഗതി. വീടുമായി ബന്ധപ്പെട്ട തൊഴിലുകളും വിനോദവുമായി ബന്ധപ്പെട്ട തൊഴിലുകളും എളുപ്പത്തിൽ ദുർവ്യാഖ്യാനം ചെയ്ത് ഉപയോഗിക്കാവുന്ന സാഹചര്യം നിലവിലുണ്ട്. തൊഴിലിനെ ആധാരമാക്കി ജാതി വ്യവസ്ഥ പുന:സ്ഥാപിക്കാനും ഇത് വഴിതെളിക്കും. ജാതിയുടെ അടിസ്ഥാനത്തിൽ പരമ്പരാഗത തൊഴിലിൽ കുട്ടികളെ തളച്ചിടുന്ന അവസ്ഥയും ഈ ഭേദഗതിയിലൂടെ ഉണ്ടാകാനിടയുണ്ട്. വിനോദവ്യവസായമെന്നത് ദുരുപയോഗിക്കാൻ എല്ലാവിധ സാധ്യതയുള്ള പ്രയോഗമാണ് ഉദാഹരണത്തിന് ടൂറിസവുമായി ബന്ധപ്പെട്ട് കിടക്കുന്ന തൊഴിലവസരങ്ങൾ വിനോദ വ്യവസായ തൊഴിലവസരങ്ങൾ എന്ന് ദുർവ്യാഖ്യാനം ചെയ്ത് ഉപയോഗിക്കാം. പല രാജ്യങ്ങളിലും വേശ്യാവൃത്തി ടൂറിസവുമായി ബന്ധപ്പെട്ട ലാഭ സാധ്യതയുള്ള വിനോദ വ്യവസായമാണ്. ലോകമാകെയുള്ള ദരിദ്രരിൽ 27 ശതമാനം ജനത ജീവിക്കുന്ന ഇന്ത്യയിൽ മേൽ പ്പറഞ്ഞ വിനോദ വ്യവസായത്തിലേക്ക് തള്ളിവിട്ട് വേശ്യാവൃത്തിക്ക് സാഹചര്യമൊരുക്കുകയാണ് ഈ ഭേദഗതി വഴിവയ്ക്കുന്നത്.

INDUCTION

BKS-SUWAIKET
OPEN DOUBLES BADMINTON TOURNAMENT
Main Sponsor
ERAM FLOORS

BKS
2015

BKS-SUWAIKET
Main Sponsor
ERAM FLOORS

THE BAHRAIN KERALEEYA SAMAJAM
Grand
Farewell

SEND & WIN

Get a chance **to win**
monthly **prizes**
and enter our **Mega draw**

MOKOPC 4404-2015

MoneyGram. money transfer

Turbo Cash

Turbo Remit

Turbo Money

MoneyGram and the Globe are marks of MoneyGram. All other marks are the property of their respective owners

*Terms and Conditions Apply

www.zenjex.com

ZENJEX شركة الزنج للصرافة
For Advance Remittance Services لخدمات التحويل المتطورة
Tel.: 17217008

Bab Al Bahrain: 17200062, Gudaibya: 17290188, Hamad Town: 17414200. Hoora: 17296710, Isa Town: 17682345, Manama: 17224352, Muhhraq II: 17008502
Muharraq: 17343813, Rasuruman: 17281066, Riffa: 17779530, Salmabad: 17783528, Salmaniya: 17256061, Sh.Isa Avenue: 17255017, Zarariya: 17009502

صالون شيباللتجميل

sheba
beauty salon
Ladies Only

For Reservation
39279166

Gudabiya Avenue
Opposite Kuwaity Building
Manama - Kingdom of Bahrain

www.shebasalon.com

- Hair Styles & Make up
- Hair Straightening & Keratin
- Hair Coloring
- Blow Drier
- Hair Curling
- Tamalese & Relax
- Threading
- Waxing
- Manicure & Pedicure
- Nail Polish
- Facial & Face Treatment
- Massage
- Ear Piercing
- Henna Designing

Cut

Hair

Style

Open Daily
From 9.00 am to 8.00 pm
Outdoor Service Available

Wholesale & Retail

Tiles, Granites, Marble
Sanitary wares &
Bathroom Accessories

T : +973 17820825
F : +973 17820826
M : +973 36522630

Exquisite Designs

مؤسسة يونيبيس للتجارة

Unibiz
TRADING

Hamala Road, Hamad Town
Kingdom of Bahrain

info@unibizglobal.com
www.unibizglobal.com